TAB

# TRICHUR ARCHDIOCESAN BULLETIN

2022 മെയ് വാല്യം: 89 ലക്കം: 05




മത്തായി 28: 16-20 (പ്രേഷിതദൗത്യം)

# ആദരാഞ്ജലികൾ



## റവ. ഫാ. ആന്റണി ഐനിക്കൽ (89)



ജനനം : 08-10-1932
തിരുപ്പട്ടം : 13-03-1960
മരണം :17-04- 2022



Trichur Archdiocesan Bulletin TAB
ESTD: 1934

**മെയ് 2022**
ലക്കം: 05 വാല്യം: 89

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary’s Orphanage Press

*Published from*
Archbishop’s House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 22 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 31 |
| സഹായമെത്രാന്റെ പരിപാടികൾ | 33 |
| നാളാഗമം | 35 |
| നാമകരണ നടപടികൾ | 42 |
| വൈദികർ | 46 |
| സന്യസ്തർ | 51 |
| അതിരൂപത തീർഥകേന്ദ്രം | 59 |
| മതബോധനം | 61 |
| സ്ഥാപനങ്ങൾ | 71 |
| സംഘടനകൾ | 89 |

# സർക്കുലർ

**പി.ഒ.സി.**
**കേരള കത്തോലിക്കാ**
**സഭയുടെ ആസ്ഥാന**
**കാര്യാലയം**

Ref: 3540/K-5/KCBC/OL/DS
26.07.2021

**കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2022**

യേശുവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

2022 ലെ അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. വിശുദ്ധ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥംവഴി എല്ലാവർക്കും അനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു..

ലോകം അതിജീവനത്തിന്റെ പാതയിലാണ്. കഴിഞ്ഞ രണ്ട് വർഷകാലം ലോകത്തെയാകമാനം നിശ്ചലമാക്കുകയും ദുരിതത്തിലാക്കുകയും ചെയ്ത മഹാമാരിയുടെ ദിനങ്ങൾക്ക് ഏതാണ്ടൊരു ശമനമുണ്ടായിരിക്കുകയാണ്. ഈ ദുരിതത്തിന്റെ വേദനകൾ ഏറ്റവും കൂടുതൽ ഏറ്റു വാങ്ങിയവരാണ് അസംഘടിത തൊഴിലാളികൾ. ഈവർഷത്തെ മെയ്ദിനത്തെ എല്ലാവരും പ്രതീക്ഷയോടെയാണ് വരവേല്ക്കുന്ന തെങ്കിലും യുക്രെയിൻ യുദ്ധം പ്രത്യാശയിൽ കരിനിഴൽ വീഴ്ത്തിയിരിക്കുകയാണ്. എത്രയുംവേഗം യുദ്ധം അവസാനിച്ച് ഈമേഖലയിൽ സമാധാനം പുലരട്ടെയെന്നു പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പയോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം കൂദാശകളിൽനിന്നും ദൈവാലയത്തിൽ നിന്നും തിരുകർമ്മങ്ങളിൽനിന്നുമൊക്കെ നാളിതുവരെ കേട്ടിട്ടില്ലാത്തവിധം അകന്നു കഴിഞ്ഞിരുന്ന ഒരു കാലത്തിനുശേഷം വീണ്ടും കൂദാശകളോടും അൾത്താരയോടും പതുക്കെപതുക്കെ അടുത്തുവരുന്ന കാലഘട്ടം. ഇങ്ങനെ എല്ലാമേഖലകളിലുമുള്ള തിരിച്ചുവരവിനു ലോകം മുഴുവൻ ഒരുങ്ങുകയാണ്.

ഈവേളയിൽ 2023 ലെ മെത്രാൻ സിനഡിനായി പരിശുദ്ധ പിതാവിന്റെ നേതൃത്വത്തിൽ ആഗോളസഭ ഒന്നാകെ ഒരുങ്ങുകയാണ്. ഈവർഷത്തെ മെയ്ദിനസന്ദേശത്തിൽ പ്രധാനമായും ചർച്ചചെയ്യുന്നത് സിനഡിനെ സംബന്ധിച്ചാണ്. ആഗോളസഭയെ ഒരു സിനഡൽ സഭയായി മാറ്റുക എന്നതാണ് മെത്രാൻ സിനഡിന്റെ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ വഴി ലക്ഷ്യം വയ്ക്കുന്നത്. തിരുസഭയെ ഒരു തീർത്ഥാടക സമൂഹമായിട്ടാണ് രണ്ടാം വത്തി ക്കാൻ കൗൺസിൽ വിശേഷിപ്പിച്ചിരിക്കുന്നത്. 'സിനഡ്'എന്ന വാക്കിന്റെ മൂലാർത്ഥം ഒരുമിച്ചുള്ള യാത്രയെന്നാണ്. സിനഡൽ സഭയെന്നാൽ മാർപാപ്പയും മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായരും ഒരുമിച്ച് സഞ്ചരിക്കുന്ന തീർത്ഥാടക സമൂഹം എന്നതാണ്. ദൈവജനം എല്ലാവരും സഹയാത്രികരാണ്.

2021 ഒക്ടോബർ 10–ന് സിനഡിന്റെ ഒരുക്കത്തിന് തുടക്കം കുറിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ വളരെ പ്രസക്തമാണ്. 'സഹയാത്രികരായി സഭയെ വിശുദ്ധീകരിക്കാനുള്ള ദൗത്യത്തിൽ സജീവമായി പങ്കു ചേരാൻ ലോകംമുഴുവനുമുള്ള ദൈവജനമേ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു'. ഈ വാക്കുകളിലൂടെ സഭയുടെ സർവമേഖലകളിലും വിശുദ്ധീകരണം ആവശ്യമാണെന്നും അതിൽ തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിശ്വാസികൾക്കും സജീവഭാഗഭാഗിത്വം വഹിക്കാനുണ്ടെന്നുമാണ് പാപ്പ പറയുന്നത്. പരിശുദ്ധ പിതാവിന്റെ ആഹ്വാന പ്രകാരം സിനഡിനായി ഒരുങ്ങുന്ന വേളയിൽ തൊഴിലാളികളെ ഇടവക തലംമുതൽ സിനഡൽ പ്രക്രിയയിൽ ഗൗരവപൂർവ്വം ഉൾച്ചേർക്കേണ്ടതായിരിക്കുന്നു. സിനഡൽ പ്രക്രിയയിൽ എല്ലാവരെയും ഉൾച്ചേർക്കാനായി രണ്ട് ഘട്ടങ്ങളായുള്ള പ്രവർത്തനങ്ങളാണ് സിനഡൊരുക്കവുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ആദ്യഘട്ടത്തിൽ എല്ലാവരെയും, വിശിഷ്യാ പലകാരണങ്ങൾകൊണ്ടും സഭാപ്രവർത്തനങ്ങളുടെ മുഖ്യധാരയിൽനിന്നും അകന്നുനില്ക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനെ സംബന്ധിച്ചാണ്. നേരിൽകാണുക (encounter), ശ്രദ്ധാപൂർവ്വം കേൾക്കുക (listen), വിവേചിച്ചറിയുക (discernment) എന്ന മൂന്ന് തലത്തിലുള്ള പ്രവർത്തനരീതിയാണ് ആദ്യഘട്ടത്തിൽ പ്രായോഗികമാക്കേണ്ടത്.

ഇടവകകളിലെ എല്ലാ തൊഴിലാളികളുടെ പക്കലേക്കും സഭയുടെ അജപാലനത്തിന്റെ കരുതൽ എത്തിച്ചേരണം. തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതസാഹചര്യങ്ങൾ വിശദമായി ഉൾക്കൊള്ളണം. ഇതാണ് മുഖാമുഖംകാണൽ എന്നതുകൊണ്ട് സഭാമാതാവ് ഉദ്ദേശിക്കുന്നത്.

രണ്ടാമത്തേതാണ് അവരെ ശ്രദ്ധാപൂർവ്വം ശ്രവിക്കൽ. എല്ലാ വിശ്വാസികളെയും തിരുസഭ കേൾക്കുവാൻ ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി തൊഴിലാളികളെ ഗൗരവത്തോടെ കേൾക്കാൻ നാം തയ്യാറാകണം. തൊഴിലാളികളുടെ ജീവിതത്തെയും അവരുടെ ദൈനംദിന പ്രശ്നങ്ങളെയും കരുണാപൂർവ്വം ശ്രവിക്കണം. സഭയിൽനിന്നും അവർ എന്ത് പ്രതീക്ഷിക്കുന്നുവെന്ന് അറിയണം. അതോടൊപ്പം അവരുടെ അഭിപ്രായത്തിൽ സഭാസംവിധാനങ്ങൾ എങ്ങനെയാണെന്നും, ഇക്കാര്യത്തിൽ അവരുടെ പ്രതീക്ഷ എന്താണെന്നും കേൾക്കണം. ഇതിന്റെ തുടർച്ചയാണ് മൂന്നാമത്തെ തലം. കണ്ടുമുട്ടലിലൂടെയും ശ്രവിക്കലിലൂടെയും മനസ്സിലാക്കിയ കാര്യങ്ങൾ വിവേചി ച്ചറിയലാണ് അത്. കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ കാര്യ ങ്ങൾ ദൈവാരൂപിയുടെ നിറവിൽ വിവേചിച്ചറിയലാണത്. ഓരോ ഇടവക യിലും രൂപതാതലത്തിലും കൂട്ടായ ചർച്ച നടക്കണം. അതുവഴി സിനഡൽ സഭയിൽ തൊഴിലാളികളെ ഉൾച്ചേർക്കാനുള്ള ആശയവും പ്രവർ ത്തന പദ്ധതിയും രൂപപ്പെടുത്തണം.

തുടർന്നാണ് സിനഡൽ സഭയുടെ രൂപപ്പെടലിന്റെ അടുത്തഘട്ടത്തിലേക്ക് കടക്കുന്നത്. സഭാസംവിധാനങ്ങൾ തൊഴിലാളിയുടെ കൂടെ സഞ്ചരിക്കാൻ തുടങ്ങണം. സിനഡൽ സഭയെ രൂപപ്പെടുത്താനായി മുഴുവൻ ദൈവജനത്തിന്റെയും ഒത്തൊരുമ (communion), പങ്കാളിത്തം (participation), പ്രേഷിതദൗത്യം (mission) എന്നിവയിലധിഷ്ഠിതമായി സഭാസംവിധാനങ്ങളെ പൂർണ്ണമായും പുനഃക്രമീകരിക്കാനാണ് പരിശുദ്ധപിതാവ് രണ്ടാംഘട്ടത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

കൂടെ നടന്നുകൊണ്ട് അവരെ ഒത്തൊരുമയിലേക്ക് വളർത്തണം. കൂടെനടക്കലിന്റെ കരുത്തിനെയും സാദ്ധ്യതകളെയും കുറിച്ച് വിശുദ്ധഗ്രന്ഥത്തിലെ എമ്മാവൂസ് അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഇടവകതലം മുതൽ നടത്തപ്പെടുന്ന സിനഡൊരുക്ക പ്രവർത്തനങ്ങൾ എല്ലാ തൊഴിലാളികൾക്കും എമ്മാവൂസ് അനുഭവമായി മാറണം. അതിന്റെ ആദ്യപടിയായി ഒത്തൊരുമയ്ക്കായി തൊഴിലാളികളെ സംഘം ചേർക്കണം. സംഘബോധം ഉളവാക്കണം. തൊഴിലാളികൾ തമ്മിൽത്തമ്മിലും സഭാസംവിധാനങ്ങളുമായും ഒന്നുചേർന്നുചിന്തിക്കാനും, പ്രവർത്തിക്കാനും, ജീവിക്കാനും ഉള്ള അവസരം രൂപപ്പെടുത്തണം.

ഇതിന്റെ അടുത്തപടിയാണ് പങ്കാളിത്തം. സഭയിലെ സംവിധാനങ്ങളിലും സഭയുടെ വിവിധശുശ്രൂഷകളിലും പങ്കാളിത്തം ലഭ്യമാക്കണം. സംഘബോധത്തിലൂടെയും പങ്കാളിത്ത നടപടികളിലൂടെയും പ്രേഷിതാഭിമുഖ്യം തൊഴിലാളികൾക്ക് ലഭിക്കും. അതിനെതുടർന്ന് യേശുവിന്റെ പ്രേഷിതരായി മാറുകയും ചെയ്യുന്നു.

പരിശുദ്ധപിതാവ് ആവശ്യപ്പെടുന്നത് സിനഡൊരുക്കത്തിന്റെ പ്രവർത്തനങ്ങൾ കത്തോലിക്കരിൽ മാത്രം ഒതുക്കരുതെന്നാണ്. ഇതര ക്രൈസ്തവ വിഭാഗങ്ങളുമായും ഇതര മതവിശ്വാസികളുമായും മാത്രമല്ല ഈശ്വരനിൽ വിശ്വസിക്കാത്തവരുമായും സംഭാഷണങ്ങൾ നടത്തണമെന്നാണ്. എല്ലാവരുമായും പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ മാനവരാശിയുടെ സമഗ്ര വികസനത്തിനായി യോജിച്ചു പ്രവർത്തിക്കേണ്ടതാണ്. അതോടൊപ്പം പരിസ്ഥിതിയും പ്രകൃതിയുമായുള്ള പാരസ്പര്യവും കാത്തുസൂക്ഷിക്കേണ്ടതുമാണ്. 'ലൗദാത്തോസി'യിലൂടെയും 'ഫ്രത്തേലിതൂത്തിയി'ലൂടെയും ഇക്കാര്യം വിശദമായി പാപ്പ പഠിപ്പിക്കുന്നുണ്ട്.

സിനഡൽ സഭയുടെ ആവിർഭാവത്തിനായി മുന്നൊരുക്ക രേഖകളിൽ സൂചിപ്പിക്കുന്ന രണ്ടുഘട്ടങ്ങളിലായി ആറ് തലങ്ങളിൽ പൂർത്തിയാകുന്ന പ്രവർത്തന പരിപാടികൾ തൊഴിലാളികളുടെ മദ്ധ്യേ പ്രയോഗ വല്ക്കരിക്കാൻ പുതിയ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനേക്കാൾ ഉചിതം നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ്. സിനഡൽസഭയുടെ ദർശനം നിലവിലുള്ളതിൽ ഉൾച്ചേർത്താൽ മതിയാകും.

കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ ഔദ്യോഗിക തൊഴിലാളി സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനും വികസനത്തിനുമായിട്ടാണ് കെ.എൽ.എം. പ്രധാനമായും പ്രവർത്തിച്ചുവരുന്നത്. കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ എട്ട് തൊഴിലാളി ഫോറങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. സർക്കാരിൽ രജിസ്ട്രർ ചെയ്തിട്ടുള്ളത് മൂലം സർക്കാരുകളുടെ തൊഴിലാളി ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളാക്കി മാറ്റാൻവേണ്ട ഒത്താശകൾ നല്കാൻ കെ.എൽ.എം. നു കഴിയുന്നുണ്ട്. കോവിഡ് കാലത്തും സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്താൻ ഈ സംഘടനയ്ക്ക് കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്.

കെ.എൽ.എം.ന്റെയും തൊഴിലാളി ഫോറങ്ങളുടെയും പ്രവർത്തനങ്ങൾ എല്ലാ രൂപതകളിലേക്കും ഇടവകകളിലേക്കും എല്ലാതൊഴിലാളികളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. തൊഴിലാളികളുടെ ഒത്തൊരുമയോടെയും പങ്കാളിത്തത്തോടെയും സിനഡൽ ഇടവകകളും രൂപത

കളും രൂപപ്പെടുത്താൻ കെ.എൽ.എം. പ്രവർത്തനം വഴി സാധിക്കുന്നതാണ്. അതുവഴി തൊഴിലാളികളെ പ്രേഷിത ചൈതന്യമുള്ളവരായി മാറ്റാൻ സാധിക്കും.

കേരളത്തിലെ രൂപതകളിലെയും സന്യാസസമൂഹങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾക്കുള്ള നയരേഖ (People Management Policy) കെ.സി.ബി.സി. പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. തിരുസ്സഭയുടെ സാമൂഹികപ്രബോധനത്തിലും രാജ്യത്തെ തൊഴിൽ നിയമങ്ങൾക്കുമനുസൃതമായിട്ടാണ് ഇത് തയ്യാറാക്കപ്പെട്ടിരിക്കുന്നത്. സിനഡിനൊരുങ്ങുന്ന ഈ വർഷത്തിൽ കേരളത്തിലെ എല്ലാ രൂപതകളിലെയും സന്യാസസമൂഹങ്ങളിലെയും സ്ഥാപനങ്ങളിൽ ഇത് പ്രാബല്യത്തിൽ വരുത്താനുള്ള നടപടികൾ ഉണ്ടാകുന്നത് എന്തുകൊണ്ടും പ്രസക്തമാണ്. സിനഡൽ സഭയായിതീരാനുള്ള പ്രവർത്തനങ്ങളിൽ ഒരു ചുവടുവയ്പായി ഇതു മാറും. ഈ പ്രവർത്തനങ്ങൾ ക്കാവശ്യമായ ഒത്താശകൾ കെ.എൽ.എം. നൽകുന്നതാണ്. 2022 ജനുവരി 1 മുതൽ ഈ നയരേഖ കെ.സി.ബി.സി. ആസ്ഥാനത്ത് നടപ്പിലാക്കിയെന്നത് മാതൃകാപരവും അഭിനന്ദനാർഹവുമായ കാര്യമാണ്.

പൊതുസമൂഹവുമായുള്ള സംഭാഷണം സിനഡാത്മക സഭയുടെ ഒരു പ്രധാന സവിശേഷതയാണ്. കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞുള്ള പ്രവർത്തനങ്ങൾ ഫലപ്രദവും കാര്യക്ഷമവുമായ സുവിശേഷസാക്ഷ്യത്തിന് അനിവാര്യഘടകമാണെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധിപ്പി ക്കുന്നത്. തൊഴിലാളികളുടെ ഇടയിലുള്ള ഇടപെടലിന് രാജ്യത്തെ തൊഴിൽ സാഹചര്യങ്ങളെക്കുറിച്ചുള്ള അവബോധവും അനിവാര്യമാണ്. കാരണം ഈ സാഹചര്യത്തിലാണല്ലോ തൊഴിലാളികൾ ജീവിക്കുന്നത്.

കോവിഡ്കാലം അസംഘടിത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറെ ദുരിതപൂർണ്ണമാണ്. തൊഴിലില്ലാതായി, വരുമാനത്തിൽ വലിയതോതിൽ ഇടിവ് തട്ടി, എന്നാൽ കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്നും കാര്യമായ സമാശ്വാസ നടപടികൾ ഒന്നുംതന്നെ ഉണ്ടായില്ലായെന്നതാണ് ഖേദകരം. മറ്റെല്ലാ രാജ്യങ്ങളിലുംതന്നെ തൊഴിൽ നഷ്ടപ്പെട്ടവർക്ക് നേരിട്ട് പണം നല്കുകയുണ്ടായി. സാമ്പത്തിക വിദദ്ധരും ട്രേഡ് യൂണിയനുകളും ഒക്കെ തൊഴിലാളികൾക്ക് നേരിട്ട് പണം കൊടുക്കണമെന്നാവശ്യം ഉന്നയിച്ചിട്ടും കേന്ദ്രസർക്കാർ അത് പരിഗണിച്ചില്ല. മാത്രമല്ല, അന്യായമായ വിധത്തിൽ ഇന്ധനവില വർദ്ധിപ്പിക്കാനായിരുന്നു ശ്രമിച്ചത്. ഇത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വിലക്കയറ്റം അസംഘടിത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇരുട്ടടിയായി മാറിയിരി

ക്കുകയാണ്.

അതോടൊപ്പം കാർഷികനിയമങ്ങളിലും തൊഴിൽനിയമങ്ങളിലും ഭേദഗതികൾ വരുത്തുകയുണ്ടായി. തൊഴിലാളികൾ ഉൾപ്പെട്ട ബന്ധപ്പെട്ടവരോട് മാത്രമല്ല പാർലിമെന്റിൽ പോലും ആവശ്യമായ ചർച്ചകൾ നടത്താതെ അനാവശ്യ തിടുക്കത്തിലാണ് പാസ്സാക്കിയിട്ടുള്ളത്. ഈ നിയമങ്ങൾ കർഷക – തൊഴിലാളി വിരുദ്ധങ്ങളാണെന്ന ആക്ഷേപം പ്രാരംഭംമുതൽ ഉണ്ടായിരുന്നു. ഏതായാലും, ഒരു വർഷക്കാലം നീണ്ടുനിന്ന ത്യാഗോജ്ജ്വലമായ സഹന സമരത്തിലൂടെ പുതിയ കർഷകനിയമങ്ങളെ പിൻവലിപ്പിക്കാൻ കർഷകർക്ക് സാധിച്ചു എന്നത് അഭിനന്ദനാർഹമാണ്. അതുപോലെതന്നെ പുതിയ തൊഴിൽ നിയമങ്ങളിലെ തൊഴിലാളി വിരുദ്ധഭാഗങ്ങൾ വേണ്ടത്ര കൂടിയാലോചന നടത്തി ഭേദഗതിചെയ്തിട്ട് മാത്രം നടപ്പിലാക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നതാണ് ഉചിതം.

കേരളത്തിൽ കോവിഡ്കാലത്ത് ഭക്ഷ്യകിറ്റ് വിതരണത്തിലൂടെയും സമാശ്വാസ ധനവിതരണത്തിലൂടെയും സംസ്ഥാനസർക്കാരിന്റെ പരിമിതികളിൽനിന്നുകൊണ്ട് നല്ലപ്രവർത്തനം നടത്താൻ സാധിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ അസംഘടിത തൊഴിലാളികളോടുള്ള പരിഗണനയിൽ ഇടിവ് തട്ടിയിട്ടുണ്ടെന്ന ആക്ഷേപം വ്യാപകമാണ്. പല തൊഴിലാളി ക്ഷേമനിധികളുടെയും തനത് ഫണ്ട് സർക്കാർ വായ്പയായി എടുത്തതുമൂലം ക്ഷേമനിധിയിൽ നിന്നുള്ള പെൻഷൻ ഉൾപ്പടെയുള്ള ആനുകൂല്യങ്ങളുടെ വിതരണം നടക്കുന്നില്ലായെന്ന പരാതിയുണ്ട്. എല്ലാവർഷവും അസംഘടിത തൊഴിലാളികൾക്ക് ലഭിക്കുന്ന പെൻഷൻ വർദ്ധിപ്പിക്കുമെന്ന സർക്കാരിന്റെ ഉറപ്പ്, ഈ വർഷം ലംഘിക്കപ്പെട്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് അനുകൂലമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്.

കയറ്റിറക്ക് മേഖലയിലെ നോക്കുകൂലിപോലെയുള്ള ചില തെറ്റായ പ്രവണതകൾക്കെതിരെ ട്രേഡ് യൂണിയനുകളും രാഷ്ട്രീയ കക്ഷികളും സർക്കാരും ഒന്നിച്ച് മുന്നോട്ട് പോകുന്നത് നല്ല കാര്യമാണ്. നോക്കുകൂലി എന്ന അസ്വീകാര്യ സംഗതി കയറ്റിറക്ക് മേഖലയിൽ മാത്രമേ ഉള്ളോ എന്നു പരിശോധിക്കേണ്ടതാണ്. അദ്ധ്വാനിക്കാതെ അന്യായമായി പണം ഈടാക്കുന്നത് ഏതു രീതിയിലാണെങ്കിലും അതിനെ നോക്കുകൂലിയുടെ ഗണത്തിൽതന്നെ ഉൾപ്പെടുത്തേണ്ടതാണ്. പൗരന്മാർക്കുള്ള സേവനങ്ങൾ നിവർത്തിച്ചു കൊടുക്കാൻ ചില സർക്കാർ ഉദ്യോഗസ്ഥന്മാർ വാങ്ങുന്ന കൈക്കൂലി ഒരുതരത്തിൽ നോക്കുകൂലി തന്നെയാണ്. അതുപോലെതന്നെ സ്കാനിങ് ഉൾപ്പടെ

യുള്ള വൈദ്യപരിശോധനകൾക്കും മരുന്നുകൾക്കും ഡോക്ടർമാർക്ക് ലഭിക്കുന്ന കമ്മീഷനുകളും ഈ ഗണത്തിൽതന്നെ ഉൾപ്പെടുന്നു. ജോലി ചെയ്യാതെ കൂലിവാങ്ങുന്നതും അന്യായമായി അധികകൂലി നിർബ്ബന്ധിച്ചു വാങ്ങുന്നതും അനർഹമായത് വളഞ്ഞ മാർഗത്തിൽ നേടിയെടുക്കുന്നതും ധാർമ്മികതയ്ക്കും സമൂഹത്തിന്റെ സുസ്ഥിതിക്കും എതിരാണ്. ഇത്തരം അനാശാസ്യ പ്രവണതകളെ നിയന്ത്രിക്കാനുള്ള സമഗ്രനിയമം രൂപീകരിക്കേണ്ടിയിരിക്കുന്നു.

തൊഴിലാളിദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ദിവ്യബലി, സെമിനാറുകൾ, ചർച്ചാസമ്മേളനങ്ങൾ നടത്തുന്നത് നല്ലതാണ്.

വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ 'നസ്രത്തിലെ ആശാരിപ്പുരയിലെ പ്രശാന്തത നിങ്ങളുടെ ജോലിയിടങ്ങളിൽ നിറഞ്ഞു നില്ക്കട്ടെ' എന്നാശംസിക്കുന്നുണ്ട്. പാപ്പാ ഉദ്ദേശിക്കുന്ന 'ആശാരിപ്പുരയിലെ പ്രശാന്തത'യ്ക്കായി എല്ലാ തൊഴിലാളികൾക്കും മികച്ച തൊഴിലവസരങ്ങളും, ന്യായമായ കൂലിയും, സാമൂഹിക സുരക്ഷയും, മതിയായ വിശ്രമവും ലഭ്യമാക്കേണ്ടതാണ്. ഇത് തൊഴിൽ ദാതാക്കളുടെ ഉത്തരവാദിത്തമാണ്. അതോടൊപ്പം തൊഴിലാളി തന്റെ തൊഴിലിനെയും തൊഴിൽ ദാതാവിനെയും സ്നേഹിക്കുന്നതോടൊപ്പം സത്യസന്ധതയോടെയും ആർജ്ജവത്തോടെയും തൊഴിൽ ചെയ്യേണ്ടതാണെന്നും തൊഴിലാളികളെ ഈ ദിനം ഓർമ്മപ്പെടുത്തുന്നു.

സിനഡൽ സഭയെ രൂപപ്പെടുത്തുന്നതിനായി തൊഴിലാളികൾക്കൊപ്പം നമുക്ക് സഞ്ചരിക്കാം.

**ബിഷപ്പ് അലക്സ് വടക്കുംതല**
ചെയർമാൻ, കെ.സി.ബി.സി., ലേബർ കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ

---

*പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി – 682 025*

NB: 2022 ഏപ്രിൽ 24 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്

# PASTORAL LETTER

## MAR ANDREWS THAZHATH

772/2022 C- 3
23.03.2022

### CIRCULAR ON THE CONSTITUTION OF THE 18th PRESBYTERAL COUNCIL OF THE ARCHDIOCESE OF TRICHUR

Dear Very Reverend and Reverend Fathers,

Since the period of 17th Presbyteral Council is terminated, I hereby decide to constitute the new one for a period of three years **(2022-2025)** as per the constitution. Membership in the Presbyteral Council will be in Ex-Officio, Elected and Nominated categories.

**I. Ex-officio**

1. Archbishop
2. Proto-Syncellus
3. Syncelli
4. Judicial Vicar
5. Chancellor
6. Finance Officer
7. Minor Seminary Rector
8. Major Seminary Rector
9. Director of Catechism
10. Corporate Manager
11. Religious Major Superiors
    a. Provincial CMI
    b. Provincial O' Carm

**II. Elected**

1. Representatives of the Archdiocesan priests elected from groups divided according to age of Sacerdotal Ordination (one member from a group). Thus the Archdiocesan priests are distributed into 21 groups as in the following list.
2. One priest elected from each Forane as Forane Representative
3. Representatives of the other diocesan or religious priests working in the Archdiocese (two members). They are listed in the 22nd group.

**III. Nominated members :** Priests nominated by the Archbishop will be included in this category**.**

You are given a list of priests grouped as mentioned above. You are hereby requested to elect **one priest** from **each group** of the Archdiocesan Priests (groups 1-21) and **two priests** from the group of other priests working in the Archdiocese (group 22). For convenience a paper with the number of groups is attached herewith. You shall write the name of your choice against the respective number of the group. Please send the paper duly filled and signed by return post/whats app/Email **before 20th April, 2022**.

**Address for posting :** **Whatsapp number : 8848117486**
**The President, Email : infocuriatcr@gmail.com**
**Presbyteral Council, Catholic Archbishop's House,**
**Trichur- 680 005.**

An election committee is constituted to conduct the required election. The committee includes besides me (President) and the Secretary (V. Rev. Msgr. Jose Konikkara Jr.), Msgr. Jose Vallooran, V. Rev. Fr. Koonamplakkal Jaison, Rev. Fr. Joseph Vaikkadan, Rev. Fr. Shijo Chiriyankandath.

With prayerful wishes and cordial blessings,

+ Andrews Thazhath

**Mar Andrews Thazhath**
Metropolitan Archbishop of Trichur

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

795/2022 C- 4
24.03.2022

### മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വ ജൂബിലിയാചരണവും പാലയൂർ മഹാതീർത്ഥാടന ജൂബിലിയും

യേശുവിന്റെ ധീര അപ്പസ്തോലനായ മാർ ത്തോമാ ശ്ലീഹായിൽനിന്നും വിശ്വാസവെളിച്ചം സ്വീകരിക്കാൻ ഭാഗ്യം ലഭിച്ചവരാണല്ലോ ഭാരതീയരായ നാം. അപ്പസ്തോലന്മാരാൽ സ്ഥാപിക്കപ്പെട്ട ലോകത്തിലെ പൗരാണിക സഭകളിൽ ഒന്നാണ് നമ്മുടേത്. മാർ തോമാശ്ലീഹാ ഭാരതത്തിൽ സ്ഥാപിച്ച ക്രിസ്തീയസമൂഹങ്ങളിൽ പ്രമുഖസ്ഥാനം അലങ്കരിക്കുന്ന പാലയൂർ നമ്മുടെ അഭിമാനമാണ്. മാർത്തോമാശ്ലീഹായിൽ നിന്നും തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട വിശ്വാസം കാത്തുസൂക്ഷിക്കുവാനും വിശ്വാസജീവിതത്തിന്റെ സാക്ഷികളായി മാറുവാനും വിശ്വാസം പകർന്നു കൊടുക്കുവാനും നമുക്ക് കടമയുണ്ട്.

മാർതോമാശ്ലീഹായുടെ മക്കളായ സീറോമലബാർ സഭാംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം ഈ വർഷം വളരെ പ്രാധാന്യമുള്ളതാണ്. മാർത്തോ

മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷി കത്തിന്റെ ജൂബിലി (എ.ഡി. 72–2022) ഈ വർഷമാണ് ആചരിക്കുന്നത്. ഭാരത ക്രൈസ്തവസഭയുടെ ഈറ്റില്ലമായ തൃശ്ശൂർ ജില്ലയിലെ പാലയൂരിലാണ് പാരമ്പര്യമനുസരിച്ച് മാർതോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തന ത്തിന്റെ പ്രാരംഭകേന്ദ്രം. നോമ്പുകാല ചൈതന്യത്തിൽ വിശ്വാസപ്രഖ്യാ പനവുമായി 1998ൽ ആരംഭിച്ച പാലയൂർ മഹാതീർ ത്ഥാടനത്തിന്റെ ഇരുപത്തിയഞ്ചാം വർഷ ജൂബിലികൂടിയാണ് ഈ വർഷം. ഈ രണ്ട് ചരിത്രസ്മരണകളും സമുചിതമായി നമ്മുടെ അതി രൂപതയിൽ ആചരിക്കുന്നത് സംബന്ധിച്ച് ചില നിർദേശങ്ങൾ നല്കാൻ ആഗ്രഹിക്കുകയാണ്.

**1. 25–ാമത് പാലയൂർ മഹാ തീർഥാടനം**

25 വർഷങ്ങൾക്ക് മുമ്പ് നാം ആരംഭിച്ച പാലയൂർ മഹാതീർത്ഥാ ടനം നമ്മുടെ അതിരൂപത മുഴുവൻ ഹൃദയത്തിലേറ്റുവാങ്ങിയ ആത്മീയ അനുഷ്ഠാനമായി തീർന്നിരിക്കുകയാണ്. പാലയൂർ തീർത്ഥാടനത്തോ ടനുബന്ധിച്ച് വെള്ളിയാഴ്ചകളിലെ ജാഗരണപദയാത്ര പതിവുപോലെ നടക്കുന്നു. പാലയൂർ കൺവെൻഷൻ 2022 മാർച്ച് 31, ഏപ്രിൽ 1, 2 എന്നീ തിയ്യതികളിൽ വൈകീട്ട് 5 മണി മുതൽ 9 മണിവരെ നടത്തപ്പെടുന്നു. ഈ പരിപാടികളിൽ പങ്കെടുക്കുവാനും ജൂബിലി തീർത്ഥാടനത്തിൽ സഹകരിക്കുവാനും അതിരൂപതയിൽ എല്ലാവരെയും ഞാൻ സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

രണ്ടു ഘട്ടങ്ങളിലായിട്ടാണ് ഈ വർഷവും പാലയൂർ തീർത്ഥാ ടനം നടത്തപ്പെടുന്നത്.

**ഒന്നാം ഘട്ടം :** ഏപ്രിൽ 3 തിയ്യതി ഞായാറാഴ്ച രാവിലെ 4 മണിക്ക് ലൂർദ് കത്തീഡ്രൽ ദൈവാലയത്തിലെ ദിവ്യബലിക്ക് ശേഷം മുഖ്യപദ യാത്ര അവിടെ നിന്ന് ആരംഭിച്ച് 11 മണിയോടെ പാലയൂർ എത്തിച്ചേരു ന്നു. മറ്റു മേഖല പദയാത്രകൾ അതത് മേഖലകളിൽ നിന്നും ക്രമീക രിച്ചു തന്നിരിക്കുന്ന സമയം അനുസരിച്ച് ആരംഭിച്ച് രാവിലെ 11 മണി യോടെ പാലയൂർ എത്തിച്ചേരുന്നു.

**രണ്ടാം ഘട്ടം :** തീർത്ഥാടത്തിനായി ബസ്സുകളിൽ വരുന്നവർ പാവറട്ടി യിൽ 2 മണിയോടെ എത്തിച്ചേരുകയും, 2 മണിക്ക് പാവറട്ടി പള്ളിയിലെ വി. കുർബ്ബാനയ്ക്ക് ശേഷം 2:45 ന് പാലയൂരിലേക്ക് ആരംഭിക്കുന്ന പദ യാത്രയിൽ പങ്കുചേരുകയും ചെയ്യുന്നു. 4 മണിയോടെ ഈ പദയാത്ര പാലയൂരിൽ എത്തിച്ചേരുന്നു.

പാലയൂർ മഹാതീർത്ഥാടനത്തിന്റെ രജതജൂബിലി ആഘോ ഷിക്കുന്ന വേളയിൽ ഈ ആത്മീയയാത്രയ്ക്ക് ആരംഭം കുറിച്ച നമ്മുടെ

മുൻ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവും, പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലിയും പാലക്കാട് രൂപതാധ്യക്ഷൻ എന്ന നിലയിൽ രജത ജൂബിലിയും ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജെയ്ക്കബ് മനത്തോടത്ത് പിതാവും, പാലയൂരിൽ 4 മണിക്ക് ആരംഭിക്കുന്ന പൊതുയോഗത്തിൽ, മുഖ്യാതിഥികളായിരിക്കും. തുടർന്ന് 5:30 ന് അഭിവന്ദ്യപിതാക്കന്മാരുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും ഉണ്ടായിരിക്കും. പദയാത്രയിൽ പങ്കെടുക്കുന്നവർ കോവിഡ് പശ്ചാത്തലത്തിലുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മാർത്തോമാശ്ലീഹായുടെ 1950–ാമത് രക്തസാക്ഷിത്വവർഷത്തിലെ ഈ മഹാതീർത്ഥാടന പദയാത്രയിലും മറ്റു പരിപാടികളിലും അതിരൂപതയിലെ വൈദികരും സമർപ്പിതരും അത്മായരും പങ്കെടുക്കുമല്ലോ.

**2. മാർ തോമാശ്ലീഹായുടെ 1950–ാമത് രക്തസാക്ഷിത്വം**


മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികം നമ്മുടെ അതിരൂപതയിലെ വിവിധ തലങ്ങളിലുള്ള പരിപാടികളോടെ ഈ വർഷം ആചരിക്കുവാൻ തീരുമാനിച്ച കാര്യം സ്നേഹപൂർവ്വം അറിയിക്കുന്നു. 2022 ഏപ്രിൽ 3 പാലയൂർ മഹാതീർത്ഥാടനത്തിന്റെ പൊതുസമ്മേളനത്തിൽ വച്ച് അതിരൂപതാതല ഉദ്ഘാടനം നിർവഹിക്കുന്നതാണ്. അന്നുതന്നെ എല്ലാ ഇടവകകളിലും സമർപ്പിത സമൂഹങ്ങളിലും പേപ്പൽപതാക ഉയർത്തി തിരിതെളിച്ച് ജൂബിലി ഉദ്ഘാടനം ചെയ്യേണ്ടതാണ്. മാർത്തോമാശ്ലീഹായുടെ ഛായാചിത്രം/തിരുസ്വരൂപം പ്രതിഷ്ഠിക്കുകയും ഈ സർക്കുലറിന്റെ അനുബന്ധത്തിൽ നൽകിയിരിക്കുന്ന കാറോസൂസ പ്രാർത്ഥന വിശുദ്ധ കുർബാനയിലും കുടുംബപ്രാർത്ഥനയിലും ജൂലായ് 3 വരെ പ്രാർത്ഥിക്കുകയും വേണം.

2022 ജൂലൈ 3 ദുക്റാന തിരുനാൾ ദിനം മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികാചരണം ഔപചാരികമായി സമാപിക്കുമെങ്കിലും അതുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾ 2022 വർഷം മുഴുവനിലേക്കുമായി ക്രമീകരിച്ചിട്ടുണ്ട്. അതിരൂപതയിലെ ഇടവകകളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ അനുബന്ധത്തിൽ നൽകിയിട്ടുണ്ട്. ഓരോ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാൻ ഇടവക യിലെ വിവിധ സംഘടനകകളെയും പ്രസ്ഥാനങ്ങളെയും ഭരമേൽപ്പിക്കാവുന്നതാണ്. ഇടവകതല ആഘോഷപരിപാടികൾ വിഭാവനം ചെയ്ത് ഏകോപിപ്പിക്കാൻ ഇടവക പാക്ടിന്റെ സഹായം തേടാവുന്നതാണ്.

മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികവും പാലയൂർ മഹാതീർത്ഥാടനത്തിന്റെ രജതജൂബിലിയും ആഘോഷിക്കുന്ന ഈ അവസരം ആത്മീയ ഉണർവിന് കാരണമാകട്ടെ

എന്ന് ഞാൻ ആശംസിക്കുന്നു. കഴിഞ്ഞ കാലയളവിൽ പാലയൂർ മഹാതീർത്ഥാടനത്തിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വൈദികരെയും സമർപ്പിതരെയും അല്മായ നേതാക്കളെയും സ്നേഹപൂർവ്വം ഓർക്കുന്നു. എല്ലാവർക്കും ആഗതമാകുന്ന വിശുദ്ധവാരത്തിന്റെയും ഉയിർപ്പ് തിരുനാളിന്റെയും പ്രാർത്ഥനാശംസകൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

**NB.** ഈ സർക്കുലർ മാർച്ച് 27 ഞായറാഴ്ച ദേവാലയങ്ങളിൽ കുർബാനമധ്യേ വായിക്കേണ്ടതാണ് **+AT**

**അനുബന്ധം – 1**

**പ്രാർത്ഥന**

*(വി. കുർബ്ബാനയിലും കുടുംബപ്രാർത്ഥനയിലും ചൊല്ലുന്നതിനുള്ള കാറോസൂസ പ്രാർത്ഥന)*

ലീഡർ : കർത്താവായ ദൈവമേ, ഞങ്ങളുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ 1950–ാം രക്തസാക്ഷിത്വം ആചരിക്കുന്ന ഈ അവസരത്തിൽ, മാർതോമാശ്ലീഹാ ഞങ്ങൾക്ക് പകർന്നു നല്കിയ വിശ്വാസ വെളിച്ചം അണയാതെ കാത്തുസൂക്ഷിക്കുവാനും വിശ്വാസത്തിൽ വളരാനും ഭാവി തലമുറക്ക് പകർന്നു നല്കാനും ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ അങ്ങയോട് പ്രർത്ഥിക്കുന്നു.

സമൂ. : കർത്താവേ, ഞങ്ങളോട് കരുണയുണ്ടാകണമേ.

**അനുബന്ധം – 2**

മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 വാർഷിക ആചരണത്തിന്റെ ഭാഗമായി ഇടവക തലത്തിൽ ചെയ്യേണ്ട വിവിധ പ്രവർത്തനങ്ങൾ

**ഇടവകതലം**

1. ഏപ്രിൽ 3–ന് 1950 വാർഷികാചരണത്തിന്റെ ഇടവകതലത്തിലുള്ള ഉദ്ഘാടനം നടത്തുന്നു.

2. കുർബാനമധ്യേയും കുടുംബപ്രാർത്ഥനയിലും കാറോസൂസ പ്രാർത്ഥന ചൊല്ലുന്നു.
3. ജൂലായ് 1–ാം തിയ്യതി വെള്ളിയാഴ്ച ഇടവകതലത്തിൽ തിരുമണിക്കൂർ നടത്തുക.
4. ഇടവക ദൈവാലയത്തിൽ ഏപ്രിൽ 3 മുതൽ ജൂലൈ 3 വരെ തോമാശ്ലീഹയുടെ രൂപം/ഛായാചിത്രം അലങ്കരിച്ചു വയ്ക്കുക.
5. മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികാചരണത്തോടനുബന്ധിച്ച് ഇടവകതലത്തിൽ കുടുംബകൂട്ടായ്മകളിൽ വി. കുർബ്ബാന അർപ്പിക്കുന്നതിന് ഈ വർഷം പ്രത്യേകമായി അനുവാദങ്ങൾ നൽകുന്നതാണ്. ഇതിനായി അതിരൂപതാകാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കണം.
6. ഇടവകകളിൽ എല്ലാ വീടുകളിലും സാധിക്കുമെങ്കിൽ ഫ്ളാഗ് (തോമാശ്ലീഹായുടെ ചിത്രത്തോടു കൂടിയുള്ളത്) ഉയർത്തുക.
7. ഇടവകകളിൽ തോമാ നാമധാരികളുടെ സംഗമം നടത്തുക.
8. തോമാശ്ലീഹായുടെ നാമധേയത്തിലുള്ള 7 അല്ലെങ്കിൽ 14 ദൈവാലയങ്ങൾ സന്ദർശിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
9. ജൂബിലിയോടനുബന്ധിച്ച് ഓരോ ഇടവകയും ഒരു വീടെങ്കിലും പണിത് കൊടുക്കുക.
10. സാധിക്കുന്ന ഇടവകകൾ ഒരു മിഷൻ സെന്റർ ഏറ്റെടുക്കുക.
11. ഇടവകതലത്തിൽ മിഷൻ സ്ഥലങ്ങൾ സന്ദർശിക്കാൻ, പ്രവർത്തിക്കാൻ, ഏതാനും ദിവസങ്ങൾ അവിടെ താമസിക്കാൻ അവസരം ഒരുക്കുക. (രാമനാഥപുരം, ഷംഷാബാദ്, അദിലാബാദ്)
12. ഇടവകയിൽ ജൂബിലിയോടനുബന്ധിച്ച് ശതാംശം പിരിക്കുകയും ആ ഇടവകയിലെ തന്നെ പാവങ്ങൾക്ക് കൊടുക്കുകയും ചെയ്യുക.
13. തോമാശ്ലീഹായുടെ ഭാരതപ്രവേശനത്തോടനുബന്ധിച്ച് നാടകങ്ങൾ ഇടവകതലത്തിൽ ആ ഇടവകയിലെ തന്നെ സംഘടനകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുക. ഇത് എല്ലാ ഇടവകകൾക്കും സാധിച്ചില്ലെങ്കിലും തോമാശ്ലീഹായുടെ നാമധേയത്തിലുള്ള പള്ളികൾ, വലിയ പള്ളികൾ, ഫൊറോന പള്ളികൾ എങ്കിലും സംഘടിപ്പിക്കാൻ പരിശ്രമിക്കുക.
14. 2022 ൽ മാർത്തോമാശ്ലീഹായുടെ 1950–ാം വർഷം പ്രമാണിച്ചുള്ള ഹോം മിഷൻ സംഘടിപ്പിക്കുക.
15. മാർത്തോമാശ്ലീഹായുടെ ചരിത്രം, പാലയൂർ ചരിത്രം എന്നിവയെ ആസ്പദമാക്കിയുള്ള ക്വിസ് മത്സരം സംഘടിപ്പിക്കുക.
16. മാർത്തോമാശ്ലീഹായുടെ 1950–ാം വർഷം പ്രമാണിച്ചുള്ള ചിത്രരചന മത്സരം നടത്തുക

17. കല്യാണപാട്ട്, പരിചമുട്ട് കളി, മാർഗ്ഗംകളി, റമ്പാൻ പാട്ട് എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുക.
18. ഇടവകകളിൽ ഏകദിനധ്യാനങ്ങൾ നടത്തുക. ഇതിനായി ആബാ റിട്രീറ്റ് സെന്ററിനെ സമീപിക്കാവുന്നതാണ്.
19. അതിരൂപതാ കുടുംബ പ്രേഷിതത്വത്തിൽ നിന്ന് അറിയിക്കുന്നതുപോലെ കുടുംബകൂട്ടായ്മകളിൽ ഈ വർഷത്തിന്റെ പ്രാധാന്യത്തെകുറിച്ച് ചർച്ച ചെയ്യുക.
20. ദൈവദർശൻ ക്യാമ്പുകൾ നടത്തുമ്പോൾ കുട്ടികൾക്ക് മാർ തോമാശ്ലീഹായുടെ പ്രേഷിതദൗത്യത്തെയും വിശ്വാസതീഷ്ണതയെയും കുറിച്ച് അറിവുകൾ നൽകുക.
21. തോമാശ്ലീഹായുടെ രക്തസാക്ഷിത്വദിനമായ ജൂലൈ 3 സമുചിതമായി ആചരിക്കുക.
22. യുവജനസംഘടനകളുടെ ആഭിമുഖ്യത്തിൽ ജൂലൈ 2ന് തോമാശ്ലീഹായുടെ ഛായാചിത്രപ്രയാണം നടത്തുക.

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

854/2022 C- 5
05.04.2022

### പെസഹാവ്യാഴം പിരിവ്

ഈശോമിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

ആഗതമാകുന്ന ഉയിർപ്പു തിരുനാളിന്റെ ആശംസകൾ ഏവർക്കും നേരുന്നു. ഉത്ഥിതനായ ഈശോ നൽകുന്ന സന്ദേശം സമാധാനത്തിന്റേതാണ്. ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്തിരിക്കുന്നതുപോലെ, ഉക്രെയ്ൻ–റഷ്യ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ, ലോകസമാധാനത്തിനുവേണ്ടി നമുക്ക് പ്രത്യേകമായി പ്രാർത്ഥിക്കാം. ഈശോ തന്റെ രക്ഷാകരകർമ്മം പൂർത്തീകരിച്ചത് പീഡാസഹന–മരണ–ഉത്ഥാനത്തിലൂടെയാണ്. ദൈവം നൽകുന്ന രക്ഷ മനുഷ്യവർഗ്ഗത്തിന് ലോകാവസാനംവരെ സംലഭ്യമാകുന്നതിന് ഈശോ അത്യധികം ആഗ്രഹിച്ച് (ലൂക്കാ 22:15) പെസഹാവ്യാഴാഴ്ച സ്ഥാപിച്ച സ്നേഹത്തിന്റെ കൂദാശകളാണ് പരിശുദ്ധ കുർബ്ബാനയും അത് പരികർമ്മം ചെയ്യാനുള്ള പൗരോഹിത്യവും. അതിനാൽ പെസഹാവ്യാഴാഴ്ച വൈദികർക്കും വൈദികാർത്ഥികൾക്കും സമർപ്പിതർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നത് ഏറെ അർ

ത്ഥവത്താണ്.

നമ്മുടെ അതിരൂപതയിൽ ഓശാന കഴിഞ്ഞു വരുന്ന തിങ്കളാഴ്ച (11.04.2022) സമർപ്പിത വിശുദ്ധീകരണദിനമായി ആചരിക്കുന്നു. അന്ന് അതിരൂപതയിലെ സന്യസ്തരടക്കമുള്ള എല്ലാ വൈദികരും സന്യാസ സഹോദരന്മാരും സഹോദരിമാരും തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ രാവിലെ 10 മണിക്ക് ഒന്നിച്ചുകൂടി പ്രാർത്ഥനയിൽ ചെലവഴിക്കുന്നു. ഉച്ചകഴിഞ്ഞ് 1:30ന് വി. കുർബാനയോടുകൂടി വി. തൈലകൂദാശ (വി. മൂറോൻ, മാമ്മോദീസായ്ക്കും രോഗീലേപനത്തിനുമുള്ള തൈലം) നടക്കുന്നു. എല്ലാ സമർപ്പിതർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്യുന്നു.

പെസഹാവ്യാഴാഴ്ച വൈദിക വിദ്യാർത്ഥികളെ ഓർക്കുകയും അവരുടെ പഠനത്തിനായി സാമ്പത്തികസഹായം നൽകുന്നതിനുമായി നമ്മുടെ അതിരൂപതയിൽ  സംഭാവന സ്വീകരിക്കുകയും ചെയ്യുന്ന പതിവുണ്ട്. വൈദികാർത്ഥികളോട് നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും പ്രോത്സാഹനത്തിനും പ്രാർത്ഥനയ്ക്കും സാമ്പത്തികസഹായത്തിനും ഹൃദയപൂർവ്വം നന്ദിപറയുന്നു. ഈ വർഷം നമ്മുടെ അതിരൂപതയിൽനിന്ന് 34 പേരാണ് അതിരൂപതയ്ക്കും വിവിധ സന്ന്യാസ സമൂഹങ്ങൾക്കുംവേണ്ടി വൈദികരായി അഭിഷിക്തരായത്. അതിൽ 12 ഡീക്കന്മാർ തൃശ്ശൂർ അതിരൂപതയ്ക്ക് വേണ്ടിയാണ് തിരുപ്പട്ടം സ്വീകരിച്ചത്. ഇപ്പോൾ തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി വൈദിക പരിശീലനത്തിലായിരിക്കുന്നത് മഡോണ മൈനർ സെമിനാരിയിൽ 42പേരും ഡിഗ്രി പഠിക്കുന്നവർ 44 പേരും തിരുവില്വാമല ഗുരുകുലത്തിൽ 10 പേരും റീജൻസി ചെയ്യുന്നവർ 2 പേരും വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്രം പഠിക്കുന്നവർ 23 പേരും ദൈവശാസ്ത്രം പഠിക്കുന്നവർ 32 പേരും കൂടി ആകെ 153 പേരാണ്. സമർപ്പിതദൈവവിളികൾ വെല്ലുവിളി നേരിടുന്ന ഈ കാലഘട്ടത്തിൽ ദൈവവിളിക്കായി വിളവിന്റെ നാഥനോട് ശക്തമായി പ്രാർത്ഥിക്കാനും ദൈവവിളി പ്രോത്സാഹിപ്പിക്കാനും ആഹ്വാനം ചെയ്യുന്നു.

പെസഹാവ്യാഴാഴ്ചയിലെ ദൈവജനത്തിന്റെ സമർപ്പണമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി, തൃശ്ശൂർ മേരിമാത മേജർ സെമിനാരിയിലും നമ്മുടെ അതിരൂപതയ്ക്കുവേണ്ടി മറ്റു സെമിനാരികളിലും പരിശീലനം നേടുന്ന വൈദിക വിദ്യാർത്ഥികളുടെ പഠനചിലവിനായി പ്രധാനമായും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഒരു വൈദിക വിദ്യാർത്ഥിക്കുവേണ്ടി ഒരു വർഷം ഏകദേശം 75000 ത്തിലധികം രൂപ ചിലവ് വരുന്നുണ്ട്. സാമ്പത്തികഞെരുക്കമനുഭവിക്കുന്ന ഈ കാലഘട്ടത്തിൽ സഭാശുശ്രൂഷക്കുവേണ്ടി സ്വയം സമർപ്പിക്കുന്ന വൈദികവിദ്യാർത്ഥികളെ

സാമ്പത്തികമായി സഹായിക്കുവാൻ നിങ്ങൾ സന്മനസ്സ് കാണിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. സാധിക്കുന്നവർ വൈദികവിദ്യാർത്ഥികൾക്കായി ബേഴ്സ് വയ്ക്കുന്നതും നല്ലതാണ്. മുൻവർഷങ്ങളിൽ നിങ്ങൾ നൽകിയ വലിയ സഹകരണത്തിന് നന്ദി പറയുന്നു.

അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലേക്കും പെസഹാവ്യാഴപിരിവിനായി കവറുകൾ മേരിമാത സെമിനാരിയിൽ നിന്ന് എത്തിച്ചിട്ടുണ്ട്. ഈ കവറുകളിൽ നിങ്ങളുടെ സംഭാവനകൾ നിക്ഷേപിച്ച് പെസഹാവ്യാഴാഴ്ച ഇടവകയിൽ സമർപ്പിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ ഉദ്യമത്തിന് ഇടവകളിൽ നേതൃത്വം കൊടുക്കുന്നതിന് നന്ദി പറയുന്നു. പെസഹാവ്യാഴം കവർ പിരിവിലൂടെ സമാഹരിക്കുന്ന തുക അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ 2022 ഏപ്രിൽ 30നു മുൻപായി ഏൽപ്പിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. ഈശോയുടെ പീഡാനുഭവരഹസ്യങ്ങളുടെ ഏറ്റവും അടുത്ത ദിവസങ്ങളിലേക്ക് പ്രവേശിക്കുന്ന നിങ്ങൾക്ക് ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

പ്രാർത്ഥനയുടെയും പങ്കുവയ്ക്കലിന്റെയും ഈ അവസരത്തിൽ വൈദികപരിശീലനത്തിനായി നിങ്ങൾ ചെയ്യുന്ന ഈ സമർപ്പണത്തെ നല്ലിടയനായ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

**NB.** ഈ സർക്കുലറിലെ വിവരം 2022 ഏപ്രിൽ 10 (ഞായർ) എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും അറിയിക്കേണ്ടതാണ്.

## കച്ചേരി വാർത്തകൾ

മെയ് 2022

### 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

1 : **ഉയിർപ്പ് മൂന്നാം ഞായർ**
തൊഴിലാളികളുടെ മധ്യസ്ഥനായ വി. യൗസേപ്പ്
2 : വി. അത്തനേഷ്യസ്
3 : പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ
6 : *ആദ്യവെള്ളി*
വി. ഡൊമിനിക് സാവിയോ
8 : **ഉയിർപ്പ് നാലാം ഞായർ**
14 : വിളവുകളുടെ സംരക്ഷകയായ പരി. കന്യകാമറിയം
മത്തിയാസ് ശ്ലീഹാ
15 : **ഉയിർപ്പ് അഞ്ചാം ഞായർ**
മാർ അദ്ദായി
16 : വി. ജോൺ നെപുംസ്യാൻ
22 : **ഉയിർപ്പ് ആറാം ഞായർ**
26 : ന. കർത്താവിന്റെ സ്വർഗ്ഗാരോഹണം
29 : **ഉയിർപ്പ് ഏഴാം ഞായർ**
31 : പരി. കന്യകാമറിയത്തിന്റെ സന്ദർശനം

**2. മെയ് മാസത്തെ പരിപാടികൾ**

07 : വൈദികവസ്ത്രസ്വീകരണം (2:30 pm)
07–08 : പാസ്റ്ററൽ കൗൺസിൽ പരിശീലനം II
09–11: ലിവ് & ലേൺ I
16–18: ലിവ് & ലേൺ II
19 : ആലോചനസമിതിയോഗം (10:30 am)
20 : അതിരൂപതാദിനം – വേലൂർ (10:00 am)
22 : എയ്ഞ്ചലോസ് 2022 (01:30 pm)

**3. മെത്രാഭിഷേക വാർഷികവും മെത്രാഭിഷേക സുവർണ്ണ ജൂബിലിയും:**

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെയും മാർ

ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മെത്രാഭിഷേക വാർഷിക ദിനമാണ് മെയ് 1. അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേകത്തിന്റെ സുവർണ്ണ ജൂബിലി വർഷം അന്നേദിനം ആരംഭിക്കുന്നു. ആയതിന്റെ അതിരൂപ താതലത്തിലുള്ള ഉദ്ഘാടനം 2022 മെയ് 20ന് വേലൂരിൽ വച്ച് (അ തിരൂപതാദിനത്തിൽ) നടത്തപ്പെടുന്നു. അഭിവന്ദ്യപിതാക്കന്മാർക്കു വേണ്ടി വി. കുർബാന മധ്യേ പ്രത്യേകം പ്രാർത്ഥിക്ക ണമെന്ന് ഓർമ്മപ്പെ ടുത്തുന്നു.

**4. വൈദികവസ്ത്ര സ്വീകരണം**

അതിരൂപതയ്ക്കുവേണ്ടി വിവിധ സ്ഥാപനങ്ങളിലും ഇടവകകളിലും പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ മെയ് 7ന് ഉച്ചകഴിഞ്ഞ് 2:30 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വൈദിക വസ്ത്രം സ്വീകരിക്കുന്നതാണ്. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടി മുന്നോട്ട് കടക്കുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

**5. ജൂബിലി ആഘോഷിക്കുന്ന വൈദികർ :**

സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഫാ. ജോസ് തെക്കേക്കര Jr., ഫാ. ജോസഫ് അറാശ്ശേരി, ഫാ. ജോൺ ചുങ്കത്ത് എന്നിവർക്കും, രജത ജൂബിലി ആഘോഷിക്കുന്ന ഫാ. സെബി ചിറ്റാട്ടുകര, ഫാ. റോയ് വേള ക്കൊമ്പിൽ, ഫാ. ബിജു ആലപ്പാട്ട്, ഫാ. ജോൺസൻ ഊക്കൻ, ഫാ. സൈജൻ വാഴപ്പിള്ളി, ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ, ഫാ. ജെയ്സൻ പുന്നാ ശ്ശേരി, ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ, ഫാ. ജോബി ചുള്ളിക്കാടൻ, ഫാ. രാജു കൊക്കൻ എന്നിവർക്കും ജൂബിലിയുടെ അനുമോദനങ്ങളും പ്രാർത്ഥനകളും.

**6. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 20ന് വേലൂർ ഫൊറോന പള്ളിയിൽ നടത്തപ്പെടുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

**7. ലിവ് & ലേൺ:**

ഈ വർഷത്തെ ലിവ് & ലേൺ മെയ് 9–11; 16–18 തീയതികളിൽ രണ്ടു ബാച്ചുകളിലായി മേരിമാത മേജർ സെമിനാരിയിൽ നടത്തുന്നു. ലിസ്റ്റ് അന്യത്ര കൊടുത്തിട്ടുണ്ട്. ബാച്ച് മാറാൻ ആഗ്രഹിക്കുന്നവർ ഈ വാട്ട്സ്ആപ്പ് നമ്പറിലേക്ക് (8848117486) സന്ദേശം അയയ്ക്കുമല്ലോ.

**8. വൈദികരുടെ നിയമനം :**

1. ഫാ. ഡേവിസ് ചെറയത്ത് – സീനിയർ റസിഡന്റ് പ്രീസ്റ്റ് വിജയപുരം; സാധുത 2022 മാർച്ച് 15 മുതൽ.
2. ഫാ. ഫ്രജോ വാഴപ്പിള്ളി – അസോസിയേറ്റ് ഡയറക്ടർ സി. എൽ. സി. സീനിയർ & പ്രൊഫഷണൽ കൂടി; സാധുത 2022 ഏപ്രിൽ 1 മുതൽ.

3. ഡീ. സെബാസ്റ്റ്യൻ തിനവിളവീട് – ഡീക്കൻ മിനിസ്ട്രി ആമ്പക്കാട്; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
4. ഡീ. ജോൺ പുത്തൂർ – ഡീക്കൻ മിനിസ്ട്രി അരണാട്ടുകര; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
5. ഡീ. നിധിൻ കുറ്റിക്കാട്ടിൽ SDV – ഡീക്കൻ മിനിസ്ട്രി അരിമ്പൂർ; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
6. ഡീ. ഷിംജോ കുറുമ്പിലായ് SDV – ഡീക്കൻ മിനിസ്ട്രി അത്താണി; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
7. ഡീ. ഏബിൾ പുതുശ്ശേരി – ഡീക്കൻ മിനിസ്ട്രി വിജയപുരം; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
8. ഡീ. ടിറ്റോ കൊറ്റിയാനിക്കൽ – ഡീക്കൻ മിനിസ്ട്രി ചേർപ്പ്; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
9. ഡീ. ജോസ് കല്ലുവട്ടൻകുഴി – ഡീക്കൻ മിനിസ്ട്രി ചെവ്വൂർ; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
10. ഡീ. അലോഷ്യസ് ആമ്പക്കാട് – ഡീക്കൻ മിനിസ്ട്രി ചിയ്യാരം വിജയ മാത; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
11. ഡീ. ഡേവിസ് പുലിക്കോട്ടിൽ – ഡീക്കൻ മിനിസ്ട്രി കുരിയച്ചിറ; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
12. ഡീ. ആന്റണി കോടങ്കണ്ടത്ത് – ഡീക്കൻ മിനിസ്ട്രി മരത്താക്കര; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
13. ഡീ. ജെയ്സ് നീലനിരപ്പേൽ OSH – ഡീക്കൻ മിനിസ്ട്രി മുക്കാട്ടുകര; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
14. ഡീ. അലൻ കാളിയങ്കര – ഡീക്കൻ മിനിസ്ട്രി ഒളരിക്കര; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
15. ഡീ. മാർട്ടിൻ കൊല്ലംപറമ്പിൽ – ഡീക്കൻ മിനിസ്ട്രി ഒല്ലൂർ; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
16. ഡീ. ഡെറിൻ അരിമ്പൂർ – ഡീക്കൻ മിനിസ്ട്രി പീച്ചി; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
17. ഡീ. ആന്റണി ചാലക്കൽ – ഡീക്കൻ മിനിസ്ട്രി പുതുക്കാട്; സാധുത 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# ലിവ് & ലേൺ ലിസ്റ്റ്

## ബാച്ച് 1 (മെയ് 9–11)

Rev. Fr. Adambukulam Joy
Rev. Fr. Ainickal Johnson
Rev. Fr. Ainikkal Addwin
Rev. Fr. Ainikkal Antony
Rev. Fr. Akkamattathil Shonson
Rev. Fr. Akkamattathil Raphael
Rev. Fr. Akkara Raju
Rev. Fr. Alappadan Fijo
Rev. Fr. Alappat Biju
Rev. Fr. Alappatt Biju Joseph
Rev. Fr. Aloor Joju (George)
Rev. Fr. Alukka Antony
Rev. Fr. Anthikadan Johnson
Rev. Fr. Anthikkat Joseph
Rev. Fr. Anthikkatt Johnson
Rev. Fr. Appadan Babu
Rev. Fr. Arakkal Steephen
Rev. Fr. Arangassery Saleesh
Rev. Fr. Arimboor Tony
Rev. Fr. Arimboor Johnson
Rev. Fr. Chakkalakkal Davis
Rev. Fr. Chakkalakkal Seejan
Rev. Fr. Chalissery Cyriac
Rev. Fr. Chalissery Johnson
Rev. Fr. Chelappadan George
Rev. Fr. Chembakassery Antony
Rev. Fr. Chemmannur Libin
Rev. Fr. Cherayath Davis, Jr.
Rev. Fr. Cheruvathoor Sijo
Rev. Fr. Cheruvathur Chacko
Rev. Fr. Cheruvathur Douglas
Rev. Fr. Chiramel Simson
Rev. Fr. Chiramel Jolly
Rev. Fr. Chirammel Able
Rev. Fr. Chirayath Anto
Rev. Fr. Chirayath Shaju
Rev. Fr. Chiriyankandath Joju
Rev. Fr. Chiriyankandath Shijo
Rev. Fr. Chittattukara Seby
Rev. Fr. Chittilappilly Ajith
Rev. Fr. Chittilappilly Joffy
Rev. Fr. Chittilappilly Shelton
Rev. Fr. Chittilappilly Antony Sr.
Rev. Fr. Chittilappilly Jinto
Rev. Fr. Chittilappilly John
Rev. Fr. Chittilappilly Johnson
Rev. Fr. Chittilappilly Joy Sr.
Rev. Fr. Chittilappilly Shiju
Rev. Fr. Choondal Livin
Rev. Fr. Chungath Midhun
Rev. Fr. Edakalathur Louis
Rev. Fr. Edakkalathur Francis
Rev. Fr. Edakulathur George
Rev. Fr. Edakulathur Jimmy
Rev. Fr. Eluvathingal Justin
Rev. Fr. Eluvathingal Rojo
Rev. Fr. Kadappuran Joby
Rev. Fr. Kakkassery Tony Thomas
Rev. Fr. Kallarakkal Pratheesh
Rev. Fr. Kallikadan Starzon
Rev. Fr. Kanjirathingal Prinson
Rev. Fr. Kanjirathingal Seby
Rev. Fr. Kannampuzha Davis
Rev. Fr. Kannanaickal Sajil
Rev. Fr. Kappany Paul
Rev. Fr. Kappilamnirappel Jijo
Rev. Fr. Kattukaran Paul

## ബാച്ച് 1 (മെയ് 9–11)

Rev. Fr. Kidangan Joy
Rev. Fr. Kizhakkoodan Godwin
Rev. Fr. Kizhakkuden Sony
Rev. Fr. Kochupurackal Kuriakose
Rev. Fr. Kolambrath Martin
Rev. Fr. Kollannur Antony
Rev. Fr. Konikkara Jose, Jr.
Rev. Fr. Koola Ditto
Rev. Fr. Koonamplakkal Jaison
Rev. Fr. Koreth Joyson
Rev. Fr. Kundukulam Johnson
Rev. Fr. Kundukulangara Jovy
Rev. Fr. Kuruthukulangara Antony
Rev. Fr. Kuthur Varghese
Rev. Fr. Kuttikottayil Mathew
Rev. Fr. Maliyammavu Paul
Rev. Fr. Malokkaran Jikson
Rev. Fr. Manadan George
Rev. Fr. Mangattilayan Jomon
Rev. Fr. Mapranathukaran Shijo
Rev. Fr. Maprani Alex
Rev. Fr. Maroky Dennis
Rev. Fr. Maroky Jaison
Rev. Fr. Maroky Sajan
Rev. Fr. Marottikkal Majo
Rev. Fr. Mechery Antony
Rev. Fr. Menachery Antony
Rev. Fr. Mookken Joy
Rev. Fr. Mookken Roy
Rev. Fr. Mukkadayil Jinson
Rev. Fr. Mundenkurian Renny
Rev. Fr. Muringathery Grijo
Rev. Fr. Muringathery Jijo
Rev. Fr. Muringathery Joseph
Rev. Fr. Muringathery Naveen
Rev. Fr. Muthupeedika Raphael
Rev. Fr. Muttath Francis
Rev. Fr. Nadakkeveliyil Chacko
Rev. Fr. Nandikkara Ignatius (Biju)
Rev. Fr. Neelankavil Hadly
Rev. Fr. Neelankavil Francis
Rev. Fr. Neelankavil Pauly
Rev. Fr. Nellangara Jithin
Rev. Fr. Nettikadan David
Rev. Fr. Olakkengil Debin
Rev. Fr. Olappurakkal Rinjo
Rev. Fr. Padayattil Job
Rev. Fr. Palathingal Varghese
Rev. Fr. Pallikunnath Francis
Rev. Fr. Pallipurathukaran Geo
Rev. Fr. Panengadan Xavier
Rev. Fr. Parayil Chacko
Rev. Fr. Parayil Shinto
Rev. Fr. Pavartikaran John
Rev. Fr. Payyappilly Paul
Rev. Fr. Peramangalam John
Rev. Fr. Peramangalath Paul
Rev. Fr. Pindiyan Prince
Rev. Fr. Pindiyan Sajan
Rev. Fr. Ponthekken Sinto
Rev. Fr. Poovathingal Prince
Rev. Fr. Pulikkan Paul
Rev. Fr. Pulikkottil Davis
Rev. Fr. Pulikottil Jaison
Rev. Fr. Pulikottil Jose
Rev. Fr. Punnassery Jaison
Rev. Fr. Punnoliparambil Bastian

## ബാച്ച് 1 (മെയ് 9–11)

| | |
|---|---|
| Rev. Fr. Puthiri Frango (Francis)<br>Rev. Fr. Puthur Leo<br>Rev. Fr. Puthur Prakash<br>Rev. Fr. Rayappan Anto<br>Rev. Fr. Thalakkoden Dominic<br>Rev. Fr. Thalakkottoor Shanto<br>Rev. Fr. Thaliyaparambil Liril<br>Rev. Fr. Thaliyath Nibin<br>Rev. Fr. Thandassery Canadian<br>Rev. Fr. Thanikkal Denny<br>Rev. Fr. Thanikkal Anuwin<br>Rev. Fr. Thanikkal Jomon<br>Rev. Fr. Thanikkal Lazar<br>Rev. Fr. Thanikkal Manoj<br>Rev. Fr. Thanikkal Paul<br>Rev. Fr. Thanissery Raphael<br>Rev. Fr. Tharakan Roger<br>Rev. Fr. Tharakan Varghese<br>Rev. Fr. Thathrathil Jos<br>Rev. Fr. Thattil Raphy<br>Rev. Fr. Thattil Jense | Rev. Fr. Thattil Linson<br>Rev. Fr. Thattil Soly<br>Rev. Fr. Thazhath Jickson<br>Rev. Fr. Thekkanath Paul<br>Rev. Fr. Thekkiniyath Geo<br>Rev. Fr. Thekkumpuram Jaison<br>Rev. Fr. Thermadam Shajan<br>Rev. Fr. Thermadom George<br>Rev. Fr. Vadakkan Job<br>Rev. Fr. Vadakkethala Saju<br>Rev. Fr. Vallooran Jose<br>Rev. Fr. Valluppara Jeejo<br>Rev. Fr. Vattakuzhy Gladrin<br>Rev. Fr. Vattakuzhy Jose<br>Rev. Fr. Vazhappilly Vinoy<br>Rev. Fr. Vazhappilly Francis Sr.<br>Rev. Fr. Velakombil Roy<br>Rev. Fr. Velookaran Thomas<br>Rev. Fr. Velukkaran Geo<br>Rev. Fr. Vennattuparambil Joshy<br>Rev. Fr. Vettath Sebastian<br>Rev. Fr. Vithayathil Daveed |

NB: ലിവ് & ലേൺ പ്രോഗ്രാമിൽ പങ്കെടുക്കുവാൻ അസൗകര്യമുള്ള ബഹു. അച്ചന്മാർ 2022 മെയ് 4ന് മുമ്പ് അതിരൂപത കാര്യാലയത്തിൽ അറിയിക്കുമല്ലോ.

## ബാച്ച് 2 (മെയ് 16–18)

| | |
|---|---|
| Rev. Fr. Ainikkal Jose<br>Rev. Fr. Akkarapattiakkal Nirmal<br>Rev. Fr. Alapatt Francis<br>Rev. Fr. Alapatt Paul<br>Rev. Fr. Alappat Bastin<br>Rev. Fr. Aloor Francis | Rev. Fr. Aloor Joshy<br>Rev. Fr. Ambooken Noby<br>Rev. Fr. Ammuthan Antony<br>Rev. Fr. Anthikkat Santhosh<br>Rev. Fr. Arackel Paul<br>Rev. Fr. Arangassery Jose<br>Rev. Fr. Arangassery Sanoj |

## ബാച്ച് 2 (മെയ് 16–18)

Rev. Fr. Arassery Joseph
Rev. Fr. Arikkat Sijo
Rev. Fr. Arimboor Jerin
Rev. Fr. Ayyankanayil John
Rev. Fr. Chalakkal Jackson
Rev. Fr. Chalakkal Jose
Rev. Fr. Chalil Anu
Rev. Fr. Chalissery Lijo
Rev. Fr. Chazhoor Domini
Rev. Fr. Chemmannoor John Paul
Rev. Fr. Cheradai Geo
Rev. Fr. Cherayath Davis
Rev. Fr. Cheruvathoor George
Rev. Fr. Chiramel Chacko
Rev. Fr. Chiramel Davis Sr.
Rev. Fr. Chiramel Davis, Jr.
Rev. Fr. Chirayath Denny
Rev. Fr. Chiriyamkandath Prince
Rev. Fr. Chiriyankandath Geo
Rev. Fr. Chiriyankandath Ginsen
Rev. Fr. Chittilapilly Jaison
Rev. Fr. Chittilappilly Antony Jr.
Rev. Fr. Chittilappilly Anvin
Rev. Fr. Chittilappilly Joseph
Rev. Fr. Chittilappilly Lijo
Rev. Fr. Chittilappilly Paul
Rev. Fr. Chittilappilly Seby
Rev. Fr. Choondal Jinto
Rev. Fr. Choondal Thomas
Rev. Fr. Chullikadan Joby
Rev. Fr. Edakkalathoor Godwin
Rev. Fr. Edakkalathoor Varghese

Rev. Fr. Edakkalathur Jose
Rev. Fr. Edakkalathur Thomas
Rev. Fr. Edakulathur Anto
Rev. Fr. Edathiruthy Jojo
Rev. Fr. Eluvathingal Antos
Rev. Fr. Emmatty Jomon
Rev. Fr. Inchodikkaran James
Rev. Fr. Kadavi Geo
Rev. Fr. Kakkassery Thomas
Rev. Fr. Kallikkadan Paul
Rev. Fr. Kallingalkudiyil Jimmy
Rev. Fr. Kanjirathingal Arun
Rev. Fr. Kanjirathingal Anto
Rev. Fr. Kanjirathingal Baiju
Rev. Fr. Kanjirathingal Varghese
Rev. Fr. Kannanaikal Wilson
Rev. Fr. Karippery Varghese
Rev. Fr. Kattookaran Sijo
Rev. Fr. Kavalakkatt Franco
Rev. Fr. Kavalakkatt Seby
Rev. Fr. Keetticka Finosh
Rev. Fr. Keezhoorumuttikkal Manoj
Rev. Fr. Kidangan Benny
Rev. Fr. Kidangan John
Rev. Fr. Kizhakkekannanchira Frinto
Rev. Fr. Kolambrath Dixon
Rev. Fr. Kollannoor Joy
Rev. Fr. Kollannoor Royson
Rev. Fr. Kollannur Sebastian
Rev. Fr. Konikkara Jose, Sr.
Rev. Fr. Koothur Febin
Rev. Fr. Koothur Francis

## ബാച്ച് 2 (മെയ് 16–18)

Rev. Fr. Koothur Joy
Rev. Fr. Kulangara Printo
Rev. Fr. Kundukulam Stishin
Rev. Fr. Kunnappilly Tens
Rev. Fr. Kurissery Ittiachan
Rev. Fr. Kuttikkatt Jinto
Rev. Fr. Kuttikkatt Jiso
Rev. Fr. Kuttikkatt Andrews
Rev. Fr. Kuzhikkattumyalil Sijohn
Rev. Fr. Maliakkal Jijo
Rev. Fr. Mangattilayan Majo
Rev. Fr. Manjaly Binoy
Rev. Fr. Marokey Shinto
Rev. Fr. Marottickal Alex
Rev. Fr. Mekkattukulam Jiphy
Rev. Fr. Melit Palathingal Verghese
Rev. Fr. Moolan John
Rev. Fr. Mullakkara Tijo
Rev. Fr. Mundopuram Daison
Rev. Fr. Muringathery Sijo
Rev. Fr. Muringathery Jomon
Rev. Fr. Muringathery Joy
Rev. Fr. Muthipeedika Mejo
Rev. Fr. Muttath Paul
Rev. Fr. Nedumbakaran Yesudas
Rev. Fr. Neelamkavil Anson
Rev. Fr. Nirappukalayil George Thomas
Rev. Fr. Olakkengil Dijo
Rev. Fr. Olakkengil Johnson
Rev. Fr. Olakkengil Lawrence
Rev. Fr. Ollukkaran Anto

Rev. Fr. Padinjakkara Abijith
Rev. Fr. Palathingal Paulson
Rev. Fr. Pallikkunnath Shijo
Rev. Fr. Panackal Joju
Rev. Fr. Panamkulam Davis
Rev. Fr. Panengadan John (Biju)
Rev. Fr. Panthallookkaran Devassy
Rev. Fr. Parakkal Cherian
Rev. Fr. Parrokkaran Binu
Rev. Fr. Payikkatt Sobin
Rev. Fr. Payyappilly Jinu
Rev. Fr. Pereppadan Jinto
Rev. Fr. Perinchery Ajeesh
Rev. Fr. Perumattil Christon
Rev. Fr. Peruttil Sebastian
Rev. Fr. Pidiyath Wilson
Rev. Fr. Pindiyan Paul
Rev. Fr. Poopadi Thomas
Rev. Fr. Poovathukkaran Joseph
Rev. Fr. Porathur Sinto
Rev. Fr. Poruthur Daijo
Rev. Fr. Poruthur Joju
Rev. Fr. Pulikkan Siju
Rev. Fr. Pulikottil Johnson
Rev. Fr. Pullokkaran Raphael
Rev. Fr. Punnoliparambil Jos
Rev. Fr. Puthur Sijo
Rev. Fr. Puthur Joby
Rev. Fr. Puthur Joy
Rev. Fr. Puthur Sebi
Rev. Fr. Thacharattil Jacob
Rev. Fr. Thachoth Ajith

## ബാച്ച് 2 (മെയ് 16–18)

| | |
|---|---|
| Rev. Fr. Thaikkattil Saijo | Rev. Fr. Vadakkan Sajan |
| Rev. Fr. Thalakkottoor Francis | Rev. Fr. Vadakkethala Midhun |
| Rev. Fr. Tharakan Francis | Rev. Fr. Vadakkethala George |
| Rev. Fr. Tharayil Demin | Rev. Fr. Vadakkethala Thomas |
| Rev. Fr. Thattil Benwin | Rev. Fr. Vadakkoott James |
| Rev. Fr. Thattil Paulson | Rev. Fr. Vadakoot Thomas |
| Rev. Fr. Thayyalakkal Flergin | Rev. Fr. Vaikkadan Joseph |
| Rev. Fr. Thazhekadan Jibin | Rev. Fr. Vazhaparambil Clement |
| Rev. Fr. Thekkanath Antony | Rev. Fr. Vazhappilly Bilju |
| Rev. Fr. Thekkekara Jose, Jr. | Rev. Fr. Vazhappilly Saijan |
| Rev. Fr. Therattil George | Rev. Fr. Vazhappilly Frajo |
| Rev. Fr. Thermadam Simon | Rev. Fr. Vazhappilly Jibi |
| Rev. Fr. Ukken Sibin | Rev. Fr. Vazhappilly Tony |
| Rev. Fr. Ukken Thomas | Rev. Fr. Vazhappilly Twinkle |
| Rev. Fr. Ukken Johnson | Rev. Fr. Veliyan Sebi |
| Rev. Fr. Ukken Shaju | Rev. Fr. Vettath Mathew |
| Rev. Fr. Ukken Varghese | Rev. Fr. Vithayathil |
| Rev. Fr. Vadakkan Raphael | Kozhukkullikaran Rijo |
| Rev. Fr. Vadakkan Roy Joseph | |

NB: ലിവ് & ലേൺ പ്രോഗ്രാമിൽ പങ്കെടുക്കുവാൻ അസൗകര്യമുള്ള ബഹു. അച്ചന്മാർ 2022 മെയ് 4ന് മുമ്പ് അതിരൂപത കാര്യാലയത്തിൽ അറിയിക്കുമല്ലോ.

135ാമത്

**അതിരൂപതാദിനം**

വേലൂർ ഫൊറോനയിൽ 2022 മെയ് 20ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെടുന്നു.

# ENGAGEMENTS

## 2022 MAY Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 01 | Sun | Morning | Youth Meet at Kanjirappally |
| 02 | Mon | Morning | Jubilee Holy Mass of Mathrusangam at Kottappady Prayer Service — Death Anniversaryof Msgr. George Akkara at Ollur |
| | | Afternoon | Samarpitha Sangamam at Pudukkad |
| 04 | Wed | | Engaged |
| 05 | Thu | Morning | Baptism at Pudukkad |
| 07 | Sat | Morning | Inauguration of Pastoral Council Training Programme at Marymatha Major Seminary |
| | | Afternoon | Vestition at Minor Seminary |
| 08 | Sun | Morning | Bishop Medlycot's Death Anniversary<br>Class at Marymatha on Socio-Political Christian Involvement |
| | | Afternoon | Navathi Concluding Celebration at Kuriachira |
| 09 | Mon | | Live and Learn I |
| 10 | Tue | | Live and Learn I |
| 11 | Wed | | Live and Learn I |
| 12 | Thu | Morning | Holy Mass, Major Seminary Conference<br>Death Anniversary — Mar Francis Vazhappilly, Holy Mass at Dolours Basilica<br>Meeting with Major Seminary Brothers and Agape |
| | | Afternoon | Engaged - Chittattukara |
| 13 | Fri | | JMMCH Meeting<br>LOAF Symbosium |
| 14 | Sat | Morning | Baptism - Chengalur<br>Graduation Ceremony at Jyothi Engineering College<br>LOAF Symbosium |
| | | Afternoon | LOAF Valedictory Function Golden Jubilee Conclusion Holy Mass and Meeting at Pathramangalam |
| 15 | Sun | | Kudumbolsavam at DBCLC |

| | | | |
|---|---|---|---|
| 16 | Mon | | Live and Learn II<br>Marriage at Velur |
| 17 | Tue | | Live and Learn II<br>FCC Silver Jubilee Celebration at Thiroor |
| 18 | Wed | | Live and Learn II |
| | | Afternoon | Holy Mass and Meeting — Sisters of Mount Calvary at Cheroor |
| 19 | Thu | Morning | Online CBCI meeting<br>Consulters meeting |
| 20 | Fri | Morning | Online CBCI meeting<br>Archdiocesan day - Velur |
| | | Evening | JMMC Trust Meeting |
| 21 | Sat | Morning | Online CBCI meeting<br>Flag off: Vilambara Jadha, Kudumbakoottayma Golden Jubilee at Lourdes Cathedral Holy Mass and Jubilee Celebrations of School Sisters |
| 22 | Sun | Afternoon | Angelos — Lourdes Cathedral |
| 23 | Mon | Morning | For Priests<br>CCWI: Silver Jubilee Inauguration at Family Apostolate |
| | | Afternoon | Pastoral Animation Programme Inauguration at Marymatha, Mulayam |
| 25 | Wed | Morning | For the People |
| 26 | Thu | Morning | Holy Mass and Blessing of Special School, Sisters of St. Ann of Bangalore at Thalakkottukara |
| 28 | Sat | Morning | Holy Mass for Fr. Sinson Edakkalathur at Mullassery |
| 29 | Sun | Morning | Holy Mass at Dolours Basilica for SDV |
| | | Afternoon | Kudumbakoottayma Golden Jubilee Conclusion at Lourdes Cathedral |

# ENGAGEMENTS

## 2022 APRIL Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 01 | Sun | Morning | First Holy Communion, Wadakkachery |
| | | Morning | May Dinam Holy Mass , Mukkattukara |
| | | Afternoon | Blessing of Lab, Poly Technic, Amballur |
| 02 | Mon | Morning | Fourth Child Baptism, Velur |
| | | Morning | Death Anniversary Holy Mass of Msgr. George Akkara |
| 03 | Tue | Morning | Fourth Child Baptism, Nadathara |
| | | Morning | Silver Jubilee of Sr. Albeena |
| 04 | Wed | Morning | Fourth Child Baptism, Edakkalathur |
| | | Morning | Holy Mass - Kallur West |
| | | Evening | Fourth Child Baptism, Madakkathara |
| 05 | Thu | Morning | Fourth Child Baptism, Nenmanikkara |
| 07 | Sat | Morning | Holy Mass - Ollur Marymatha |
| | | Morning | Death Anniversary - Fr. Jose Thekkekkara, Potta |
| | | Noon | Golden Jubilee, Ammadam |
| | | Afternoon | Vestition |
| 08 | SUN | Morning | Holy Mass - Kizhupullikara |
| | | Morning | Holy Mass - North Thangalur |
| | | Evening | Concluding Ceremony of St. Joseph Year - Veluppadam |
| 09 | Mon | Morning | Fourth Child Baptism, Mattom |
| | | Morning | Golden Jubilee, Parappur |
| 11 | Wed | Morning | Fourth Child Baptism, Aranattukkara |
| 12 | Thu | Morning | Death Anniversary of Mar Francis Vazhappilly |
| 13 | Fri | Morning | Holy Mass For Major Seminarians |
| | | Morning | Inauguration of Family Symposium |
| 14 | Sat | Morning | Holy Mass- MMB House Mariapuram |
| 15 | Sun | Morning | Ammadam CLC Centenary Inauguration |
| | | Morning | Sacrerdotal Diamond Jubilee, Don Bosco House Mannuthy |
| 18 | Wed | Morning | Death Anniversary Holy Mass of Bro.Rio |

| | | | |
|---|---|---|---|
| | | Afternoon | Blessing of Lab, Poly Technic, Amballur |
| 20 | Fri | All Day | ArchDiocesan Day, Velur |
| 21 | Sat | Morning | Requiem Mass, Thodupuzha |
| 22 | Sun | Morning | Holy Mass - Irinjalakkuda |
| | | Afternoon | Angelos |
| | | Evening | Yathra Prayanam of Golden Jubilee of Kudumbakoottayama |
| | | Evening | Golden Jubilee of Fr. Jose Thekkekkara |
| 23 | Mon | Morning | CCWI, Family Apostolate |
| 28 | Sat | Morning | Golden Jubilee of Sr. Christeena, Anthikkad |
| 29 | Sun | Morning | Holy Mass - Basilica |
| | | Afternoon | Conclusion Ceremony of Golden Jubilee of Kudumbakkoottayama |
| 30 | Mon | Morning | Fourth Child Baptism, Marottichal |

# നാളാഗമം

**മാർച്ച് 2022**

1. അതിരൂപതയിലെ വൈദീകരുടെ മാസധ്യാനത്തിൽ അഭിവന്ദ്യ പിതാക്കൻമാർ പങ്കെടുത്തു.
2. അഭിവന്ദ്യ താഴത്ത് പിതാവ് കോലഴി മഠത്തിൽവച്ച് ബഹുമാനപ്പെട്ട സിസ്റ്റർ ആൾറിക്ക് സി. എം. സി. യുടെ മൃതദേഹസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികനായി.
3. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആമ്പക്കാട് മഠത്തിൽ സി. ലിബിയ സി. എച്ച്. എഫ്. ന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികനായി. വൈകീട്ട് പനമുക്ക് ഇടവകയിലെ വാർഷികധ്യാനത്തിൽ സമാപന സന്ദേശം നൽകി.
5. ഉച്ചതിരിഞ്ഞ് ഡി. ബി. സി. എൽ. സി. യിൽ ചേർന്ന കൈക്കാരൻമാരുടെയും ക്ലർക്കുമാരുടെയും യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അതിനുശേഷം ആൻഡ്രൂസ് പിതാവ് മേരിമാത മേജർ സെമിനാരിയിലെ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് മുണ്ടൂർ പള്ളിയിൽ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി.
6. അഭിവന്ദ്യ താഴത്ത് പിതാവ് തോളൂർ ഇടവക ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും വിവിധ മേഖലകളിൽ അവാർഡുകൾ നേടിയവരെ അനുമോദിക്കു

കയും ചെയ്തു. തുടർന്ന് അതിരൂപത കെ. സി. വൈ. എം. ഒല്ലൂരിൽ സംഘടിപ്പിച്ച വനിതാദിനാഘോഷത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. വൈകീട്ട് ഇരിഞ്ഞാലക്കുട രൂപതയിലെ കുറ്റിക്കാട് ഫൊറോന ദൈവാലയത്തിൽ നാൽപ്പതുമണിക്കൂർ ആരാധനയുടെ സമാപനത്തിൽ പങ്കെടുക്കുകയും വിശുദ്ധ ബലി അർപ്പിക്കുകയും ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചുവന്നമണ്ണ് ഇടവകയിൽ വിശുദ്ധ ബലി അർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് ലോക സി.എൽ.സി വനിതാ ദിനം ഉദ്ഘാടനം ചെയ്തു. തുടർന്ന് ചൂണ്ടൽ മഠത്തിൽ സി. ക്രിസ്തേയ സി. എം. സി. യുടെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികനായി.

7. രാവിലെ അഭിവന്ദ്യ താഴത്ത് പിതാവ് സ്ഥലംമാറ്റം ലഭിച്ച വൈദികരുടെ യോഗത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് മീഡിയ കത്തോലിക്കയുടെ യോഗത്തിൽ സംബന്ധിച്ച് മിഷൻ അനുഭവത്തിനായി പോകുന്ന ബഹുമാനപ്പെട്ട ടെഡ്സ് കുന്നപ്പിള്ളി അച്ചന് മംഗളങ്ങൾ നേരുകയും പുതിയ അംഗങ്ങൾക്ക് സ്വാഗതം ആശംസിക്കുകയും ചെയ്തു. തുടർന്ന് മുളയത്ത് ബഹുമാനപ്പെട്ട സിസ്റ്റർ കൊച്ചുത്രേസ്യ വാഴപ്പിള്ളി എസ്. എൻ. ഡി. യുടെ മൃതദേഹസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വൈകീട്ട് എരുമപ്പെട്ടി ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് സംബന്ധിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് സി. എം. ഐ. പ്രേഷിതാരം ഹൗസിൽ രാവിലെ വിശുദ്ധ ബലിയർപ്പിച്ചു.

8. രാവിലെ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് മരിച്ചുപോയ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുകയും വിശുദ്ധ ബലിയർപ്പിക്കുകയും ചെയ്തു. തൊഴിയൂർ സഭയുടെ മെത്രാനായ സിറിൽ മാർ ബസേലിയൂസ് തിരുമേനി അരമനയിൽ സന്ദർശനം നടത്തി. ഉച്ചതിരിഞ്ഞ് ആഗോള വനിതാദിനത്തോടനുബന്ധിച്ച് ഫാമിലി അപ്പോസ്തലേറ്റിൽ നടത്തിയ ആഘോഷപരിപാടികളിൽ മാർ ആൻഡ്രൂസ് പിതാവ് സംബന്ധിക്കുകയും വനിതാദിനത്തിന്റെ സന്ദേശവും ആശംസകളും നൽകി. വൈകീട്ട് അഭിവന്ദ്യ താഴത്ത് പിതാവ് വേലൂർ ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുക്കുകയുണ്ടായി. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശ്ശൂർ എസ്. കെ. ഡി. സിസ്റ്റേഴ്സിന്റെ മഠത്തിൽ ബലിയർപ്പിച്ചു. രാവിലെ കൊട്ടക്കാട് ഫൊറോന മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പോന്നോർ സ്ക്കൂളിൽ റിട്ടയർമെന്റിനോട് അനുബന്ധിച്ച് നടത്തിയ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

9. മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചക്കഴിഞ്ഞ് പ്രസ്ബിട്ടറൽ

കൗൺസിലിൽ പങ്കെടുത്തു. വൈകീട്ട് ലൂർദ് ഫൊറോന മീറ്റിംഗിൽ പങ്കെടുത്തു.

10. രാവിലെ പുതുക്കാട് ഫൊറോന ദൈവാലയത്തിൽ വിശുദ്ധ ബലി യർപ്പിച്ച അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിലും പങ്കെടുത്ത് സംസാരിച്ചു. വൈകീട്ട് പട്ടിക്കാട് ഫൊറോനയിലെയും വൈദികരുടെ മാസധ്യാനത്തിൽ താഴത്ത് പിതാവ് സംബന്ധിക്കുകയുണ്ടായി. മാർ ടോണി നീല ങ്കാവിൽ പിതാവ് മൈനർ സെമിനാരിയിൽ വി. കുർബ്ബാന അർപ്പിച്ചു. പട്ടിക്കാട്, പാലയൂർ ഫൊറോന മീറ്റിംങ്ങുകളിൽ പങ്കെടുത്തു. കുണ്ടന്നൂർ സ്ക്കൂളിൽ റിട്ടയർമെന്റിനോട് അനുബന്ധിച്ച് നടത്തിയ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

11. കണ്ടശ്ശാംകടവ് ഫൊറോന ദൈവാലയത്തിൽവച്ച് നടത്തപ്പെട്ട വൈദി കരുടെ മാസധ്യാനത്തിൽ അഭിവന്ദ്യ പിതാക്കൻമാർ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മാർ ആൻഡ്രൂസ് പിതാവ് ജ്യോതി എൻജിനിയറിങ്ങ് കോളേജിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് കണ്ടശ്ശാം കടവ് ഫൊറോന മീറ്റിംഗിൽ പങ്കെടുത്തു.

12. മോൺ. പോൾ ചിറ്റിലപ്പിള്ളിയുടെ 41–ാം ചരമവാർഷികത്തോടനുബ ന്ധിച്ച് അഭിവന്ദ്യ താഴത്ത്പിതാവ് മണ്ണുത്തി സമരിറ്റൻ ജനറലേറ്റിൽ വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് അഭിവന്ദ്യ പിതാക്കൻമാർ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് പാല യൂർ പദയാത്രയുടെ ജനറൽബോഡി മീറ്റിംഗിൽ ഇരുവരും പങ്കെടു ത്തു. അതിനുശേഷം അഭിവന്ദ്യ താഴത്ത് പിതാവ് ബഹുമാനപ്പെട്ട സിസ്റ്റർ മേരി വിയാനി സി. എസ്. എം. ന്റെ മൃതദേഹസംസ്ക്കാര ത്തിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. തുടർന്ന് പറോക്ക് സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിലും, ലോഫ് കുടുംബസംഗമത്തിലും മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് കോലഴി ചാരിറ്റി ജനറൽ ഹൗസിൽ വി. ബലി അർപ്പിച്ചു. പാസ്റ്ററൽ കൗൺസലിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വീണ്ടശ്ശേരിയിൽ വിശുദ്ധ ബലി യർപ്പിക്കുകയും പുതിയ ദൈവാലയത്തിന് ശിലാസ്ഥാപനം നടത്തു കയും ചെയ്തു. തുടർന്ന് മണ്ണുത്തി ഇടവക ദൈവാലയത്തിൽ സന്ദർശനം നടത്തി. യൂത്ത് മിനിസ്റ്റ്രിയുടെ ഭാഗമായി ക്രിസ്റ്റീന ഹോമിൽ സംഘടിപ്പിച്ച യുവജനങ്ങൾക്കുവേണ്ടിയുള്ള ക്യാമ്പിൽ അഭിവന്ദ്യ താഴത്ത് പിതാവ് സന്ദർശിക്കുകയും സന്ദേശം നൽകു കയും ചെയ്തു. ഉച്ചകഴിഞ്ഞ് പി. ഒ. സി. യിൽ കത്തോലിക്കാ കോൺഗ്രസിന്റെ യോഗത്തിൽ സംബന്ധിച്ചു. മാർ ടോണി നീല

ങ്കാവിൽ പിതാവ് രാവിലെ പഴുവിൽ വി. ബലി അർപ്പിച്ചു. മാന്ദാമംഗലം ഇടവകയുടെ സിൽവർ ജൂബിലി ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് എഡ്യുക്കേഷൻ ഓഫീസിലെയും സെന്റ് തോമസ് കോളജിലെയും റിട്ടയർമെന്റ് പ്രോഗ്രാമിൽ പങ്കെടുത്തു.

14. രാവിലെ അഭിവന്ദ്യ താഴത്ത്പിതാവ് പടിഞ്ഞാറെ കോട്ടയിലുള്ള സെന്റ്. ആൻസ് ഇടവക സന്ദർശിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. തുടർന്ന് 2014–2016 വർഷങ്ങളിലെ വൈദി കർക്കുവേണ്ടിയുള്ള തുടർപരിശീലന പരുപാടി മാർ ആൻഡ്രൂസ് പിതാവ് ഉത്ഘാടനം ചെയ്തു. ശേഷം പിതാവ് ഒല്ലൂർ ഫൊറോന യിലെ വൈദീകരുടെ മാസധ്യാനത്തിലും പങ്കെടുത്തു. ഉച്ചകഴിഞ്ഞ് എജുക്കേഷണൽ കോർപ്പറേറ്റ് ഏജൻസിയുടെ മീറ്റിംഗിൽ അഭിവന്ദ്യ താഴത്ത് പിതാവ് സംബന്ധിച്ചു. വൈകീട്ട് തുടർപരിശീലനപരിപാടി യിൽ സംബന്ധിക്കുന്ന വൈദികരുമായി കൂരിയ അംഗങ്ങളോടൊപ്പം മാർ ആൻഡ്രൂസ് പിതാവ് സംവദിച്ചു.

15. തുടർപരിശീലനപരിപാടിയിൽ സംബന്ധിക്കുന്ന വൈദികരോടൊപ്പം അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി. സി. എൽ. സി. യിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് ബഹുമാനപ്പെട്ട സിസ്റ്റർ ലൂക്ക എഫ്. സി. സി. യുടെ മൃതദേഹസംസ്ക്കാര കർമ്മത്തിന് കാർമ്മികത്വം വഹി ച്ചു. വൈകീട്ട് മാർ ആൻഡ്രൂസ് പിതാവ് സെന്റ്. ജോൺസ് ആശുപ ത്രിയുടെ ബോർഡ് മീറ്റിംഗിനായി ബാംഗളൂരിലേയ്ക്ക് പോയി. മാർ ടോണി നീലങ്കാവിൽ പിതാവ് യുവവൈദികരുടെ കൂടെ ഓൺഗോയിംങ് ഫോർമേഷൻ കോഴ്സിൽ പങ്കെടുത്തു.

16. മാർ ടോണി നീലങ്കാവിൽ പിതാവ് കല്ലേറ്റുങ്കരയിൽ ഇരിഞ്ഞാലക്കുടയിലെ യുവവൈദികർക്ക് ക്ലാസ്സെടുത്തു.

17. സെന്റ്. തോമസ് കോളേജിൽവച്ച് ബഹുമാനപ്പെട്ട ഫ്രാൻസിസ് എട ക്കളത്തൂർ അച്ചന്റെ പുസ്തകപ്രകാശനവും അച്ചനുള്ള ഉപഹാരസ മർപ്പണവും നടന്നു. തുടർന്ന് ഉപദേശകസമിതി യോഗത്തിൽ അഭി വന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. വൈകീട്ട് സാഹിത്യ അക്കാദമി ഹോളിൽവച്ച് അർണോസ് പാതിരിയുടെ 290–ാം ചരമവാർഷിക ത്തോടനുബന്ധിച്ച് നടത്തിയ അനുസ്മരണ യോഗത്തിൽ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് കൊട്ടേക്കാട് സി. എം. സി. മഠത്തിലെ ചാപ്പൽ വെഞ്ചിരിച്ചു.

18. സെന്റ്. തോമസ് കോളേജിലെ ഹോം ഡേ ആഘോഷത്തിലും യാത്ര യയപ്പുയോഗത്തിലും മാർ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു. തുടർന്ന് ഫ്രാൻസിസ്ക്കൻ സഭാംഗങ്ങൾ ലോകസമാധാനത്തിനു

വേണ്ടി ലൂർദ്ദ് കത്തീഡ്രലിൽ നടത്തിയ ആരാധനയിൽ പിതാവ് പങ്കെടുത്ത് പ്രാർത്ഥിച്ചു. ഉച്ചഭക്ഷണത്തിനുശേഷം ഈശോയുടെ പീഡാനുഭവത്തെക്കുറിച്ച് പുതുക്കാട് ഇടവകയിൽനിന്നും തയ്യാറാക്കിയ സിനിമ ചേതന സ്റ്റുഡിയോയിൽ പ്രദർശിപ്പിച്ചപ്പോൾ അഭിവന്ദ്യ താഴത്ത് പിതാവ് അതിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് കോലഴി ജനറലേറ്റിൽ വി. ബലിയർപ്പിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

19. പാലക്കാട് അഭിവന്ദ്യ മനത്തോടത്ത് പിതാവിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിലും വിശുദ്ധ ബലിയിലും മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്ത് അതിരൂപതയുടെ പേരിൽ പിതാവിന് ജൂബിലി ആശംസകൾ നേർന്നു. അഭിവന്ദ്യ ടോണി പിതാവ് തിരുവനന്തപുരം ലാറ്റിൻ രൂപതയുടെ പുതിയ ആർച്ച് ബിഷപ്പിന്റെ സ്ഥാനോഹരത്തിൽ പങ്കെടുത്തു.

20. മാർ ആൻഡ്രൂസ് പിതാവ് ജറുസലെം ധ്യാനകേന്ദ്രത്തിലെ ബൈബിൾ ഗ്രാമത്തിൽ പഠിക്കുന്ന കുട്ടികൾക്ക് അവാർഡുകൾ വിതരണം ചെയ്തു. തുടർന്ന് പുലക്കാട്ടുകര, കോനിക്കര എന്നീ ഇടവകകളിൽ സന്ദർശനം നടത്തി. ഉച്ചയ്ക്കുശേഷം അഭിവന്ദ്യ താഴത്ത് പിതാവ് ലോക സി. എൽ. സി. ദിനാചരണം ലൂർദ്ദ് കത്തീഡ്രൽ ഹാളിൽവച്ച് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കരുണയുടെ ദൂതൻമാരുടെ 28–ാമത്തെ വാർഷികം വളപ്പായ ഇടവകദൈവാലയത്തിൽവച്ച് അഭിവന്ദ്യ താഴത്ത് പിതാവിന്റെ കൃതജ്ഞതാ ബലിയോടെ ആഘോഷിച്ചു. അഭിവന്ദ്യ ടോണി പിതാവ് പുല്ലഴി സെന്റ് ജോസഫ് ഹോമിന്റെ ഗോൾഡൻ ജൂബിലി ഉദ്ഘാടനം ചെയ്തു.

21. ഡി. ബി. സി. എൽ. സി. യിൽ വച്ച് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ കെ. എസ്. ബി. സി. ഡി. സി. ലോൺവിതരണ പരിപാടിയിൽ അഭിവന്ദ്യ താഴത്ത് പിതാവ് സംബന്ധിച്ചു. തുടർന്ന് തൃശ്ശൂർ ബസിലിക്ക ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ പിതാവ് പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പാക്ട് എക്സിക്ക്യൂട്ടിവ് യോഗത്തിലും അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. തുടർന്ന് പിതാവ് കോലഴിയിലെ ചാരിറ്റി സിസ്റ്റേഴ്സിന്റെ നിത്യവ്രത വാഗ്ദാനത്തിനുള്ള അർത്ഥികളെ സന്ദർശിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് തൊയ്ക്കാവ് സ്ക്കൂളിൽ റിട്ടയർമെന്റിനോട് അനുബന്ധിച്ച് നടത്തിയ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

22. പുത്തൂർ ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ ആശുപത്രിയിൽ പുതുതായി ആരംഭിച്ച പൊള്ളലേറ്റവർക്കുള്ള ഐ.

സി. യു. പിതാവ് ആശീർവ്വദിച്ചു.

22–31 അഭിവന്ദ്യ ടോണി പിതാവ് വിശാഖപട്ടണം മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചു.

23. ബഹുമാനപ്പെട്ട സിസ്റ്റർ ബ്രൻഡ സി. എം. സി. യുടെ മൃതദേഹസംസ്ക്കാരത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. വിമല കോളേജിൽ അധ്യായന വർഷ സമാപനത്തിൽ പിതാവ് കൃതജ്ഞതാ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് പോപ്പ് പോൾ മേഴ്സി ഹോമിലെ ഹോം ഡേ ആഘോഷത്തിൽ മാർ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു. വൈകീട്ട് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ താഴത്ത് പിതാവ് കൃപാഭിഷേകം കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

24. മാർ ആൻഡ്രൂസ് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഉപദേശക സമിതി യോഗത്തിൽ സംബന്ധിച്ചു. അതിനുശേഷം പിതാവ് പറപ്പൂർ ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

25. ഒല്ലൂർ ഫൊറോന ദൈവാലയത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ ബലി അർപ്പിക്കുകയും നാൽപ്പതുമണിക്കൂർ ആരാധനയിൽ സംബന്ധിക്കുകയും ചെയ്തു. പടവരാട് വച്ച് പിതാവ് ബഹുമാനപ്പെട്ട സിസ്റ്റർ ജെറാൾഡ് എസ്. എ. ബി. എസ്. ന്റെ മൃതദേഹസംസ്ക്കാരത്തിൽ കാർമ്മികത്വം വഹിച്ച് പ്രാർത്ഥിച്ചു. രാത്രി വ്യാകുല മാതാവിന്റെ ബസിലിക്കയിൽവച്ച് ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനമനുസരിച്ച് അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപതയെ പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിന് സമർപ്പിച്ചു. തുടർന്ന് വെള്ളിയാഴ്ചകളിൽ നടത്താറുള്ള പാലയൂർ ജാഗരണ പദയാത്ര പിതാവ് ഉദ്ഘാടനം ചെയ്തു.

26. എഫ്. സി. സി. അസീസി പ്രൊവിൻഷ്യൽ ഹൗസിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് സെന്റ്. മേരീസ് കോളേജിലെ കോളേജ് ദിനാഘോഷത്തിലും പിതാവ് സംബന്ധിച്ചു. ജൂബിലി മിഷൻ ആശുപത്രിയിൽ പുതുതായി ആരംഭിച്ച റെഫറൻസ് ടെസ്റ്റ് സെന്റർ അഭിവന്ദ്യ താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. ഡി. ബി. സി. എൽ. സി. യിൽ ചേർന്ന സി. ആർ. ഐ. യോഗത്തിൽ പിതാവ് പങ്കെടുക്കുകയും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ആശംസകൾ നേരുകയും ചെയ്തു. ഉച്ചകഴിഞ്ഞ് വ്യാകുലമാതാവിന്റെ ബസിലിക്കയിൽവച്ച് മാർ ആൻഡ്രൂസ് പിതാവ് വൈദികവിദ്യാർത്ഥികൾക്ക് ചെറുപട്ടങ്ങൾ നൽകി.

27. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തിരുവില്ല്വാമല സെന്റ്. പോൾസ്


ഗുരുകുലത്തിൽ വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. എളനാട്, പങ്ങാലപ്പിള്ളി, തിരുവില്ല്വാമല, പഴയന്നൂർ, കൊമ്പഴ ഇടവകകളിൽ അഭിവന്ദ്യ താഴത്ത് പിതാവ് സന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് കുരിയച്ചിറയിൽ സ്ലം സർവ്വീസ്, അയൽക്കൂട്ടം എന്നിവയുടെ ജൂബിലി ആഘോഷങ്ങളിൽ പിതാവ് പങ്കെടുത്തു. തുടർന്ന് ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് ഏലീശ്വാ സംഗമവും പ്രോലൈഫ് ദിനാഘോഷവും അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. കുന്നംകുളത്ത് തൊഴിയൂർ സഭയുടെ 250–ാം വർഷ ജൂബിലി ആഘോഷത്തിൽ സംബന്ധിക്കുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു.

28. കോടന്നൂരിൽ അഞ്ച് കുട്ടികളുടെ മാതാവായ ജാൻസി വർഗ്ഗീസ് കള്ളിക്കാടന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷയിൽ അഭിവന്ദ്യ താഴത്ത് പിതാവ് സംബന്ധിച്ച് പ്രാർത്ഥിച്ചു.
29. തങ്ങാലൂർ ഇടവകയിലെ വെട്ടിയാടൻ ജിജോ–നിഷ ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് (ജേക്കബ്) മാർ ആൻഡ്രൂസ് പിതാവ് മാമോദീസ നൽകി. വൈകീട്ട് ചേലക്കര ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിലും പിതാവ് സംബന്ധിച്ചു.
30. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവനന്തപുരത്ത് ശാന്തിഭവൻ പാലിയേറ്റിവ് കെയർ ആശുപത്രിയുടെ ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ചു. തുടർന്ന് നവാഭിഷിക്തനായ തിരുവനന്തപുരം ലത്തീൻ മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് നെറ്റോ പിതാവിനെ സന്ദർശിച്ചു.
31. ത്യാഗരാജ അളഗപ്പ പോളിടെക്നിക്കിലെ വാർഷികാഘോഷത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ബഹുമാനപ്പെട്ട ജോർജ്ജ് തോമസ് നിരപ്പുകാലയിൽ അച്ചന്റെ മാതാവിന്റെ (സിസിലി തോമസ്) മൃതദേഹസംസ്ക്കാരത്തിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. ശേഷം ദീപിക പത്രത്തിന്റെ പുതുതായി പ്രവർത്തനമാരംഭിക്കുന്ന തൃശ്ശൂരിലെ പ്രസ്സ് പിതാവ് ആശീർവ്വദിക്കുകയും തുടർന്ന് നടന്ന യോഗത്തിൽ സംബന്ധിക്കുകയും ചെയ്തു. വൈകീട്ട് മാർ ആൻഡ്രൂസ് പിതാവ് വടക്കാൻഞ്ചേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ


## രണ്ടാം ശനിയാഴ്ചാചരണം

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെ സ്മരിച്ചുകൊണ്ടുള്ള ഏപ്രിൽ മാസത്തെ രണ്ടാം ശനിയാചരണം 09.04.2022 ൽ ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽ വച്ച് നടത്തി. ജപമാല സമർപ്പണത്തി നും ആരാധനയ്ക്കും നേതൃത്വം വഹിച്ച ത് സെന്റ് അഗസ്റ്റിൻ കോ ൺവെന്റ് കൊക്കാലെ, ചാരിറ്റി കോൺവെന്റ് തൈക്കാട്ടുശേരി എന്നീ ഭവനങ്ങളിൽ നിന്നുള്ള ബഹു. ചാരിറ്റി സഹോദരിമാരായിരുന്നു. ചെമ്മണ്ണൂർ വികാ രി റവ. ഫാ. ഫെബിൻ കുത്തൂർ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. വലിയ ആഴ്ചപ്രവേശനത്തിന് പ്രാർ ത്ഥനാശംസകൾ നേർ ന്നുകൊണ്ടാണ് ബഹു. ഫെബിന



ച്ചൻ തന്റെ വചനസന്ദേശം ആരം ഭിച്ചത്.
ധന്യനായ ഊക്കനച്ചന്റെ മാധ്യസ്ഥ്യം തേടികൊണ്ട് നാം ഇന്ന് ഈ അൽത്താരയോട് ചേർന്നിരിക്കുന്നു. ഇഹലോക ജീവിതകാലത്ത് തമ്പുരാനുവേണ്ടി, ചൊവ്വന്നൂർ ദേശത്തിനുവേണ്ടി, ഈ ഇടവകയ്ക്കുവേണ്ടി, ഇതിനോടുചേർന്നുള്ള സംരഭങ്ങൾക്കുവേണ്ടി സന്യാസിനി സമൂഹത്തിനുവേണ്ടിയെല്ലാം നിരന്തരം അധ്വാനിക്കുകയും ഇവിടെ നിന്ന് വിട പറഞ്ഞിട്ടും അന്നത്തെപൊലെ ഇപ്പോഴും അനേകരാൽ ആദരിക്കപ്പെടുവാനും, ബഹുമാനിക്കപ്പെടുവാനും ദൈവം ഇടവരുത്തിയ പുണ്യാത്മാവാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ . ഈ ലോകത്ത് ജീവിച്ചിരുന്നപ്പോൾ മറ്റുള്ളവർക്കായി ജിവിച്ച ഒരു വ്യക്തിത്വമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. പ്രത്യേകിച്ച് ദരിദ്രരോടും അവഗണന അനു വിക്കുന്നവരോടുമൊക്കെ വളരെ താല്പര്യം കാണിക്കുകയും അവരിലൊരാളായി മാറുകയും ചെയ്ത മനുഷ്യനാണദ്ദേഹം. വലിയ നോമ്പിലെ അവസാന ആഴ്ചയിലേക്ക് നാം പ്രവേശിക്കാനൊരുങ്ങുമ്പോൾ സഹനജീവിതത്തിന്റെ ഒരു ദൃർഷ്ടാന്തമായി അദ്ദേഹത്തെ നമുക്ക് കാണുവാൻ സാധിക്കും. തന്റേയും മറ്റുള്ളവരുടേയും സഹനങ്ങളെ ഏറ്റെടുത്ത് കർത്താവിന്റെ കുരിശിനോട് ചേർത്ത് സമർപ്പിച്ചപ്പോൾ, കുരിശുമരത്തിൽ അഭയംകണ്ടെത്തി സഹിച്ചപ്പോൾ, ക്ഷമിച്ചപ്പോൾ ഈ പുരോഹിതന്റെ സഹനങ്ങളെല്ലാം രക്ഷാകരമായിതീർന്നു. ഈ സഹനജീവിതയാത്രകളെല്ലാം ദിവ്യകാരുണ്യനാഥനെ സ്വന്തമാക്കാൻ അദ്ദേഹത്തെ സഹായിച്ചു. ദിവ്യകാരുണ്യ സ്നേഹത്തിൽ ആഴപ്പെടുന്നതുവഴി, കൂടെയുണ്ടാകുന്ന, ഒപ്പമുണ്ടാകുന്ന, ചേർന്ന് നടക്കുന്ന ഉത്ഥിതന്റെ സാന്നിധ്യം തിരിച്ചറിയാൻ നമുക്ക് കഴിയുന്നു. സ്വന്തം കുരിശുമെടുത്ത് അവന്റെ പിന്നാലെ അനുഗമിക്കുന്നവനാണല്ലോ ക്രിസ്തുശിഷ്യർ. നമുക്കും ഊക്കനച്ചനെപ്പോലെ സഹനങ്ങളെ രക്ഷാകരമാക്കാം. പ്രതിക്ഷയുടെ ഉയിർപ്പ് തിരുന്നാൾ ഉത്ഥിതനോടൊപ്പം ആഘോഷിക്കാം.
ചൊവ്വന്നൂർ വികാരി ബ. ഫാ. ജോജോ എടത്തിരുത്തി എല്ലാവർ ക്കും നന്ദികളർപ്പിച്ചു. തൈക്കാട്ടുശ്ശേരി ഇടവക, സെന്റ് അഗസ്റ്റിൻ യൂണിറ്റ് കൊക്കാലെ എന്നിവടങ്ങളിൽ നിന്നുള്ള വലിയൊരു വിശ്വാസി സമൂഹത്തിന്റെ സാന്നിധ്യം ആചരണത്തിന് മാറ്റുക്കൂട്ടി. പാത്രമംഗലം ഇടവകയിൽ നിന്നുള്ള കീഴൂർ മുട്ടിക്കൽ സെബാസ്റ്റ്യനും കുടുംബവുമാണ് ഈ മാസത്തെ രണ്ടാം ശനിയാചരണം ഏറ്റെടുത്ത് നടത്തിയത്.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



നോമ്പിന്റെയും ഉപവാസത്തിന്റെയും ആവശ്യകതയെക്കുറിച്ച് ദീർഘമായ ഒരു ലേഖനം ബഹുമാനപ്പെട്ട തച്ചുപറമ്പിൽ ആന്റണി അച്ചൻ എഴുതിയിട്ടുണ്ട്. അതിലെ ചില ചിന്തകൾ ഈ സമയം മനസ്സിൽ കൊണ്ടുവരാം. ഭൗമിക പറുദീസായുടെ മധ്യേനട്ടപ്പെട്ടിരുന്ന നന്മതമാതാപിതാക്കന്മാർ മക്കളെ വളർത്തുന്നതിൽ കാണിക്കേണ്ട ശ്രദ്ധയും ഉത്തരവാദിത്വ ബോധവും അച്ചൻ വ്യക്തമാക്കുന്നു.

ഏതൊരു ജീവിയും ചുരുങ്ങിയ ദിവസം കൊണ്ട് ശൈശവത്തെ വിട്ട് വളർച്ച പ്രാപിക്കുന്നു. എന്നാൽ മനുഷ്യശിശുവിന് ദീർഘനാൾ നീണ്ടുനിൽക്കുന്ന ശൈശവമാണ്. എത്ര സാവധാനത്തിലും പണിപ്പെട്ടുമാണ് ശിശു പഠിക്കു

ന്നത്. അതിനാൽ ഗൗരവമായിത്തന്നെ കുട്ടികളെ വളർത്തുന്നതിന് മാതാപിതാക്കൻമാർ കടപ്പെട്ടവരല്ലയോ എന്ന് അച്ചൻ ചോദിക്കുന്നു.

മറ്റു ജീവികളുടെ കുഞ്ഞുങ്ങൾ പ്രകൃതിദത്തമായ അറിവിനാൽ അവയുടെ ജീവസംരക്ഷണമാർക്ഷത്തെ എളുപ്പം ഗ്രഹിക്കുന്നു. ഒരു നായക്കുട്ടി പ്രസവത്തിന് ഒന്നോ രണ്ടോ ആഴ്ചകൾ കഴിഞ്ഞിട്ടെ കാഴ്ച പ്രാപിക്കുന്നുള്ളൂ. എങ്കിലും പെറ്റുവീണ സമയം തന്നെ നിഷ്പ്രയാസം അതിന് തള്ളയുടെ പാൽ കുടിക്കാൻ സാധിക്കുന്നു. എന്നാൽ മനുഷ്യക്കുഞ്ഞുങ്ങൾ ആദ്യനാളുകളിൽ അമ്മയെ തിരിച്ചറിയുന്നില്ല. അമ്മിഞ്ഞപ്പാൽ നുകരാൻ അമ്മയുടെ സഹായം വേണം. ഇതു മാതാക്കൾക്കറിയാം. ഇപ്രകാരമുള്ള നിസ്സഹായാവസ്ഥ സൂചിപ്പിക്കുന്നത് എന്താണ്? മക്കൾക്ക് സർവ്വവും ദൈവം നിശ്ചയിച്ചിരിക്കുന്നത് മാതാപിതാക്കന്മാരിൽ നിന്നാണ്. കുഞ്ഞിനെ അഭ്യസിപ്പിക്കുന്നതിന് മാതാപിതാക്കന്മാർക്കുള്ള ചുമതലയാണ് ഇവിടെ തെളിയുന്നത്.

മറ്റൊരു വസ്തുതയും അച്ചൻ വ്യക്തമാക്കുന്നു. മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തമായി ഒരു കുഞ്ഞ് എത്രമാത്രം തന്റെ മാതാപിതാക്കന്മാരെ കൂടുതലായി ആശ്രയിക്കുന്നുവോ, അത്രയും തന്നെ മാതാപിതാക്കന്മാർ ഇതിൽ അലസരാകാനും സാദ്ധ്യതയുണ്ട്. ഇതിന്റെ കാരണം മനുഷ്യന്റെ സ്വാതന്ത്ര്യം തന്നെയാണ്. മക്കളെ വെറുക്കുന്ന എത്ര മാതാപിതാക്കളാണുള്ളത് എന്ന് അച്ചൻ വേദനയോടെ ചോദിക്കുന്നു.

മാതാപിതാക്കൾ നിർദ്ധനരും സാധുക്കളുമാണെങ്കിലും തങ്ങളുടെ സന്താനങ്ങളെ ആ നിലയിൽ നിന്ന് ഉയർത്തുന്നതിന് അവർക്ക് സാധിക്കും. അതിനാണ് അവർ പരിശ്രമിക്കേണ്ടത്. നല്ല വിദ്യാഭ്യാസം വഴി, കുട്ടികളെ നന്നായി വളർത്തുന്നതു വഴി മക്കൾ സമുദായത്തിൽ മാന്യരായിത്തീരും. ചിലർ തീർത്തും നിർദ്ധനരായാലും അവരുടെ വാക്കുകൾ വിശ്വസിച്ച് എത്ര പണവും അവർക്ക് മറ്റുള്ളവർ കൊടുക്കുന്നതിന് കാരണം ആ മാതാപിതാക്കളുടെ സ്വഭാവവിശേഷമാണ്.

ഒരു ചെറിയ ഉദാഹരണത്തിലൂടെ നന്മയിൽ വളരേണ്ടതിന്റെ ആവശ്യകത അച്ചൻ വ്യക്തമാക്കുന്നു. ഒരു തുണ്ടു വെള്ളക്കടലാസിൽ രാജമുദ്ര പതിഞ്ഞാൽ എന്തായിരിക്കും വില! ശിശുക്കളുടെയും മുതിർന്നവരുടെയും മനസ്സും ഹൃദയവും ശൂന്യമായിരിക്കുന്നില്ല. ഒന്നുകിൽ നന്മയിൽ അല്ലെങ്കിൽ തിന്മയിൽ നിറഞ്ഞിരിക്കും.

നമ്മുടെ മനസ്സിനെയും ഹൃദയത്തെയും നന്മയുടെ മുദ്ര കൊണ്ട് അടയാളപ്പെടുത്താൻ അന്തോണിയച്ചൻ ആഹ്വാനം ചെയ്യുന്നു.

**ഫാ. പോൾ പുളിക്കൻ**

വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 03 |
| ഫാ. ജോൺ മൂലൻ | 03 |
| ഫാ. രാജു അക്കര | 04 |
| ഫാ. ജെയ്സൻ മാറോക്കി | 04 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 04 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 05 |
| ഫാ. ജോസഫ് വൈക്കാടൻ | 05 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 07 |
| ഫാ. സെബാസ്റ്റ്യൻ പെരൂട്ടിൽ | 07 |
| ഫാ. പോൾ പേരാമംഗലത്ത് | 08 |
| ഫാ. സിന്റോ തൊറയൻ | 08 |
| ഫാ. ആന്റണി മേനാച്ചേരി | 10 |
| ഫാ. ജോജു പനക്കൽ | 11 |
| ഫാ. അനുവിൻ താണിക്കൽ | 11 |
| ഫാ. നിർമ്മൽ അക്കരപ്പട്ട്യേക്കൽ | 12 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 14 |
| ഫാ. പോൾ തേക്കാനത്ത് | 14 |
| ഫാ. ആന്റണി അമ്മുത്തൻ | 15 |
| ഫാ. മാത്യു വെട്ടത്ത് | 15 |
| ഫാ. ജോബ് പടയാട്ടിൽ | 16 |
| ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. റാഫേൽ മുത്തുപീടിക | 19 |
| ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 19 |
| ഫാ. ജോമോൻ താണിക്കൽ | 19 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 19 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ടോണി അരിമ്പൂർ | 21 |
| ഫാ. ജോസ് എടക്കളത്തൂർ | 21 |
| ഫാ. പോൾ കാട്ടൂക്കാരൻ | 21 |
| ഫാ. സിന്റോ പൊറത്തൂർ | 21 |

| | |
|---|---|
| ഫാ. വിനോയ് വാഴപ്പിള്ളി | 21 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 23 |
| ഫാ. മേജോ മുത്തുപ്പീടിക | 24 |
| ഫാ. അലക്സ് മരോട്ടിക്കൽ | 25 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 27 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 29 |
| ഫാ. സൈജോ തൈക്കാട്ടിൽ | 29 |
| ഫാ. ഡെന്നി ചിറയത്ത് | 30 |
| ഫാ. മേജോ മരോട്ടിക്കൽ | 30 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 31 |




## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോസ് പുലിക്കോട്ടിൽ | 01 |
| ഫാ. ജോബി പുത്തൂർ | 01 |
| ഫാ. ജോസ് തത്രത്തിൽ | 01 |
| ഫാ. ജോസഫ് വൈക്കാടൻ | 01 |
| ഫാ. ഡൊമിനി ചാഴൂർ | 06 |
| ഫാ. ഡൊമിനിക് തലക്കോടൻ | 06 |
| ഫാ. ടിന്റോ തലോണിക്കര | 06 |
| ഫാ. സൈജൻ വാഴപ്പിള്ളി | 10 |
| ഫാ. ജോയ് കിടങ്ങൻ | 16 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 16 |




## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. എരിഞ്ഞേരി മാർസിലിനോസ് | 12.05.1892 |
| ഫാ. അമ്പൂക്കൻ യോഹന്നാൻ | 09.05.1929 |
| ഫാ. ചീരമ്പൻ പൊറിഞ്ചു | 07.05.1933 |
| ഫാ. ചെറയത്ത് ഔസേപ്പ് | 10.05.1936 |
| ഫാ. ആലപ്പാട്ട് ജോൺ | 07.05.1944 |
| മോൺ. എടക്കളത്തൂർ മാത്യു | 20.05.1947 |

| | |
|---|---|
| ഫാ. അമ്പൂക്കൻ അഗസ്റ്റിൻ | 16.05.1951 |
| മോൺ. പുതുശ്ശേരി ആന്റണി | 25.05.1957 |
| ഫാ. പാലയൂർ ജോർജ്ജ് | 27.05.1958 |
| ഫാ. അക്കര ജോൺ | 09.05.1963 |
| ഫാ. അറക്കൽ ജേക്കബ് | 13.05.1965 |
| ഫാ. പാറനിലം ജോസഫ് | 29.05.1970 |
| ഫാ. വടക്കൂട്ട് ജേക്കബ് | 19.05.1971 |
| ഫാ. താണിക്കൽ മാത്യു | 13.05.1972 |
| ഫാ. തെക്കിനിയത്ത് ആന്റണി Sr. | 05.05.1976 |
| ഫാ. വലിയവീട്ടിൽ ജോർജ്ജ് | 10.05.1976 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 20.05.1979 |
| ഫാ. വേഴപറമ്പിൽ ജേക്കബ് | 10.05.1981 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 15.05.1989 |
| ഫാ. മഞ്ഞളി പോൾ Sr. | 11.05.1995 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 31.05.1996 |
| ഫാ. പെല്ലിശ്ശേരി ആന്റണി | 23.05.1999 |
| ഫാ. ആളൂർ ജെയിംസ് | 17.05.2009 |
| ഫാ. പുലിക്കോട്ടിൽ ജേക്കബ് | 13.05.2010 |
| ഫാ. പുതുശ്ശേരി പോൾ | 18.05.2011 |
| ഫാ. കൂള ആന്റോ | 13.05.2016 |
| ഫാ. തട്ടിൽ ബർണാർഡ് | 01.05.2021 |
| ഫാ. തെക്കേക്കര ജോസ് Sr. | 01.05.2021 |
| മോൺ. അക്കര ജോർജ്ജ് | 02.05.2021 |
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 18.05.2021 |
| ഫാ. സിൻസൺ എടക്കളത്തൂർ | 28.05.2021 |
| ഫാ. മാത്യു പേരാമംഗലത്ത് | 29.05.2021 |

## ആദരാഞ്ജലികൾ



# റവ. ഫാ. ആന്റണി ഐനിക്കൽ (89)

കരുതലുള്ള കർമ്മനിരതനായ അജപാലകൻ, ക്രിസ്തുവിന്റെ ശാന്തത സ്വായത്തമാക്കിയ വൈദികൻ, ദൈവീകത നിറഞ്ഞ ആത്മീയ ഗുരു എന്നിങ്ങനെ ശുശ്രൂഷാമേഖലയിൽ പ്രശോഭിച്ച തൃശ്ശൂർ അതിരൂപതയിലെ സീനിയർ വൈദികനായ അയിനിക്കൽ ബഹു. ആന്റണി അച്ചൻ 2022 ഏപ്രിൽ 17 രാത്രി 10:50ന് നിര്യാതനായി.

തൃശ്ശൂർ അതിരൂപത സ്നേഹപുരം ഇടവകയിലെ പരേതരായ മാത്തുണ്ണി + മറിയം ദമ്പതികളുടെ മകനായി 1932 ഒക്ടോബർ 8 ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1960 മാർച്ച് 13ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ക്രിസ്തുവിന്റെ ശുശ്രൂഷപൗരോഹിത്യത്തിൽ ദൈവമഹത്വത്തിനായി സഭാധികാരികളെ അനുസരിക്കുക എന്ന ആപ്തവാക്യവുമായി ദൈവജനത്തിനായി കണ്ടശ്ശാംകടവ്, വാടാനപ്പിള്ളി, പുത്തൻച്ചിറ ഇടവകകളിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച

അദ്ദേഹം ഇലഞ്ഞിപ്പറ, കോടശ്ശേരി–താഴൂർ, കൂനംമൂച്ചി, ചൂണ്ടൽ, പുതുക്കാട്, ചിറ്റിശ്ശേരി, എങ്ങണ്ടിയൂർ, താണിശ്ശേരി തെക്ക്, അരിമ്പൂര്, ആളൂർ, എളവള്ളി, ചിറ്റിലപ്പിള്ളി, പറപ്പൂർ, മുണ്ടത്തിക്കോട്, കുരിയച്ചിറ, സരിതപുരം, ബ്രഹ്മകുളം എന്നിവിടങ്ങളിൽ വികാരിയായും മറ്റം, തൃശ്ശൂർ ഡോളേഴ്സ് ബസിലിക്ക, വേലൂർ, കണ്ടശ്ശാംകടവ്, വടക്കാഞ്ചേരി എന്നിവിടങ്ങളിൽ ഫൊറോന വികാരിയായും, വിവിധ സ്ക്കുളുകളുടെ മാനേജർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2004 ഫെബ്രുവരി 4–ന് വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ച അദ്ദേഹം സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

മൃതദേഹം 19–ാം തീയതി ചൊവ്വാഴ്ച രാവിലെ 6.30 ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ വി. ബലിക്കുശേഷം 7.30 മുതൽ 8.30 വരെ പൊതുദർശനത്തിന് വച്ചു. തുടർന്ന് മൃതദേഹം സ്നേഹപുരം ഇടവകയിലെ സഹോദരപുത്രന്റെ വസതിയിലേക്ക് കൊണ്ടുപോയി. മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം വീട്ടിൽ രാവിലെ 11 മണിക്ക് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ ആരംഭിച്ചു. തുടർന്ന് മൃതദേഹം രാവിലെ 11.30 മണി മുതൽ 2.30 വരെ സ്നേഹപുരം ഇടവകദൈവാലയത്തിൽ പൊതുദർശനത്തിനായി വച്ചു. ഉച്ചകഴിഞ്ഞ് 2.30 ന് സ്നേഹപുരം ഇടവക ദൈവാലയത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് ഷംഷാബാദ് രൂപതാധ്യക്ഷൻ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് കാർമ്മികത്വം വഹിച്ചു. മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നും നാലുംഭാഗങ്ങൾക്കും വി. ബലിക്കും തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കാർമ്മികത്വം വഹിച്ചു. ദിവ്യബലി മധ്യേ മാർ റാഫേൽ തട്ടിൽ പിതാവ് അനുസ്മരണസന്ദേശം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സെമിത്തേരിയിലെ സമാപനശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

**കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ദൈവജനത്തിനായി അഹോരാത്രം അധ്വാനിച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അയിനിക്കൽ ബഹു. ആന്റണിയച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലി!!**



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

മാർച്ച് 2022

**സി. ആർ. ഐ. തൃശ്ശൂർ യൂണിറ്റ് – പുതിയ നേതൃത്വം**

സി.ആർ.ഐ. തൃശ്ശൂർ യൂണിറ്റിനെ നയിക്കാൻ പുതുതായി തിരഞ്ഞെടുക്കപ്പെട്ടവർ.

പ്രസിഡണ്ട് : സി. സോഫി പെരേപ്പാടൻ SABS

വൈസ് പ്രസിഡണ്ട്: ബ്രദ. ജോസ് ചുങ്കത്ത് MMB

സെക്രട്ടറി: സി. ലെത്തീസിയ SMC

ട്രഷറർ : സി. കാഥറിൻ CHF

എക്സിക്യൂട്ടീവ് മെമ്പേഴ്സ്:

1. ഫാ. അഭിലാഷ് SDV
2. സി. ഹൃദ്യ SD
3. സി. ശോഭ SKD
4. സി. കുസുമം CSC
5. സി. ഉഷസ് CSM

**1. എസ്. എ. ബി. എസ്.**

ഫെബ്രുവരി 26 മുതൽ മാർച്ച് 2 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ബഹു. പ്രൊവിൻഷ്യലിന്റെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ സിനാക്സിസ് ചർച്ചാസമ്മേളനം നടന്നു. മാർച്ച് 4 മുതൽ 9 വരെ പടവരാട് ശാന്തി ഭവൻ മഠത്തിൽ വച്ച് Rev. Fr. Rinto Puthussery CMI നയിച്ച ധ്യാനത്തി ൽ 13 അമ്മമാർ പങ്കെടുത്തു. മാർ ച്ച് 10 മുതൽ 15 വരെ പരിയാരം CSR ധ്യാനകേന്ദ്രത്തിൽ നടന്ന ധ്യാനത്തിൽ സിസ്റ്റേ

ഴ്സ് പങ്കെടുത്തു. അതിരൂപതാ സിനഡൽ പ്രവർത്തനങ്ങൾക്കൊരുക്കമായി മാർച്ച് 10 ന് സംഘടിപ്പിച്ച മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ സംബന്ധിച്ചു. മാർച്ച്13 ന് തൃശൂർ അതിരൂപത ആചരിക്കുന്ന സിനഡിന്റെ ഓദ്യോഗിക ഉത്ഘാടനം അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ആഹ്വാനം ചെയ്തതനുസരിച്ച് എല്ലാ ഭവനസമൂഹങ്ങളിലും തിരി തെളിച്ച് പ്രത്യേക പ്രാർത്ഥന ചൊല്ലി നിർവഹിച്ചു. മാർച്ച് 13 മുതൽ 17 വരെ ആസ്പിരൻസ്, പോസ്റ്റുലൻസ് എന്നിവർക്ക് സി. ആനി മുളയ്ക്കൽ ക്ലാസ് നൽകി. മാർച്ച് 14 ന് പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ പ്രഥമ വ്രതവാഗ്ദാനത്തിനൊരുങ്ങുന്ന Second year Novicesനെ സന്ദർശിച്ച് അവർക്കു വേണ്ട ഉപദേശങ്ങളും നിർദേശങ്ങളും നൽകി. മാർച്ച് 15 ന് സി. മെറിൻ റോസ് വെളിയത്തുപറമ്പന്റെ പിതാവിന്റെ മൃതസംസ്ക്കാരചടങ്ങിൽ ബ. പ്രൊവിൻഷ്യാളമ്മയും സിസ്റ്റേഴ്സും പങ്കെടുത്തു. 25 രാജ്യങ്ങളിലെ സ്കൂളുകളിൽ നിന്നും 2021 ലെ ഗ്ലോബൽ എഡ്യൂക്കേഷൻ എക്സലൻസ് അവാർഡിന് അർഹമായ തൃശൂർ നിർമ്മലമാതാ സെൻട്രൽ സ്കൂൾ പ്രിൻസിപ്പൽ സി. ലിൻസ മരിയ പാറേക്കാടൻ, സ്ക്കൂൾ മാനേജർ, പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ എന്നിവർ മാർച്ച് 20 ന് ദുബായിൽ നടന്ന ചടങ്ങിൽ പങ്കെടുത്ത് അവാർഡ് ഏറ്റു വാങ്ങി. മാർച്ച് 21 മുതൽ 23 വികർ പ്രൊവിൻഷ്യൽ സി. മേഴ്സിറ്റ കണ്ണമ്പുഴ ആസ്പിരൻസിന് Faith Retreat നൽകി. മാർച്ച് 23 ന് നിത്യവ്രതവാഗ്ദാനത്തിനായൊരുങ്ങുന്ന ജൂനിയർ സിസ്റ്റേഴ്സിനെ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ സന്ദർശിച്ചു. മാർച്ച് 27 ന് റവ. ഫാ. റിന്റോ പുതുശ്ശേരി CMI അർപ്പിച്ച വിശുദ്ധ ബലി മദ്ധ്യേ പ്രോവിൻസിലെ 7 ജൂനിയർ സിസ്റ്റേഴ്സ് തങ്ങളുടെ വ്രതസമർപ്പണം നടത്തി. മാർച്ച് 26 മുതൽ 30 വരെ ആസ്പിരൻസ്, പോസ്റ്റുലൻസ് എന്നിവർക്ക് റവ. ഫാ. റിന്റോ പുതുശ്ശേരി CMI ധ്യാനം നൽകി.

**2. സി. എം. സി.**

കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ 3 ദിവസത്തെ Inner Healing Retreat ൽ 52 പേർ പങ്കെടുത്തു. റവ.ഫാ. സിജോ തയ്യാലക്കൽ സി.എം.ഐ ആണ് ധ്യാനം നടത്തിയത്. മാർച്ച് 3 ന് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിന്റെ നേതൃത്വത്തിൽ കോലഴിയിൽ വച്ച് ഒരു ഫോർമേഷൻ മീറ്റിംഗ് നടത്തുകയുണ്ടായി. സി. ലിസ്മിയ്ക്ക് First Nun Professional Cinematographer' in 'India Book of Records 2022 എന്ന ഇന്ത്യ ഗവൺമെന്റിന്റെ അവാർഡും, KCBC യുടെ Media Women Power Award 2022 ഉം ലഭിച്ചതിന് ഞങ്ങൾ ദൈവത്തിനു

നന്ദികളർപ്പിച്ചു. മാർച്ച് 6–ാം തിയതി മുതൽ 17–ാം തിയതിവരെ ആലുവ ജനറലേറ്റിൽ വച്ച് നടത്തിയ ഫോർമേറ്റേഴ്സ് കോഴ്സിൽ സി. ഷീല, സി. മേരി ജൂലിറ്റ് എന്നിവർ പങ്കെടുത്തു. മാർച്ച് 12 ന് ജനറൽ പ്ലിനറി കൗൺസിൽ മീറ്റിംഗ് ജനറലേറ്റിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. അതിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ, മിഷൻ സുപ്പീരിയർ സി. റോസ്, ജനറൽ പ്ലിനറി അംഗം സി.ചെറുപുഷ്പം എന്നിവർ സംബന്ധിച്ചു. 12 ന് തൃശൂർ സെന്റ് മേരിസ് ഓഡിറ്റോറിയത്തിൽ വച്ച് റവ.ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ നയിച്ച ജാഗരണപ്രാർഥനയിൽ ധാരാളം സിസ്റ്റേഴ്സും വിദ്യാർഥികളും പങ്കെടുത്ത് കൂടുതൽ ആത്മീയ ഊർജ്ജം നേടി. 13 ന് എല്ലാ ഭവനങ്ങളിലും വി.കുർബാന മധ്യേ തിരി തെളിച്ച് സിനഡൽ ഒരുക്കം ഉദ്ഘാടനം ചെയ്തു. സിനഡൽപ്രാർഥന ചൊല്ലി. 13 ന് എഡ്യുക്കേഷണൽ കൗൺസിലർ സി.മരിയ ജോസിന്റേയും കോർപറേറ്റ് മാനേജർ സി. ആത്മയുടേയും നേതൃത്വത്തിൽ തൃശ്ശൂർ സേക്രഡ് ഹാർട്ടിൽ വച്ച് ഹെഡ്മിസ്ട്രസ്സുമാർക്ക് ഒരു ദിവസത്തെ പ്രോഗ്രാം സംഘടിപ്പിക്കുകയുണ്ടായി.

17 ന് കൊട്ടേക്കാട് അസംപ്ഷൻ മഠത്തിന്റെ പുതുക്കി പണിത പള്ളിയുടെ ആശീർവാദകർമ്മം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിച്ചു. പ്രൊവിഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിനും കൗൺസിലും ഈ അനുഗ്രഹീത നിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ഡി.ബി.സി.എൽ.സി.യിൽ വച്ച് വൈദികർക്കും സമർപ്പിതർക്കും വേണ്ടി നടത്തിയ *വൈകാരിക പക്വത സമർപ്പിതജീവിതത്തിൽ* എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ട്രെയിനിംങ് പ്രോഗ്രാമിൽ പങ്കെടുത്ത സിസ്റ്റേഴ്സ് +2 വരെ സ്കൂളിൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് ഓൺലൈൻ വഴി അത് പകർന്നു നൽകി. തൃശൂർ സെൻറ് മേരിസ് കോളേജിലെയും ചേറൂർ വിമല കോളേജിലെയും കോളേജ്ഡേ ആഘോഷങ്ങളിൽ പ്രൊവിഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ അധ്യക്ഷപദം വഹിച്ചു. പുതിയ സുപ്പീരിയേഴ്സായി തെരഞ്ഞെടുക്കപ്പെട്ടവർ മാർച്ച് 19 മുതൽ 30 വരെ പരിയാരം സി.എസ്.ആർ. ൽ വച്ച് നടന്ന കോഴ്സിൽ പങ്കെടുത്ത് ആത്മാവിന്റെ നിറവും ശക്തിയും സ്വന്തമാക്കി. മാർച്ച് 19 മുതൽ 22 വരെ ആലുവ ജനറലേറ്റിൽ ജനറൽ പ്രൊവിൻഷ്യൽ കൗൺസിലുകളുടെ സംയുക്ത സമ്മേളനത്തിൽ പ്രൊവിഷ്യൽ സുപ്പീരിയർ സി.ക്രിസ്‌ലിനും കൗൺസിലും സംബന്ധിച്ചു. മാർച്ച് 24 ന് കാക്കനാട് വൊക്കേഷൻ പ്രൊമോട്ടേഴ്സ് കമ്മീഷൻ നടത്തിയ ഓൺലൈൻ മീറ്റിംഗിൽ സി. സ്റ്റെല്ലാമരിയ പങ്കെടുത്തു. ആലുവ ജനറലേറ്റിന്റെ നേതൃത്വത്തിൽ ഓൺലൈൻ വഴി നടത്തിയ ജനറൽ സെക്രട്ടറിയേറ്റ്

മീറ്റിംങ്ങിൽ സി. ബ്രീസിമരിയ, സി. സോജി മരിയ, സി. മാർഗരറ്റ് മേരി, സി. സീന റോസ് എന്നിവർ പങ്കെടുത്തു.

**3. സി. എച്ച്. എഫ്.**

01/03/2022 – ഹോളിഫാമിലി കോൺഗ്രിഗേഷനിൽ മാർച്ച് ഒന്നു മുതൽ ഏഴുവരെ കോൺഗ്രിഗേഷനിലെ യുവതലമുറയെ പങ്കെടുപ്പിച്ചു കൊണ്ട് ബഹുമാനപ്പെട്ട സുപ്പീരിയർ ജനറൽ മദർ ആനി കുര്യാക്കോസിന്റേയും കൗൺസിലിന്റേയും നേതൃത്വത്തിൽ മണ്ണുത്തി ജനറലേറ്റിൽ വച്ച് യൂത്ത് അസംബ്ലി നടത്തി. എല്ലാ പ്രോവിൻസുകളിൽ നിന്നുമുള്ള പ്രതിനിധികൾ പ്രസ്തുത അസംബ്ലിയിൽ പങ്കെടുത്തു.

12/03/2022 – നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ 2001 മുതൽ 2014 വരെ പ്രൊഫഷൻ കഴിഞ്ഞവരുടെ ബാച്ച് ഗാതറിങ്ങ് നടത്തി.

13/03/2022 – 2023 ൽ നടക്കാനിരിക്കുന്ന മെത്രാൻമാരുടെ സിനഡിന് ഒരുക്കമായി സിനഡിന്റെ ഭവനതല ഉദ്ഘാടനം അതതു ഭവനസമൂഹങ്ങളിൽ നടത്തി. നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസ് തിരിതെളിച്ച് ഉദ്ഘാടനം നിർവഹിച്ചു.

14/03/2022 – തൃശ്ശൂർ അതിരൂപതയുടെ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ യു.പി സെക്ഷനിലെ ബെസ്റ്റ് ടീച്ചേഴ്സ് അവാർഡിന് നവജ്യോതി പ്രോവിൻസ് അംഗവും ആമ്പക്കാട് സെന്റ് ജോസഫ് ഭവനാംഗവുമായ സി.ബീന വാഴപ്പിള്ളി അർഹയായി.

19/03/2022 – നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ, പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസിന്റെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ റിന്യൂവൽ സിനാക്സിസ് നടത്തി. 37 അംഗങ്ങൾ പങ്കെടുത്തു.

22/03/2022 – നവജ്യോതി എജ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള സ്ക്കൂളുകളിൽ നിന്ന് റിട്ടയർ ചെയ്യുന്ന സ്റ്റാഫിന് വേണ്ടി ഒരുക്കിയ റിട്ടയർമെന്റ് പ്രോഗ്രാമിൽ സ്ക്കൂളുകളിൽ നിന്ന് സ്റ്റാഫ് പങ്കെടുത്തു. പ്രസ്തുത മീറ്റിങ്ങിൽ നവജ്യോതി എജ്യുക്കേഷൻ കൗൺസിലർ സി.ഡോ.ആൻ കരോളിൻ ഏവർക്കും സ്വാഗതം ആശംസിക്കുകയും ഹോളിഫാമിലി കോൺഗ്രിഗേഷന്റെ മുൻ സുപ്പീരിയർ ജനറൽ മദർ ഉദയ തിരിതെളിച്ച് ഉദ്ഘാടനകർമ്മം നിർവഹിക്കുകയും പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസ് അധ്യക്ഷപദം അലങ്കരിച്ച് സംസാരിക്കുകയും ചെയ്തു.

03/03/2022 – നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ Rev.Fr.Bittaju O.ssT യുടെ നേതൃത്വത്തിൽ വാർഷികധ്യാനം നടത്തി. 64 സിസ്റ്റേഴ്സ് ധ്യാനത്തിൽ പങ്കെടുത്തു.

**4. എഫ്. സി. സി.**

മാർച്ച് 1ന് ആലുവയിൽ നിത്യവ്രതത്തിനൊരുക്കമായി ആരംഭിച്ച സീനിയേഴ്സ് കോഴ്സിൽ 8 ജൂനിയേഴ്സും ഒക്കൽ അൽഫോൻസ ഭവനിൽ വച്ച് പ്രീ–പോസ്റ്റുലൻസ് Phase I ലെ അർത്ഥിനികൾക്കായി ജനറൽ തലത്തിൽ നടത്തിയ ഒരു മാസത്തെ കോഴ്സിൽ 7 അർത്ഥിനികളും മിസ്ട്രസ്സ് പ്രോഗ്രാമിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. മേരി അംബികയും പങ്കെടുത്തു. മാർച്ച് 4 മുതൽ 9 വരെ ജനറലേറ്റിൽ വച്ച് നടന്ന ഓറിയന്റേഷൻ പ്രോഗ്രാമിൽ പ്രൊവിൻഷ്യൽ സുപ്പീരിയൽ ബഹു. സി. ലിറ്റിൽമേരിയും പ്രൊവിൻഷ്യൽ കൗൺസിലേഴ്സും പങ്കെടുത്തു. നോമ്പകാലത്തിൽ അനുഷ്ഠിച്ചു വരാറുള്ള പരിഹാരദിനം മാർച്ച് 12 ശനിയാഴ്ച എല്ലാ ഭവനങ്ങളിലും നടത്തി. പ്രോർസ്യുങ്കളായിൽ വച്ച് നടന്ന ജനറൽ പ്ലീനറി കൗൺസിൽ മീറ്റിംഗിൽ സി. ഫിൽബിയും സംബന്ധിച്ചു. മാർച്ച് 13 ഞായറാഴ്ച രാവിലെ 10 മുതൽ ഉച്ചക്ക് 1:30 വരെ അസ്സീസിയിൽ വച്ച് നടത്തിയ FCC Health Care Fraternity യുടെ മീറ്റിംഗിൽ റവ. ഫാ. റെന്നി മുണ്ടൻകുരിയൻ ക്ലാസ്സെടുത്തു. അന്നുതന്നെ ഉച്ചക്ക് 2 മണിക്ക് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സ്, ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ എന്നിവർക്കായുള്ള മീറ്റിംഗും അസ്സീസിയിൽ നടന്നു. മാർച്ച് 14ന് ജനറലേറ്റിൽ നടന്ന് പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിന്റെയും സാമ്പത്തികം കൈകാര്യം ചെയ്യുന്ന പ്രൊവിൻഷ്യൽ കൗൺസിലേഴ്സിന്റെയും പ്രൊവിൻഷ്യൽ ഫിനാൻസ് ഓഫീസർമാരുടെയും മീറ്റിംഗിൽ അസിയ പ്രൊഫ. സി. ഫോൺസി മരിയ, പ്രൊവി. കൗൺസിലർ സി. അന്ഡസ ജോൺ, ഫിനാൻസ് ഓഫീസർ സി. നാൻസി മരിയ എന്നിവർ സംബന്ധിച്ചു. മാർച്ച് 16ന് തൃശ്ശൂർ അസ്സീസി കോൺവെന്റിൽ KFFU ന്റെ ജനറൽ ബോഡി മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരിയും, സി. ജ്യോതിസ്സും പങ്കെടുത്തു. മാർച്ച് 18ന് റഷ്യ–ഉക്രെയ്ൻ യുദ്ധ പശ്ചാത്തലത്തിൽ ലോകസമാധാനത്തിനായി KFFU ന്റെ നേതൃത്വത്തിൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ നടത്തിയ ഉപവാസ–പ്രാർത്ഥനാകൂട്ടായ്മയിൽ ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മാർച്ച് 18 മുതൽ 24 വരെ ബഹു. ബിജു കൂനൻ വി. സി. നയിച്ച വാർഷിക ധ്യാനത്തിൽ 79 സിസ്റ്റേഴ്സ് സംബന്ധിച്ചു. മാർച്ച് 25 മുതൽ 30 വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രൊവിൻഷ്യൽ റിന്യൂവൽ സിനാക്സിസ് നടത്തി.

# ആദരാഞ്ജലികൾ



01/03/22 **സി.എം.സി.** കോലഴി ഹോളി ട്രിനിറ്റി മഠാംഗമായ സി. തെരേസ് ഓൾറിക് നിത്യസമ്മാനത്തിനായിവിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ്താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാരകർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



02.03.2022 **എസ്.എ.ബി.എസ്.** വേലൂപ്പാടം ഭവനാംഗമായ സി. ആനിറ്റ മഞ്ഞളി (62)നിര്യാതയായി. അതിരൂപതാ വികാരി ജനറാൾ റവ. ഫാ. ജോസ് കോനിക്കരയുടെ നേതൃത്വത്തിൽ 6 വൈദീകർ ഒരുമിച്ച് അർപ്പിച്ച വിശുദ്ധ ബലിയ്ക്ക് ശേഷം മൃതദേഹം വേലൂപ്പാടം ഇടവക ദൈവാലയ സെമിത്തേരിയിൽ സംസ്ക്കരിച്ചു.



05/03/22 **സി.എം.സി.** ചൂണ്ടൽ മരീന ഹോം മഠാംഗമായ സി. ക്രിസ്തേയ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.

# ആദരാഞ്ജലികൾ



12.03.2022 **സി.എസ്.എം** തൃശ്ശൂർ ലൂർദ്ദ് നാഥ പ്രൊവിൻഷ്യൽ ഹൗസ് അംഗമായ സി. വിയാനി (68) നിര്യാതയായി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നേതൃത്വത്തിൽ മൃതസംസ്ക്കാര കർമ്മങ്ങൾ നിർവഹിക്കുകയും കൊളങ്ങാട്ടുകര മരിയ ഭവൻ മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



14.03.2022 **എഫ്. സി. സി.** മുണ്ടൂർ സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി ഭവനാംഗമായ ബഹു. സി. ലൂക്ക ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. 15ന് ചൊവ്വാഴ്ച തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



21/03/22 **സി.എം.സി.** ചൂണ്ടൽ സെന്റ് ജോസഫ് മഠാംഗമായ സി. തെരേസ് ബ്രെൻഡ നിര്യാതയായി.. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ്താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മരീന ഹോം മഠം കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.

# ആദരാഞ്ജലികൾ



25/03/22 **സി.എം.സി.** ചൂണ്ടൽ മരീന ഹോം മഠാംഗമായ സി. മത്തിയാസ് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



25.03.2022 **എസ്.എ.ബി.എസ്.** പടവരാട് ശാന്തി ഭവൻ മഠാംഗമായ സി. ജരാർദ് (91) നിര്യാതയായി. പടവരാട് ഇടവക വികാരി റവ. ഫാ. സെബി ചിറ്റാട്ടുകരയുടെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ ബലി അർപ്പിച്ചു. തുടർന്ന് മൃതസംസ്ക്കാരം, അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിന്റെ കാർമ്മികത്വത്തിൽ മഠംവക സെമിത്തേരിയിൽ നടത്തി.

**സി. സോഫി പെരേപ്പാടൻ**
**എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം

1. വ്രതാരംഭ കൂട്ടായ്മ ഫെബ്രുവരി 28 ന് വൈകീട്ട് 5.30 ന് തളിയക്കുളക്കരയിലെ കപ്പേളയിൽ വെച്ച് നടന്നു. അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികത്വം വഹിച്ചു.

2. ഏകദിന പ്രാർത്ഥനകൂട്ടായ്മകൾ മാർച്ച് 1 മുതൽ തളിയക്കുളക്കരയിലെ കപ്പേളയിൽ ആരംഭിച്ചു.

3. ജാഗരണ പ്രാർത്ഥന തീർത്ഥാടനം ആരഭിച്ചു. മാർച്ച് 4, 11, 18, 25, ഏപ്രിൽ 1 വെള്ളിയാഴ്ചകളിലാണ് ജാഗരണ തീർത്ഥാടനം നടന്നത്. മുഖ്യജാഗരണ തീർത്ഥാടനം തൃശൂർ വ്യാകുല മാതാവിൻ ബസിലിക്കയിൽ നിന്നാരംഭിച്ച് പാലയൂരിൽ എത്തിച്ചേരുന്നു. കൂടാതെ അതിരൂപതയിലെ മറ്റു ഇടവകകളിൽ നിന്നും നേരിട്ട് പാലയൂരിലേക്ക് എത്തിച്ചേർന്നിരുന്നു.

4. പാലയൂർ മഹാതീർത്ഥാടനത്തിന് മുന്നോടിയായുള്ള പാലയൂർ കൺവെൻഷൻ അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠത്തിന്റെ നേതൃത്വത്തിൽ മാർച്ച് 31, ഏപ്രിൽ 1, 2 തിയ്യതികളിലാണ് നടന്നത്. മാർച്ച് 31ന് വൈകീട്ട് ദിവ്യബലിയർപ്പിച്ച് അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

5. തൃശൂർ അതിരൂപതയുടെ അഭിമുഖ്യത്തിൽ നടന്ന 25 –ാം പാലയൂർ മഹാതീർത്ഥാടനം പാലയൂർ തീർത്ഥകേന്ദ്രത്തിലെത്തിച്ചേർന്നു. രാവിലെ മുഖ്യതീർത്ഥാടനം അതിരൂപതാ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ലൂർദ്ദ് കത്തീഡ്രൽ വികാരി റവ. ഫാ. ഡേവിസ് പുലിക്കോട്ടിലിന് പതാക കൈമാറി ഉദ്ഘാടനം ചെയ്തു. ചേലക്കര എരുമപ്പെട്ടി, വടക്കാഞ്ചേരി, വേലൂർ കൊട്ടേക്കാട്, ക ശ്ശാംകടവ്, പഴുവിൽ, വലപ്പാട്, ഒല്ലൂർ, മറ്റം, എന്നിവിടങ്ങളിൽ നിന്നും മേഖല പദയാത്രകളും ഒന്നാംഘട്ടത്തിൽ പാലയൂരിൽ രാവിലെ 11 മണിയോടെ എത്തി ചേർന്നു. രണ്ടാംഘട്ടം പാവറട്ടിയിൽ നിന്നും 2.45 ന് ആരംഭിച്ച് 4 മണിയോടെ പാലയൂരിൽ എത്തിചേർന്നു. തുടർന്ന് പൊതുസമ്മേളനം ആരംഭിച്ചു. അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ സ്വാഗതമാശംസിച്ച പൊതുസമ്മേളനത്തിൽ അതിരൂപതാ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. വിശ

്വാസം തീക്ഷ്ണതയോടെ ഏറ്റുചൊല്ലാൻ നമ്മെ മഹാതീർത്ഥാടനം സഹാ യിക്കട്ടെ എന്ന് പിതാവ് അഭിപ്രായപ്പെട്ടു. രജത ജൂബിലിയാഘോഷിക്കുന്ന പാലയൂർ മഹാതീർത്ഥാടന പൊതുസമ്മേളനം 1998 ൽ പാലയൂർ തീർത്ഥാ ടനം തുടങ്ങി വെച്ച മാർ ജെയ്ക്കബ്ബ് തൂങ്കുഴി മെത്രാപോലീത്ത ഉദ്ഘാടനം ചെയ്തു. കേരളക്കരയിലെ മാർതോമാ ശ്ലീഹായുടെ പാദസ്പർശനമേറ്റ പാ ലയൂർ പുണ്യഭൂമിയിൽ വെച്ച് മാർ തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വ ത്തിന്റെ 1950–ാം വാർഷികം മുഖ്യാതിഥിയും പാലക്കാട് രൂപത ബിഷപ്പുമാ യ മാർ ജെയ്ക്കബ്ബ് മനത്തോടത്ത് ദീപം തെളിയിച്ച് അനുസ്മരിച്ചു. പാല യൂർ മഹാതീർത്ഥാടനം സെക്രട്ടറി ശ്രീ. സി. കെ. ജോസ് പൊതുസമ്മേള ന അവതരണം നടത്തി. വികാരി ജനറാൾ മോൺ. ജോസ് കോനിക്കര, കെ. സി. ബി. സി. ലെയ്റ്റി കമ്മീഷൻ സെക്രട്ടറി പ്രൊഫ. കെ. എം. ഫ്രാൻ സിസ്, എന്നിവർ ആശംസകളർപ്പിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന വിശ്വാസപ്രതിജ്ഞ ചൊല്ലി കൊടുത്തു. ആർച്ച് പ്രീ സ്റ്റ് ഡോ. ഡേവിസ് കണ്ണമ്പുഴ തീർത്ഥാടന പ്രവർത്തനങ്ങളെ വിശദീകരി ച്ചു. മുൻ വർക്കിംഗ് ചെയർമാൻമാരായ റവ. ഫാ. ലൂയിസ് എടക്കളത്തൂർ, റ വ. ഫാ. ജോൺ കിടങ്ങൻ, റവ. ഫാ. ജോസ് പുന്നോലിപറമ്പിൽ, ജനറൽ സെക്രട്ടറിമാരായ നിര്യാതനായ ജോസ് ചിറ്റിലപ്പിള്ളി, ജെയ്സൺ സി. ജി. , സി. കെ. ജോസ് എന്നിവരെ ആദരിച്ചു. ജനറൽ കൺവീനർ റവ. ഫാ. അ ജിത്ത് തച്ചോത്ത് യോഗത്തിന് നന്ദിയർപ്പിച്ചു. തുടർന്ന് അഭിവന്ദ്യപിതാക്ക ന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ ദൈവാലയത്തിൽ ദിവ്യബലിയുണ്ടായി രുന്നു.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ പ്രിയ മക്കളേ,

പരീക്ഷകൾ എല്ലാം കഴിഞ്ഞ് വേനൽ അവധിക്കാലം ആഘോഷിക്കുന്ന തിരക്കിലായിരിക്കുമല്ലേ? അവധിക്കാലം എങ്ങിനെപ്പോകുന്നു? ബന്ധുക്കളുടെയും കൂട്ടുകാരുടെയും വീടുകളിൽ പോകാൻ തുടങ്ങിയോ? വീട്ടിലിരുന്ന് സമയം വെറുതെ കളയാതിരിക്കാൻ നിങ്ങളുടെ മാതാപിതാക്കൾ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയോ? നിങ്ങൾക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ പഠിച്ചെടുക്കുന്നതിന് അവധിക്കാലം ഉപയോഗിക്കുന്നത് നല്ലതാണ്. അതോടൊപ്പം എല്ലാദിവസവും വിശുദ്ധ ബലിയിൽ പങ്കെടുക്കാനും നിങ്ങൾ നിർബന്ധംപിടിക്കണം. നിങ്ങളുടെ ഈ അവധിക്കാലം ഏറ്റവും നന്നായി ആഘോഷിക്കാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മെയ് മാസം പരിശുദ്ധ അമ്മയോടുള്ള പ്രത്യേക വണക്കത്തിന്റെ മാസമാണ്. കോവിഡ് മഹാമാരിയിൽ നിന്നും നമ്മെ സംരക്ഷിച്ചതിന് നന്ദിസൂചകമായി ദൈവമാതാവിന്റെ വണക്കമാസം നമുക്ക് ആഘോഷിക്കാം. അതുപോലെ മെയ് മാസം ആഘോഷമായ കുർബാന സ്വീകരണത്തിന്റെ തിരക്കുകളുള്ള സമയമാണല്ലോ. നിങ്ങളിൽ കുറേപേരെങ്കിലും ഈശോയെ ആഘോഷമായി സ്വീകരിക്കാൻ ഒരുങ്ങുന്നുണ്ടായിരിക്കും. ആഘോഷമായ കുർബാന സ്വീകരണത്തിനൊരുക്കമായുള്ള ക്ലാസുകളും മറ്റുമായി തിരക്കുപിടിച്ച കുറേനാളുകൾ! മറ്റുചിലരാകട്ടെ സഹോദരങ്ങളുടെ ആഘോഷമായ കുർബാന സ്വീകരണത്തിനായി, വിവിധ സമ്മാനങ്ങൾക്കായി ഒരുങ്ങിയിരിക്കുന്നുണ്ടാകും. ബാഹ്യമായ ഈ ഒരുക്കങ്ങൾക്കിടയിൽ ആത്മീയമായി ഒരുങ്ങുന്ന കാര്യം നിങ്ങൾ മറന്നുപോകരുത്.

ഈശോയെ ആഘോഷമായി സ്വീകരിക്കുന്ന സുദിനത്തിൽ നാല് സമ്മാനങ്ങളാണ് ഈശോ നിങ്ങൾക്കായി പ്രത്യേകം ഒരുക്കിവച്ചിരിക്കുന്നത്. ഒന്നാമതായി ഈശോയുടെ സ്വന്തം ശരീരം തന്നെയാണ്. വിശുദ്ധ കുർബാനയിൽ നമ്മോടുള്ള സ്നേഹത്തെപ്രതി നമ്മിൽ വസിക്കാനായി ഈശോ തിരുശരീരരക്തങ്ങളുടെ സാദൃശ്യത്തിൽ നമ്മി

ലേയ്ക്ക് ഇറങ്ങിവരുന്നു. രണ്ടാമത്തെ സമ്മാനം ഈശോയുടെ വചനമാണ്. വിശുദ്ധ ഗ്രന്ഥത്തിലൂടെ ശക്തമായ ദൈവവചനമായി ഈശോ നമുക്ക് സമീപസ്ഥനാകുന്നു. ഈശോയുടെ ആത്മാവാണ് നമുക്കുള്ള മൂന്നാമത്തെ സമ്മാനം. ഈശോയെ പരസ്യജീവിതകാലത്ത് നയിച്ച അതേ ആത്മാവുതന്നെ നമ്മിലും വസിക്കും. സ്ഥൈര്യലേപനത്താൽ നാം പ്രത്യേകമാംവിധം പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു. ആത്മാവിന്റെ ഫലങ്ങളും ദാനങ്ങളും നമ്മിൽ നിറയാനായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. നാലാമതായി തന്റെ അമ്മയെതന്നെയാണ് ഈശോ നമുക്ക് നൽകുന്നത്. നാം സ്വീകരിക്കുന്ന ഉത്തരീയം പരിശുദ്ധ അമ്മയുടെ പ്രത്യേക സാന്നിധ്യവും അമ്മനൽകുന്ന സംരക്ഷണവും നമ്മെ ഓർമ്മിപ്പിക്കുന്നു.

ആഘോഷമായി ഈശോയെ സ്വീകരിക്കാൻ ഒരുങ്ങുന്ന എന്റെ കുഞ്ഞുകൂട്ടുകാരോട് ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ട ഒരു ദിവസത്തിലേക്കാണ് നിങ്ങൾ ഒരുങ്ങിക്കൊണ്ടിരിക്കുന്നത്. ജീവിതകാലംമുഴുവൻ ഈശോയെ ഒരു ആത്മാർത്ഥ സുഹൃത്തായി സ്വീകരിക്കാൻ നിങ്ങൾ നന്നായി ഒരുങ്ങണം. അതിന് ആദ്യമേ ചെയ്യേണ്ടത് ഈശോയ്ക്ക് അഹിതമായത്, അതായത് ഈശോയ്ക്ക് ഇഷ്ടമില്ലാത്തത് ചെയ്യരുത് എന്നതാണ്. നമ്മുടെ വീട്ടിൽ നമ്മുടെ കൂട്ടുകാർ കടന്നുവരുമ്പോൾ അവരുടെ സാന്നിധ്യം കൂടുതൽസമയം ലഭിക്കാൻ നാം അവർക്ക് ഇഷ്ടമുള്ളവ നൽകുകയും അവർക്ക് ഇഷ്ടമുള്ളവ സംസാരിക്കുകയുമല്ലേ ചെയ്യുക. ഇതുപോലെ ഈശോയുടെ നിരന്തരമായ സാന്നിധ്യം നമ്മുടെ ഹൃദയത്തിൽ നിലനിൽക്കാൻ ഈശോയ്ക്ക് ഇഷ്ടമില്ലാത്ത യാതൊന്നും നാം ചെയ്യരുത്. കുട്ടികളുടെ മധ്യസ്ഥനായ വിശുദ്ധ ഡൊമിനിക്ക് സാവിയോ എടുത്തിരുന്ന "പാപത്തേക്കാൾ മരണം" എന്ന പ്രതിജ്ഞ നമുക്കും സ്വീകരിക്കാം. അതായത് ഏതെങ്കിലും ഒരു പാപം ചെയ്ത് ഈശോയെ വേദനിപ്പിക്കുന്നതിനേക്കാൾ ഞാൻ മരിക്കാൻ ആഗ്രഹിക്കുന്നു. ഈശോയുടെ നല്ല കൂട്ടുകാരാകാൻ നിങ്ങൾക്ക് സാധിക്കട്ടെയെന്ന് ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലനകേന്ദ്ര വാർത്തകൾ

പുതിയ അധ്യയനവർഷത്തേക്കുള്ള തയ്യാറെടുപ്പുകളുടെ സമയമാണല്ലോ. മുൻവർഷങ്ങളേക്കാൾ മികച്ച വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടത്താം. കഴിഞ്ഞവർഷത്തിലെ വിജയികളെയും ഉന്നതവിജയം കരസ്ഥമാക്കിയവരെയും റാങ്ക് ജേതാക്കളെയും അവരെ പരിശീലിപ്പിച്ചവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. അവധിക്കാലത്ത് കുട്ടികളുടെ വിനോദത്തിനും വിശ്വാസപരിശീലനത്തിനുമായി വിവിധ ഓൺലൈൻ പരിപാടികൾ സംഘടിപ്പിച്ചവർക്കും നടത്തിയവർക്കും പങ്കെടുത്തവർക്കും ഹൃദയപൂർവ്വം നന്ദി. പരിശുദ്ധ കന്യകാമാതാവിനോടുള്ള സവിശേഷഭക്തിയുടെ ഈ മാസത്തിൽ, പരി. അമ്മയോടൊപ്പം നമുക്കും പ്രാർത്ഥനാനിരതരാകാം; വിശ്വാസത്തിന്റെ വഴിയിൽ മുന്നേറാം; ദൈവേഷ്ടത്തിന് നമ്മെത്തന്നെ സമർപ്പിക്കാം.

## SUNDAY CATECHISM

**1. ACC, Std. XII പരീക്ഷാഫലം**

ACC, Std. XII പരീക്ഷാഫലം ഏപ്രിൽ 9 ന് മീഡിയാ കത്തോലിക്കയിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും വിശ്വാസപരിശീലനഡയറക്ടർ റവ.ഡോ. ഫ്രാൻസിസ് ആളൂരിന്റെയും നേതൃത്വത്തിൽ സംപ്രേഷണം ചെയ്തു. വിജയികൾക്കും റാങ്ക് ജേതാക്കൾക്കും അഭിനന്ദനങ്ങൾ.

**2. പുതിയ അധ്യയന വർഷം 2022–2023**

പുതിയ അധ്യയനവർഷം ജൂൺ 5–ന് ആരംഭിക്കുന്നു. അധ്യയന വർഷാരംഭ പ്രാർത്ഥനയോടുകൂടി ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്. അടുത്ത അധ്യയനവർഷത്തെ പ്രവർത്തനപരിപാടികളെക്കുറിച്ചും മറ്റും ചർച്ചകളും ആലോചനകളും നടക്കുകയാണ്. ലഭിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് മീറ്റിംഗുകളിൽ ചർച്ച ചെയ്ത് മറുപടി നൽകണം. വിശദമായ പരിപാടികൾ പിന്നീട് അറിയിക്കുന്നതാണ്.

പുതിയ വിദ്യാർത്ഥികളുടെയും വിശ്വാസപരിശീലകരുടേയും ഡാറ്റ, അഡ്മിഷനുകൾ നടത്തുമ്പോൾത്തന്നെ ശേഖരിച്ച് സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണ്.

**3. പ്രമോഷൻ & 2022–23 അക്കാദമിക് ഇയർ ക്രിയേഷൻ**

2022–23 അക്കാദമിക് ഇയർ– വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും മെയ് 30 ന് സോഫ്റ്റ് വെയറിൽ ക്രിയേറ്റ് ചെയ്യുന്നതാണ്. അതിനു മുമ്പ് എല്ലാ യൂണിറ്റുകാരും ക്ലാസ്സ് പ്രമോഷൻ നടത്തേണ്ടതാണ്.

**4. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി**

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും സവിശേഷമായ നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ധാരാളമായി ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്നതിന് അവരെ പ്രാപ്തരാക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു. പ്രത്യേകമായി കഴിഞ്ഞ വർഷവും ഈ വർഷവും വിശ്വാസപരിശീലനത്തിൽനിന്നും വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകരുടേയും പേര്, ഇടവക, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ പ്രിൻസിപ്പൽ കോൺഫ്രൻസിനു വരുമ്പോൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്.

**5. പുതിയ യൂണിറ്റ്**

പുതിയ അധ്യയനവർഷത്തിൽ ഏതെങ്കിലും പുതിയ യൂണിറ്റ് ആരംഭിക്കുകയോ, ഏതെങ്കിലും യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ 2022 മെയ് 15–ന് മുമ്പ് വിശ്വാസപരിശീലന ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

**6. ഫൊറോന പ്രൊമോട്ടർമാർ**

വിശ്വാസപരിശീലന ഫൊറോന പ്രൊമോട്ടർമാരായ വൈദികരുടെ പേരുവിവരം താഴെകൊടുക്കുന്നു.

| FORANE | NAME & PLACE/PARISH | MOBILE |
|---|---|---|
| Chelakkara | Fr. Kappilanirappel Jijo<br>Mayannur | 8547250833 |
| Erumapetty | Fr. Chiriyankandath Geo<br>Puthuruthy | 8606127538 |
| Kandassankadvu | Fr. Vadakkan Roy Joseph<br>Eravu | 9447615321 |
| Kottekad | Fr. Panamkulam Davis<br>Mundur | 9496346180 |
| Mattom | Fr. Pidiyath Wilson<br>Chittattukara | 9497622905 |
| Ollur | Fr. Pulikottil Jaison<br>Chiyyaram, Vijayamatha | 9944229373 |

| | | |
|---|---|---|
| Palayur | Fr. Chiriyankandath Prince Perakam | 8281755899 |
| Parappur | Fr. Panackal Joju Puranattukara | 9447771547 |
| Pattikad | Fr. Eluvathingal Antos Chuvannamannu | 9020905129 |
| Pazhuvil | Fr. Vadakkethala Saju Kizhupillikkara | 9995875666 |
| Pudukad | Fr. Kanjirathingal Seby Mannampetta | 9447617912 |
| Puthur | Fr. Vazhappilly Frajo Mannamangalam | 9562224490 |
| Thrissur Lourdes | Fr. Edakkalathoor Varghese Minor Seminary, Madona Nagar | 9656020925 |
| Thrissur Dolours | Fr. Anthikadan Johnson West Fort | 8903211951 |
| Velur | Fr. Chittilapilly Joffy Thangalur | 9447464929 |
| Wadakkanchery | Fr. Palathingal Paulson Thiroor | 9447276312 |

**7. പാഠപുസ്തകങ്ങളെ കുറിച്ചുള്ള അറിയിപ്പ്**

ഞായർ വിശ്വാസപരിശീലനം 1–ാം ക്ലാസ്സുമുതൽ 12–ാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങൾക്ക് 2022-23 അധ്യയനവർഷത്തിൽ മാറ്റമില്ല. ACC-ക്ക് ഒന്നാമത്തെ സിലബസ്സ് ആണ് പഠിപ്പിക്കേണ്ടത്. (YOUCAT, ഉപപാഠം) പുസ്തകങ്ങൾ വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും ലഭ്യമാണ്.

**8. പാഠപുസ്തകവിതരണം – 2022 മെയ് 16 മുതൽ**

**2022 മെയ്16 മുതൽ** വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങുന്നതാണ്. ഇതുസംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

a) വാങ്ങേണ്ട പുസ്തകങ്ങളുടെ ഓർഡർ (ഇൻഡന്റ്) പുസ്തകങ്ങൾ വാങ്ങാൻവരുന്നതിന് 5 ദിവസം മുമ്പ് ഇമെയിൽ catechismtrichur@gmail.com വഴി അയച്ചിരിക്കണം. ഓർഡർ ഫോം വിശ്വാസപരിശീ

ലന ബ്ലോഗിൽ നിന്നും, സോഫ്റ്റ് വെയറിലെ News എന്നതിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഓർഡർ ഫോം ഇവിടെ ലഭിച്ചുകഴിഞ്ഞാൽ അതനുസരിച്ചുള്ള പുസ്തകങ്ങൾ ഇവിടെ ഒരുക്കി വയ്ക്കുന്നതാണ്. എക്സൽ ഫോർമാറ്റിൽ ലഭിക്കുന്ന ഓർഡർ ഫോം എക്സൽ ഫോർമാറ്റിൽ തന്നെ തിരിച്ച് അയയ്ക്കേണ്ടതാണ്. പുസ്തകം വാങ്ങുന്നതിനുള്ള തിരക്കും കാത്തുനിൽപ്പും ഇതുവഴി ഒഴിവാക്കാം. പുസ്തകം കൊണ്ടുപോകാൻ വരുമ്പോൾ ബില്ലുപ്രകാരം ആദ്യം പണമടയക്കണം. അതിനുശേഷമേ പുസ്തകങ്ങൾ ലഭിക്കുകയുള്ളൂ. പുസ്തകവിതരണം രാവിലെ 10 മണിമുതൽ ഉച്ചതിരിഞ്ഞ് 4 മണിവരെ മാത്രം.

b) വാങ്ങിക്കൊണ്ടുപോയ പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. അതിനാൽ ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക.

## 9. Std. XII - First Three Rank Holders



**First Rank**
**Melvin K V**
Thalakkottukara



**Second Rank**
**Neha Jimmy T**
Pavaratty



**Third Rank**
**Joshni Joshy C**
Thiruthiparambu

## 10. Sunday Catechism Std. XII - Rank List (Feb.-2021)

| Rank | Register No | Student Name | Unit |
|---|---|---|---|
| 1 | 22CMT14596 | Melvin K V | Thalakkottukara |
| 2 | 22GXY12026 | Neha Jimmy T | Pavaratty |
| 3 | 22CMT14948 | Joshni Joshy C | Thiruthiparambu |
| 4 | 22HIS10879 | Emy Shaju | Peramangalam |
| 5 | 22QNQ13370 | Jasmine Baby | Valakkavu |
| 6 | 22QNQ13279 | Agnes Shaij | Mannamangalam |
| 7 | 22CMT13618 | Sreya Joju | Mukkattukara |
| 8 | 22QNQ10308 | Mesmin Rose Joby | Arimpur |
| 9 | 22GXY10164 | Jomol Johnson | Eyyal |
| 10 | 22GXY12849 | Jainy K J | Kallur West |

| | | | |
|---|---|---|---|
| 11 | 22HIS11150 | Aleena K C | Ammadam |
| 12 | 22CMT13903 | Edeline Joby | Thrissur Lourdes |
| 13 | 22CMT14605 | Mareena K Justin | Thalakkottukara |
| 14 | 22GXY12918 | Aneena Thomas | Nandipulam North |
| 15 | 22GXY11848 | Jovel J Vazhappilly | Chemmannur |

**11. ACC Rank Holders**



**First Rank**
**Anvitha Joy**
Thayyur



**Second Rank**
**Mariya Nevlin Babu**
Kuriachira



**Third Rank**
**Ann Maria Josmon**
Kuriachira

| Rank | Register No | Student Name | Unit |
|---|---|---|---|
| 1 | T/43946/20 | Anvitha Joy | Thayyur |
| 2 | T/43742/20 | Mariya Nevlin Babu | Kuriachira |
| 3 | T/43739/20 | Ann Maria Josmon | Kuriachira |
| 4 | T/42741/20 | Mary Rose | Anjoor |
| 5 | T/44098/20 | Susmitha A Benny | Wadakkanchery |
| 6 | T/43707/20 | Christy Rose Shajan | Chettupuzha |
| 7 | T/43535/20 | Tinu Norby | Mullakkara |
| 8 | T/43112/20 | Sandra Shaju | Chazhur |
| 9 | T/42870/20 | Sajna Sunny | Pavaratty |
| 9 | T/44056/20 | Jesrin Mariya Francis | Thiroor |
| 10 | T/42237/20 | Josna P J | Eravu |
| 11 | T/42737/20 | Shalet Shajan | Venginissery |
| 12 | T/43922/20 | Anugraha Johny | Thandilam |
| 13 | T/43703/20 | Sandra Maria Paul | Ayyanthole |
| 14 | T/42635/20 | Aparna P R | Ollur |
| 15 | T/42811/20 | Alma Rose Sabu | Kottapady |

## 13. ACC- Prize Holders (Feb.-2022)



**First Rank**
**Christy Rose Shajan**
Chettupuzha



**Second Rank**
**Niya Davis**
Machad



**Third Rank**
**Anvitha Joy**
Thayyur

## DAILY CATECHISM

**1. പുതിയ അധ്യയന വർഷം 2022–2023**

പുതിയ അധ്യയനവർഷം ജൂൺ 1–ന് ആരംഭിക്കുന്നു.

**2. പാഠപുസ്തകവിതരണം – 2022 മെയ് 16 മുതൽ**

**2022 മെയ് 16 മുതൽ** വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങുന്നതാണ്. ഓർഡർ ഫോം വിശ്വാസപരിശീലന ബ്ലോഗിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. blog. address: catechismtrichur.blogspot.com

**3. School Catechism Scholarship Rank List**

| Rank | Name | Register No. | School |
|---|---|---|---|
| | | **CLASS : IV** | |
| 1 | Ann Rose Joju | SC04221036 | Ollur, St.Raphael's CLPS |
| 2 | Aleena Rose M R | SC04221055 | Thrissur, sacred heart CLPS |
| 3 | Godwin P Sevi | SC04221045 | Pudukad, St.Xavier's CUPS |
| | | **CLASS : VII** | |
| 1 | Angel Lazer | SC07222037 | Ollur, St.Raphael's CGHS |
| 2 | Irine Rose Shabu | SC07222062 | Thrissur, Sacred Heart CGHS |
| 3 | Merin Maria Shabu | SC07222063 | Thrissur, Sacred Heart CGHS |
| | | **CLASS : X** | |
| 1 | Ansa K J | SC10223052 | Pavaratty, Christ King CGHS |
| 2 | Christina paul | SC10223053 | Pavaratty, Christ King CGHS |
| 3 | Acquina sunil | SC10223023 | Ollur, St.Mary's CGHS |

## 4. Moral Science Scholarship Rank List

| Rank | Name | School |
|---|---|---|
| **CLASS : IV** | | |
| 1 | Diya sanil | Thrissur, Sacred Heart CLPS |
| 2 | Ujwal Krishna V U | Ponnani,Vijayamatha EMHSS |
| 2 | Sreya S | Westfort, St. Annes CGHS |
| 2 | Sheza Sageer | Kandassankadavu, S.H. Of MCLPS |
| 2 | Arthana C G | Kandassankadavu, S.H. Of MCLPS |
| 2 | Caishnav C V | Mukkattukkara, St.George CLPS |
| 2 | Gadha Sathyan | Thrissur, Sacred Heart CLPS |
| 2 | Uma E M | Thrissur, Sacred Heart CLPS |
| 3 | Goutham Krishna K B | Manalur, St.Teresa's UPS |
| 3 | Uthra K U | Perinchery, LFLPS |
| 3 | Jassica Joshy | Attathara, St.Francis LPS |
| 3 | Goutham Krishna K B | Manalur, St.Teresa's UPS |
| 3 | Thanudev c | Westfort, St.Annes CGHS |
| 3 | Minha Shareef | Mammiyur, LFCUP School |
| **CLASS : VII** | | |
| 1 | Lakshminanda A V | Ponnani,Vijayamatha EMHSS |
| 1 | Nandana Sajayan | Aranattukara, IJ GHS |
| 1 | Suryagayathri K M | Cheralayam, Holy Child CGUPS |
| 2 | Niveditha R M | Cheralayam, Holy Child CGUPS |
| 2 | Dharsana N V | Pudukad, St.Xavier's CUPS |
| 2 | Adinandha P S | Pavaratty, Christ King CGHS |
| 2 | Niveditha Prajithan | Manalur, St.Teresa's UPS |
| 2 | Adhilakshmi P R | Manalur, St.Teresa's UPS |
| 2 | Pournami K P | Manakody, St.Jemma's CUPS |
| 2 | Maheswari Madhu | Thrissur, Sacred Heart CGHS |
| 2 | Punnya M P | Ollur, St.Mary's CGHS |
| 2 | Sradha T Manoj | Thrissur,St.Clare's CGHS |
| 2 | Nayana T | Ponnani,Vijayamatha EMHSS |
| 2 | Vidhyalakshmi T G | Ponnani,Vijayamatha EMHSS |
| 3 | Hiba Nisrin | Brahmakulam, St.Theresa's GHS |
| 3 | Sreeshma T R | Ollur, St.Mary's CGHS |

| | | |
|---|---|---|
| 3 | Isha Satheesh | Thrissur,St.Clare's CGHS |
| 3 | Aadhi lakshmi | Thrissur, Sacred Heart CGHS |
| 3 | Sivakami V N | Ollur, St.Raphael's CGHS |
| 3 | Nivedhya K B | Pudukad, St.Xavier's CUPS |
| 3 | Anamika P S | Kandassankadavu, SH of MCGHS |
| 3 | Hrithika Dhananjay A | Mammiyur, LFCUP School |
| | **CLASS : X** | |
| 1 | Devanandha N R | Thrissur, Sacred Heart CGHS |
| 1 | Sreeparvathy V K | Ponnani,Vijayamatha EMHSS |
| 2 | Theertha V S | Mammiyur, LFCGHS |
| 2 | Parvathy V S | Thrissur,St.Clare's CGHS |
| 3 | Prarthana Sumesh | Kandassankadavu, SH of MCGHS |
| 3 | Vishnupriya M | Ponnani,Vijayamatha EMHSS |
| | **CLASS : XII** | |
| 1 | Elva Edison | Thrissur,St.Clare's CGHS |
| 2 | Hailmary Geejo | Thrissur,St.Clare's CGHS |
| 3 | Remy Rajan | Chembukkavu, Holy Family CGHSS |

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗസ്ഥനായ പിതാവ് നിറവേറ്റിത്തരും.**
***(മത്തായി 18:19)***

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies**

(affiliated to Katholicke Universiteit, Leuven, Belgium):

■ അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.

■ ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു. അവാർഡ് & മെറിറ്റ് ഡേ എപ്രിൽ 24 –ന് നടന്നു.

അടുത്ത ജൂണിൽ ആരംഭിക്കുന്ന പുതിയ ബാച്ച് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**2. Certificate Course in Theology (One Year)**

(affiliated to Chair for Christian Studies and Research, Calicut University)

■ അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.

■ 24 വിഷയങ്ങളുള്ള കോഴ്സാണിത്.

■ ബോധന മാദ്ധ്യമം: മലയാളം

■ മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.

■ ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

അടുത്ത ജൂണിൽ ആരംഭിക്കുന്ന പുതിയ ബാച്ച് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**3. Course on Theology of Family**

■ തൃശ്ശൂർ അതിരൂപതയിലെ ദമ്പതികൾക്കുവേണ്ടി

■ ലീജിയൺ ഓഫ് അപ്പോസ്തോലിക് ഫാമിലിസുമായ് (LOAF) ചേർന്ന് നടത്തുന്നു.

■ കുടുംബദൈവശാസ്ത്രത്തെകുറിച്ചുള്ള കോഴ്സ്

■ 2022 ജനുവരി മുതൽ 2023 മെയ് വരെയാണ് കോഴ്സ്. മാസത്തിലെ നാലാമത്തെ ഞായറാഴ്ചയാണ് ക്ലാസ്സ്. (2 pm-5 pm)

■ 45 ദമ്പതികളാണ് (90 പേർ) ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

**4. Advanced Certificate Course in Theology**

(affiliated to Chair for Christian Studies and Research, Calicut University):

സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course മേരിമാതാ മേജർ സെമിനാരിയിൽ ജൂൺ മാസത്തിൽ ആരംഭിക്കും.

അടുത്ത ജൂണിൽ ആരംഭിക്കുന്ന പുതിയ ബാച്ച് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**5. Certificate Course in Theology (Two Years)**

(affiliated to Chair for Christian Studies and Research, Calicut University)

- ■ അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- ■ 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ■ ബോധന മാദ്ധ്യമം: മലയാളം
- ■ മാസംതോറും ഒരു ഞായറാഴ്ച Online ആയി ക്ലാസ്സ്
- ■ രണ്ട് വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

ഈ Certificate Course-ൽ 120 പേരാണ് പങ്കെടുക്കുന്നത്. കാർമൽ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്നു.

**6. Catechumenate Course**

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും. ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**7. Basic CTC & Advanced CTC**

നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരിശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം. അടുത്ത Basic CTCയുടെ തിയ്യതികൾ വൈകാതെ അറിയിക്കുന്നതാണ്.

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്.

TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

**8. Basic Bible Course (BBC)**

തൃശൂർ അതിരൂപത ബൈബിൾ പ്രേഷിതത്വവും തിയോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടത്തുന്ന ബൈബിൾ ക്ലാസ്സ് ഞായറാഴ്കളിൽ 2 PM മുതൽ 5 PM വരെ ശ്രീ. ജോസഫ് പാറന്നൂർ ക്ലാസ്സുകൾ നയിക്കുന്നു.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**1. തിരുപ്പട്ടസ്വീകരണം**

2021–2022 അധ്യയന വർഷത്തിൽ പരിശീലനം പൂർത്തിയാക്കിയ ഡീ.സേവ്യർ മാന്തറ (ഷംഷാബാദ് രൂപത) ഏപ്രിൽ 23 –ാം തിയ്യതിയും ഡീ.സാജൻ തറയിൽ (രാമനാഥപുരം രൂപത) ഏപ്രിൽ 24–ാം തിയ്യതിയും തിരുപ്പട്ടം സ്വീകരിച്ചു. രണ്ട് നവാഭിഷിക്തർക്കും സെമിനാരികുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

**2. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കായുള്ള പരിശീലനം**

തൃശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കായുള്ള നേതൃത്വ പരിശീലന പ്രോഗ്രാം ഏപ്രിൽ 23 – 24, മെയ് 7 – 8 എന്നി തിയ്യതികളിലായി നടന്നു. അതിരൂപത കാര്യാലയവും PAROC ഗവേഷണ കേന്ദ്രവും സംയുക്തമായാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

**3. Live & Learn Together Programme**

തൃശൂർ അതിരൂപത വൈദികർക്കായുള്ള Live & Learn

Together Programme രണ്ട് ബാച്ചുകളിലായി മെയ് 9 – 11, മെയ് 16 – 18 എന്നി തിയ്യതികളിലായി നടക്കും.

**4. Mentor Training Programme**

വൈദികർക്കായുള്ള Mentor Training Programme മെയ് 21 –26 എന്നി തിയ്യതികളിൽ PAROC ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ കോഴ്സ് കോർഡിനേറ്റർ റവ. ഫാ. സാജൻ പിണ്ടിയാനെ അറിയിക്കുക (ഫോൺ– 9400280625).

**5. ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. ശ്രീ. ജോസ് പോൾ, ചെമ്മണ്ണൂർ ഹൗസ്, ചെമ്മണ്ണൂർ, തൃശ്ശൂർ.

**Wellwisher Membership**

1. ശ്രീമതി ട്രീസ ജെയിംസ്, കുഴിക്കാട്ടുമ്യാലിൽ ഹൗസ്, വിയ്യൂർ, തൃശ്ശൂർ.

കർത്താവായ യേശുവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ (1 കോറി. 16:23). എല്ലാ ഉപകാരികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റൂട്ട്

**1. ജൂബിലി നഴ്സിങ്ങ് കോളേജിൽ പുതിയ അദ്ധ്യയന വർഷത്തിന് തുടക്കമായി**

ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിൽ പുതിയ അദ്ധ്യയന വർഷത്തിന് (19–ാം ബാച്ച്) തുടക്കം കുറിച്ചു. തൃശ്ശൂർ വികാരി ജനറൽ മോൺ. ഫാ. ജോസ് കോനിക്കര പരിപാടി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ സ്വാഗതം ആശംസിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. സി.ഇ.ഒ. ഡോ. ബെന്നി ജോസ

ഫ്, അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുക്കാരൻ എന്നിവർ നവാഗതർക്ക് സ്വാഗതം ആശംസിച്ചു.

**2. ഡോ. കെ. പത്മകുമാറിന് മിഡ്കരിയർ ഫാക്കൽറ്റി അവാർഡ്**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഫോറൻസിക് വിഭാഗം പ്രൊഫസറും, മേധവിയുമായ ഡോ. കെ. പത്മകുമാറിന് അസോസിയേഷൻ ഫോർ മെഡിക്കൽ അപ്ഡേറ്റ്സിന്റെ മിഡ് കരിയർ ഫാക്കൽറ്റി അവാർഡ്. ഉദയ്പൂരിൽ വെച്ച് നടന്ന അന്തർദേശീയ സമ്മേളനത്തിൽ മെഡിക്കൽ അസസ്മെന്റ് ആന്റ് റേറ്റിങ്ങ് ബോർഡ് ഓഫ് നാഷണൽ മെഡിക്കൽ കമ്മീഷൻ പ്രസിഡണ്ട് ഡോ. ബി. എൻ. ഗംഗാധരൻ സമ്മാനിച്ചു. വൈദ്യപഠനരംഗത്ത് നൽകിയ സംഭാവനകൾക്കും ഗവേഷണനേട്ടങ്ങൾക്കുമാണ് അവാർഡ്. എയിംസ് ഡയറക്ടർ ഡോ. ശർമൻ സിങ്ങ്, ഗീതാഞ്ജലി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. എഫ്. എസ്. മെഹ്ത്ത, ഓർഗനൈസിങ്ങ് ഡോ. ആഷിഷ് ശർമ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഡോ. പത്മകുമാറിനെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ അനുമോദിച്ചു.

**3. ലോക ഗ്ലോക്കോമ വാരാചരണം ജൂബിലിയിൽ**

ലോക ഗ്ലോക്കോമ വാരാചരണത്തിന്റെ ഭാഗമായി ജൂബിലി മിഷൻ ഹോസ്പിറ്റലിൽ ബോധവൽക്കരണ സെമിനാറും സൗജന്യ നേത്രപരിശോധനയും സംഘടിപ്പിച്ചു. ഒഫ്താൽമോളജി വിഭാഗം പ്രൊഫസറും HoD യുമായ ഡോ. സി. വി ആൻഡ്രൂസ് സ്വാഗതപ്രസംഗം നടത്തി. കേരള നേത്ര വിദഗ്ദ്ധരുടെ സംഘടനയായ KSOS മുൻ പ്രസിഡന്റ് ഡോ. ബാബു കൃഷ്ണകുമാർ ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ അധ്യക്ഷത വഹിച്ചു. തൃശൂർ ലയൻസ് ക്ലബിലെ മുതിർന്ന നേതാക്കൾ ആശംസ പ്രസംഗം നടത്തി. ഒഫ്താൽമോളജി വിഭാഗം സീനിയർ കൺസർട്ടന്റ് ചടങ്ങിൽ പങ്കെടുത്തു.

**4. അത്യാധുനിക സ്റ്റെറിലൈസർ മെഷീൻ ജൂബിലിയിൽ**

ജുബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ CSSD ഡിപ്പാർട്ടുമെന്റിലെ പുതിയ fully automatic steam sterilizer ബഹുമാനപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിമ്മി എടക്കളത്തൂർ ആശിർവദിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡെമിൻ തറയിൽ, ബഹുമാനപ്പെട്ട സിസ്റ്റർമാർ, ഇൻ ചാർജ് എൽജോ ആന്റണി, CSSD സ്റ്റാഫ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

1951–ൽ ഡിസ്പെൻസറിയായി തുടങ്ങി 52–ൽ ആശുപത്രിയായി

സ്ഥാപിതമായ തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രി ആതുരസേവന രംഗത്ത് 70 സുവർണ്ണവർഷങ്ങൾ പിന്നിട്ടിരിക്കുന്നു. 20 കിടക്കകൾ മാത്രമുള്ള ഒരു ചെറിയ ഡിസ്പെൻസറിയായി തൃശ്ശൂർ അതിരൂപത തുടക്കം കുറിച്ച ആശുപത്രി ഇന്ന് 48 ഡിപ്പാർട്ടുമെന്റുകളും 13 സ്പെഷാലിറ്റി വിഭാഗങ്ങളും, 27 സൂപ്പർ സ്പെഷാലിറ്റി വിഭാഗങ്ങളും ഉള്ള ആയിരത്തി അറുനൂറ് കിടക്കകൾ ഉള്ള ദക്ഷിണേന്ത്യയിലെത്തന്നെ മുൻനിര മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളിൽ ഒന്നായി മാറിയിരിക്കുന്നു. 70 വർഷം തികയുന്ന ഈ അവസരത്തിൽ ജൂബിലിയുടെ സാമൂഹിക പ്രതിബദ്ധത നിലനിർത്തി 7 ദശാബ്ദങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഏഴ് ബൃഹത്പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നു.

**5. സൗജന്യ ഒ.പി.**

ജൂബിലി മിഷൻ ആശുപത്രിയുടെ നടത്തറ പൊതു ആരോഗ്യ കേന്ദ്രത്തിൽ ഏപ്രിൽ 13 മുതൽ ഒ.പി. ചാർജ്ജ് സൗജന്യം. ഏപ്രിൽ 13 –ന് രാവിലെ 11 മണിക്ക് ബഹു. റവന്യൂമന്ത്രി കെ രാജൻ പദ്ധതി ഉദ്ഘാടനം ചെയ്യുന്ന പദ്ധതിയിൽ വിവിധ പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി പ്രവർത്തിക്കാൻ നിശ്ചയിച്ചിരിക്കുന്നു. തിങ്കൾ മുതൽ ശനി വരെ ഉച്ചക്ക് 12.30 വരെ ഒ.പി. പ്രവർത്തിക്കുന്നതാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ പരിശോധനയ്ക്ക് ശേഷം കിടത്തിചികിത്സ ആവശ്യമുണ്ടെങ്കിൽ ജൂബിലിയിലെ വാർഡിൽ ചികിത്സാചിലവ് ഇളവ് ലഭിക്കുന്നതാണ്.

**6. സെന്റ് ജൈൽസ് ക്ലിനിക്ക്**

സമൂഹത്തിലെ ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക ക്ലിനിക്ക് ജൂബിലിയിൽ പ്രവർത്തനം ആരംഭിക്കുന്നു. ഇ.എൻ.ടി., മന:ശാസ്ത്രം, മനോരോഗം, ശിശുരോഗവിഭാഗം തുടങ്ങിയ വിവിധ വിഭാഗങ്ങളുടെ സേവനം സൗജന്യമായി രോഗീസൗഹൃദമാതൃകയിൽ ജൂബിലിയിൽ ഒരുക്കുന്നു. വിവിധ തെറാപ്പികളും, മാതാപിതാക്കൾക്കുള്ള ബോധവത്കരണ പരിപാടികളും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കിടത്തിചികിത്സ ആവശ്യമുള്ളവർക്ക് ചികിത്സാചിലവിൽ പ്രത്യേക ഇളവുകളും നൽകുന്നു. ഭിന്നശേഷിക്കാരുടെ മധ്യസ്ഥനായ വി. ജൈൽസിന്റെ നാമമാണ് പുതിയ ക്ലിനിക്കിന് നൽകിയിരിക്കുന്നത്.

**7. തീപൊള്ളൽ ചികിത്സാവിഭാഗത്തിന്റെ വിപുലീകരണം**

എഴുപതാം വർഷത്തോടനുബന്ധിച്ച് സമ്പൂർണ്ണമായി നവീകരിക്കപ്പെട്ട തീപൊള്ളൽ വിഭാഗത്തിന്റെ തീവ്രപരിചരണ വിഭാഗം പൊതുജനങ്ങൾക്ക് സമർപ്പിക്കുന്നു. ചികിത്സയ്ക്കാവശ്യമായ അതി നൂതന ഓക്സിജൻ സംവിധാനമായ HBOT സൗകര്യം ലഭ്യമാണ്.

**8. മോൺ. മാത്യു മുരിങ്ങാത്തേരി മെമ്മോറിയൽ ഹെൽത്ത് കെയർ മിഷനറി അവാർഡും, ഡോ. ഏഡൻവാല മെമ്മോറിയൽ ഒറേഷനും.**

ദേശീയതലത്തിൽ ആരോഗ്യരംഗത്തുള്ള മിഷൻ പ്രവർത്തനത്തിന് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാവർഷവും ജൂബിലി ഹെൽത്ത് കെയർ മിഷനറി അവാർഡ് നൽകുവാൻ നിശ്ചയിച്ചിരിക്കുന്നു.

ജൂബിലിയുടെ സ്ഥാപക ഡയറക്ടറും, നാൽപത്തഞ്ച് വർഷത്തോളം ജൂബിലിയെ മുന്നോട്ട് നയിച്ച മോൺ. മാത്യു മുരിങ്ങാത്തേരിയുടെ പേരിലുള്ളതാണ് അവാർഡ്. ആരംഭകാലം മുതൽ തുടർച്ചയായി അറുപത്തിയൊന്ന് വർഷത്തോളം ശസ്ത്രക്രിയ വിദഗ്ദനായി സേവനം അനുഷ്ഠിച്ച് നമ്മെവിട്ടുപിരിഞ്ഞ ചിരിയുടെ പിതാവ് ഡോ. എച്ച്.എസ്. ഏഡൻവാലയുടെ സ്മരണാർത്ഥം ജൂൺ 20-ാം തിയ്യതി ഡോ. എച്ച്. എസ് ഏഡൻവാല മെമ്മോറിയൽ ഒറേഷൻ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇതോടനുബന്ധിച്ച് അന്നേദിവസം പേഷ്യന്റ് എൻഗേജ്മെന്റ് പ്രോഗ്രാം, എൻഡോവ്മെന്റ് പ്രോഗ്രാം, ഫെലോഷിപ്പ് എന്നിവ സംഘടിപ്പിക്കുന്നു.

**9. കേരളത്തിലെ ആദ്യ റഫറൻസ് ടെസ്റ്റിങ്ങ് സെന്റർ അംഗീകാരം**

ബ്ലഡ് ഗ്രൂപ്പ് നിർണ്ണയത്തിൽ വരുന്ന പൊരുത്തക്കേടുകൾ പരിഹരിച്ച് രക്തദാനപ്രക്രിയ എളുപ്പമാക്കുന്ന കേരളത്തിലെ ആദ്യത്തേതും, ഇന്ത്യയിൽ എട്ടാമത്തെയുമായ റഫറൻസ് ടെസ്റ്റിങ്ങ് സെന്റർ ഓർത്തോ ക്ലിനിക്കൽ ഡയഗ്നോസിസിന്റെ സഹകരണത്തോടെ ജൂബിലിയിൽ പ്രവർത്തനം തുടങ്ങി. അതിസങ്കീർണ്ണവും ചിലവേറിയതുമായ ഈ പരിശോധനകൾ ജൂബിലി റഫറൻസ് ടെസ്റ്റിങ്ങ് സെന്ററിൽ സൗജന്യമായി ചെയ്തുകൊടുക്കുന്നു. ഒന്നിലധികം രക്തയൂണിറ്റുകൾ സ്വീകരിക്കേണ്ടിവരുന്ന തലാസീമിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗാവസ്ഥയിൽ ഉള്ളവർക്ക് സാധാരണരീതിയിൽ രക്തപരിശോധന ചെയ്യുമ്പോൾ വരുന്ന ന്യൂനതകൾ പരിഹരിക്കാനും ഓട്ടോഇമ്മ്യൂൺ ഹീമോളിറ്റിക്ക് അനീമിയ വർക്കപ്പുകൾ ചെയ്യാനും ജൂബിലിയിലെ റഫറൻസ് സെന്ററിൽ സൗകര്യമുണ്ടെന്ന് ബ്ലഡ്ബാങ്ക് ഇൻചാർജ് ഡോ. സുശീല ജേക്കബ്ബ് ഇന്ന അറിയിച്ചു. ഇത്തരം സങ്കീർണ പരിശോധനകൾ ചെയ്യുന്നതിന് ബ്ലഡ് ബാങ്ക് ടെക്നീഷ്യന്മാർക്ക് വേണ്ട പരിശീലനം നൽകാനുള്ള സൗകര്യവും ഇവിടെയുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0487 2464361 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**10. ആഫ്റ്റർനൂൺ ഒ.പി.**

എല്ലാ ഡിപ്പാർട്ടുമെന്റുകളേയും ഉൾപ്പെടുത്തി ജൂബിലിയിൽ ഉച്ച

തിരിഞ്ഞ് 2 മുതൽ 4 വരെ ആഫ്റ്റർനൂൺ ഒ.പി. ആരംഭിച്ചിരിക്കുന്നു. എഴുപതാം വർഷത്തോടനുബന്ധിച്ച് 2022 ഡിസംബർ വരെ ഒ.പി. ചാർജിൽ 50 ശതമാനം ഇളവുണ്ടായിരിക്കുന്നതാണ്. തുടർന്ന് കിടത്തി ചികിത്സ ആവശ്യമുള്ളവർക്ക് വാർഡിൽ ചികിത്സാചിലവിൽ ഇളവ് ലഭിക്കുന്നതാണ്.

**11. സൗജന്യ ആന്റിവെനം, 70 സൗജന്യ ഡയാലിസിസ്, സൗജന്യ മുറിച്ചുണ്ട് ശസ്ത്രക്രിയ**

പാമ്പുകടിയേറ്റവർക്കുള്ള മികച്ച ചികിത്സ നൽകിവരുന്ന ജൂബിലി മിഷൻ ആശുപത്രിയിൽ ചികിത്സയ്ക്കായുള്ള ആന്റിവെനം സൗജന്യമായി നൽകിവരുന്നത് തുടരുവാൻ നിശ്ചയിച്ചിരിക്കുന്നു.

എഴുപതാം വർഷത്തോടനുബന്ധിച്ച് 2022 ഡിസംബർ വരെ എല്ലാ മാസവും 70 ഡയാലിസിസ് സൗജന്യമായിരിക്കും. സൗജന്യമായി നടന്നുവന്നിരുന്ന മുറിച്ചുണ്ട്, മുറിയണ്ണാക്ക് ശസ്ത്രക്രിയകൾ തുടർന്നും സൗജന്യമായിരിക്കും.

എഴുപതാം വർഷത്തോടനുബന്ധിച്ച് ജൂബിലിയിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് വേണ്ട വികസനപ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നു.

**12. ലോകാരോഗ്യദിനത്തിൽ ഫ്ളാഷ്മോബ്**

ലോകാരോഗ്യദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവും കോളേജ് യൂണിയനും ഒന്നിച്ച് വിവിധയിനം മത്സരങ്ങൾ സംഘടിപ്പിച്ചു. കൂടാതെ ജില്ലാ ആരോഗ്യകാര്യാലയത്തോടൊപ്പം ചേർന്ന് തേക്കിൻകാട് മൈതാനത്തിൽ ഫ്ളാഷ്മോബ് അവതരിപ്പിച്ചു.

**13. അഭിനന്ദനങ്ങൾ.. ആശംസകൾ..**

ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ആൻഡ് ഇമ്മ്യൂണോ ഹെമറ്റോളജിയുടെ 46 ാമത് വാർഷിക സമ്മേളനത്തിൽ (TRANSCON 2021) ഇപോസ്റ്റർ പ്രസന്റേഷനിൽ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി ഡോ. മാഗ്ലിൻ എം. എൽ. ജെ. ടോമി ഒന്നാം സ്ഥാനം നേടി.

ഇന്ത്യൻ അസോസിയേഷൻ ഓഫ് ഗൈനക് എൻഡോസ്കോപ്പി (IAGE) കൊൽക്കത്തയിൽ വച്ച് നടത്തിയ ദേശീയ കോൺഫറൻസിൽ 2020-2021 കാലയളവിൽ എൻഡോ സ്കോപ്പിക് സർജറി മേഖലയിൽ നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് അവാർഡ് നൽകി ആദരിക്കുകയും IAGEന്റെ മാനേജിംഗ് കമ്മിറ്റിയിലേക്ക് തുടർച്ചയായി രണ്ടാം വർഷവും തിരഞ്ഞെടുക്കപ്പെടുകയും ചെയ്ത ജൂബിലി

മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ആൻഡ് റിസർച് ഇസ്റ്റി റ്റ്യൂട്ടിലെ ഗൈനക്കോളജി വിഭാഗം പ്രൊഫസർ ഡോ. അശ്വത് കുമാറിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. കേരളത്തിൽ നിന്ന് ആ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ആദ്യ വ്യക്തിയാണ് അദ്ദേഹം.

**14. ഡയാലിസിസിന് സംഭാവന നൽകിയവർ**

- സിസ്റ്റർ ഫ്രാൻസി, ഫാർമസി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- പിതൃവേദി, സെന്റ് ഫ്രാൻസിസ് ഫൊറോന ചർച്ച്, വേലൂർ
- ജെയ്സൺ ബേബി, തരകൻ ഹൗസ്, പറവട്ടാനി, ഒല്ലൂക്കര, തൃശ്ശൂർ
- ഫാ. ജെയ്സൺ കൂനംപ്ലാക്കൽ, മേരി മാത സെമിനാരി, തൃശ്ശൂർ

**15. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- റെല്ലി ടി. ആർ, മഞ്ഞളി ഹൗസ്, പാലിശ്ശേരി, തൃശ്ശൂർ
- രവീന്ദ്രൻ, കുരിയിച്ചിറ, തൃശ്ശൂർ
- ഷീല ഫ്രാൻസിസ്
- സി. വി. ജേക്കബ്, ചാലിശ്ശേരി ഹൗസ്, വലപ്പാട്, തൃശ്ശൂർ
- ഡിപ്പാർട്ടുമെന്റ് ഓഫ് കോമേഴ്സ് മാനേജ്മെന്റ്, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
- നീതു വി വി, മൂർക്കനിക്കര, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

**നിന്നെ ഏൽപ്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാത്തുസൂക്ഷിക്കുക.**
*(2 തിമോ. 1:14)*

# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**1. സൗജന്യ എൻട്രൻസ് കോച്ചിംഗ്**

അടുത്തവർഷത്തെ എഞ്ചിനീയറിംഗ് അഡ്മിഷനുവേണ്ടിയുള്ള KEAM പരീക്ഷയ്ക്ക് ഒരുക്കമായി സൗജന്യ കോച്ചിംഗ് നല്കുന്നു. തൃശൂർ സെന്റ് തോമസ് കോളേജിലും, ഏങ്ങണ്ടിയൂർ HSS ലുമാണ് കോച്ചിംഗ് നടത്തുന്നത്. 2022 മെയ് ഒന്നു മുതലുള്ള എല്ലാ ഞായറാഴ്ച കളിലും ഉച്ചകഴിഞ്ഞ് 2 നാണ് ക്ലാസ്സുകൾ ആരംഭിക്കുന്നത്. വിശദ വിവര ങ്ങൾക്ക് ഈ നമ്പറുകളിൽ ബന്ധപ്പെടുക 9526924455, 95269 34455

**2. ഫാ. റോയ് ജോസഫ് വടക്കന് യാത്രയയപ്പ്**

ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസ് ഹെഡും സെക്രട്ട റിയുമായിരുന്ന റോയ് അച്ചന് യാത്ര അയപ്പ് നല്കി. എറവ് സെന്റ് മേരീസ് പള്ളിയിലേക്കാണ് സ്ഥലമാറ്റം.

**3. ഫാ.തോമസ് കാക്കശ്ശേരി എക്സിക്യൂട്ടീവ് മാനേജർ**

കോളേജിന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി തൃശൂർ അതിരൂപതാ വികാരി ജനറാൾ ആയിരുന്ന ഫാ. തോമസ് കാക്കശ്ശേരി 16.02.2022 ന് ചാർജ്ജെടുത്തു.

**4. മോൺ ജോസ് കോനിക്കര പുതിയ മാനേജർ**

ജ്യോതിയിലെ മാനേജരായി തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ ജോസ് കോനിക്കര 2022 മാർച്ച് 4 ന് ചാർജ്ജെടുത്തു.

**5. ലോക വനിതാദിനം**

മാർച്ച്–8 ലോക വനിതാദിനത്തോടനുബന്ധിച്ച് കോളേജിലെ വുമൺ ഡവലപ്മെന്റ് സെൽ ബ്രേക്ക് ദി ബേയ്സ്മെന്റ് ക്യാമ്പയിൻ നടത്തി. ഡോ. റോസ് സേവിയർ മുഖ്യ അതിഥിയായിരുന്നു. ഡൊമ സ്റ്റിഫയിങ്ങ് ഹെൽത്ത് എന്ന വിഷയത്തിൽ കോളേജ് വിദ്യാർത്ഥിനിക ളുമായി സംവാദം നടത്തി.

**6. തരംഗ് 2022**

2022 ഏപ്രിൽ 29, 30 തിയ്യതികളിൽ കോളേജിൽ വെച്ച് നടക്കുന്ന തരംഗ് 2022 ന്റെ പോസ്റ്റർ പ്രകാശനം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. തോമസ് കാക്കശ്ശേരി നിർവ്വഹിച്ചു.

**7. വിദ്യാർത്ഥികളെ ആദരിച്ചു**

ഒന്നാം വർഷത്തേയും, അവസാന വർഷത്തേയും വിദ്യാർത്ഥികളുടെ അസംബ്ലി വിളിച്ചുകൂട്ടുകയും ഉയർന്ന മാർക്കോടെ ഉന്നതവിജയം നേടിയവർക്ക് പാരിതോഷികങ്ങൾ നല്കി.

**8. ജ്യോതി – ടാറ്റ IIIC**

ജ്യോതിയും ടാറ്റയും ചേർന്ന് സംയുക്ത സംരംഭത്തിലെ പുതിയ കോഴ്സുകളെ പരിചയപ്പെടാനും ക്യാമ്പസ് സന്ദർശിക്കാനും പോളിടെക്നിക്കിലേയും, ഹയർസെക്കന്ററി സ്കൂളിലേയും, വി.എച്ച്.എസ്.സി. സ്കൂളിലേയും വിദ്യാർത്ഥികൾക്ക് സൗകര്യം ചെയ്ത് കൊടുത്തു.

**9. വർക്ക്ഷോപ്പ് നടത്തി**

IEEE ക്ലബ്ബിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ ഫാബ്രിക്കേഷൻ എന്ന വിഷയത്തിൽ ഫാബ് ലാബ് ഫയിം അവാർഡ് ജേതാവ് എബൽ ടോമി ക്ലാസ്സെടുത്തു.

**10. ലോകജലദിനം**

മാർച്ച് 23 ലോകജലദിനത്തോടനുബന്ധിച്ച് ഗ്രൗണ്ട് വാട്ടറിനെക്കുറിച്ച് സിവിൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി. ഡോ.ബ്രിജേഷ് വി.കെ. മുഖ്യപ്രഭാഷണം നടത്തി.

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ

**ഫാ. സിജോ ചെറുവത്തൂർ**
പി.ആർ.ഒ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. ത്രിവിധ ദിനാഘോഷം**

യാത്രയയപ്പ് ദിനം, പാട്രൻസ് ഡെ, ഹോം ഡേ എന്നീ ത്രിവിധ ദിനാഘോഷം കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. എം. കെ. ജയരാജ് ഉദ്ഘാടനം ചെയ്തു. അധ്യാപകരമായ ഡോ. ആന്റോ ജോണി (വൈസ് പ്രിൻസിപ്പാൾ), ഡോ. സി. എൽ. ജോഷി (കെമിസ്ട്രി തലവൻ), പ്രൊഫ. പി. എം. ജോയ് (ഫിസിക്സ് തലവൻ), ഡോ. സി. വി. ഡേവീസ് (സുവോളജി തലവൻ) അനധ്യാപകരായ ശ്രീ.

പി.ജെ ആന്റു (സൂപ്രണ്ട്), ശ്രീ. സി. ടി. ബാബു (ഹെഡ് അക്കൗണ്ടന്റ്), ശ്രീ. എം. ജി. ജോയ്, ശ്രീ. കെ. ജെ. ജോസഫ് (ലബോറട്ടറി അസിസന്റ്) എന്നിവർക്ക് യാത്രയയപ്പും, ഉപഹാരങ്ങളും നൽകി.

ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ മാനേജർ മാർ ടോണി നീലങ്കാവിൽ, ഡപ്യൂട്ടി ഡയറക്ടർ ഡോ. ബാബു, വികാരി ജനറൽ മോൺ. ജോസ് കോനിക്കര, പ്രിൻസിപ്പാൾ ഡോ. മാർട്ടിൻ കെ.എ., ഫാ. ബിജു പാണേങ്ങാടൻ എന്നിവർ സംസാരിച്ചു. റിട്ടയർ ചെയ്യുന്ന അംഗങ്ങൾ, ഗവേഷണ ബിരുദം നേടിയ അധ്യാപകർ, വിദ്യാർത്ഥികൾ, പെയ്റ്റന്റ് നേടിയ കെമിസ്ട്രി അധ്യാപകൻ ഡോ. ജോസഫ് ജോളി എന്നിവരെ യോഗത്തിൽ അനുമോദിച്ചു.

**2. പ്ലെയ്സ്മെന്റ് സെൽ**

ഒരു മാസത്തിൽ തന്നെ 130 വിദ്യാർത്ഥികൾക്ക് 6 കമ്പനികളിൽ പ്ലെയ്സ്മെന്റ് ലഭിക്കാൻ ഇടയായ പ്ലെയ്സ്മെന്റ് സെല്ലിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ

ലാർസൻ & ടൗബ്രോ (10), കോഗ്നിസാന്റ് (36), എസെന്റ്യൂർ (15), വിപ്രോ (15), ഇന്നൊവേച്ചർ (5), ഗൈഡ് ഹൗസ് (47)

പ്ലെയ്സ്മെന്റ് സെല്ലിന്റെയും ഡോ. മൂപ്പൻസ് മെഡിക്കൽ കോളേജിന്റേയും സംയുക്ത ആഭ്യമുഖ്യത്തിൽ സ്റ്റാഫ് നേഴ്സിംഗ് ട്രെയിനീസിനുവേണ്ടി പ്ലയ്സ്മെന്റ് ഡ്രൈവ് നടത്തി.

**3. നേട്ടം**

മാത്തമറ്റിക്സ് ഡിപ്പാർട്ട്മെന്റിലെ പ്രൊ. മാത്യു തോമസ് അധ്യാപകൻ തളിപ്പറമ്പ് സർ സെയ്ദ് കോളേജിൽ സംഘടിപ്പിച്ച ടെയിനിങ് പ്രോഗ്രാമിൽ റിസോഴ്സ് പേഴ്സൺ ആയിരുന്നു.

ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലെ ഡോ. സി. എസ് ബിജു, കാലടി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി സംഘടിപ്പിച്ച നാഷണൽ സെമിനാറിൽ റിസോഴ്സ് പേഴ്സൺ ആയിരുന്നു.

<u>പി.എച്ച്.ഡി</u>

1) ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഡോ. ബിജു സി.എസ്. കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റിയിൽ നിന്നും തിയറ്റർ വിഷയത്തിൽ രണ്ടാമത്തെ പി.എച്ച്. ഡി. നേടിയതിൽ അഭിനന്ദനങ്ങൾ
2) ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റ് ഗവേഷണവിദ്യാർത്ഥിയായ സജേഷ് പി.വി., ഡിപ്പാർട്ട്മെന്റ് തലവൻ ഡോ. സാബു ജോണിയുടെ ഗവേഷണ മേൽനോട്ടത്തിൽ *ഓർഗാനിക് ഫാമിങ്ങിന്റെ സാമ്പത്തിക വശങ്ങളെക്കുറിച്ചുള്ള അവലോകനം* എന്ന വിഷയത്തിൽ ഗവേഷണ

ബിരുദം നേടി.

**4. GATE/NET/JRF**

ആദ്യത്യ എ. – ഫിസിക്സ് GATE യോഗ്യതനേടി
അപർണ്ണ രവി – ഫിസിക്സ് GATE യോഗ്യതനേടി
ആർജിത്ത് ഡാമിയർ ഡേവീസ് – സുവോളജി GATE യോഗ്യതനേടി
ജിൻസി ടി.ജെ. – കമ്പ്യൂട്ടർ അപ്ലിക്കേഷൻ – NET യോഗ്യത നേടി
ഐശ്വര്യ – സുവോളജി – JRF നേടി
നവ്യ ജി മേനോൻ – സുവോളജി – JRF നേടി
അലീന ഡേവീസ് – സുവോളജി – JRF നേടി
ജ്യോതി വി.എം. – സുവോളജി – JRF നേടി

**5.വെബിനാർ**

1) ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഇന്റർനാഷണൽ വെബിനാർ *റോൾ ഓഫ് നാനോമെറ്റീരിയൽ ഫോർ സസ്റ്റെയിനബിൾ ഫ്യൂച്ചർ* എന്ന വിഷയത്തിൽ സംഘടിപ്പിച്ചു. ജർമ്മനിയിലെ മുനിച്ച് ടെക്നിക്കൽ യൂണിവേഴ്സിറ്റി ഗവേഷകൻ ഡോ. സിബി തോമസ് മുഖ്യ പ്രഭാഷണം നടത്തി.
2) കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച രണ്ടാമത് എൻഡോവ്മെന്റ് ലക്ച്ചർ, യു.എസ്.എ. യിലെ ഹാസൻ റിസർച്ച്ർ ഡോ. തോമസ് എ. കോടൻകണ്ടത്ത് *കൺഫഷൻ ഓഫ് എ കെമിന്റ്* എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തി.
3) പ്രൊഫ. ജോസ് മേനാചേരി എൻഡോവ്മെന്റ് ലക്ച്ചർ, കാലിക്കട്ട് യൂണിവേഴ്സിറ്റി അധ്യാപകൻ പ്രൊഫ. ഡോ. അബ്രഹാം ജോസഫ് മുഖ്യ പ്രഭാഷണം നടത്തി.
4) ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഡി ബി. റ്റി സ്റ്റാർ കോളേജിന്റെ സഹായത്തോടുകൂടി ലക്ച്ചർ സിരീസ് സംഘടിപ്പിച്ചു. ഡോ. വിവേക് പി. ഐ., ഡോ. മീരകൃഷ്ണൻ, ഡോ. ലെസ്ലി അഗസ്റ്റിൻ ഡോ. കിരൺ എ.ജി. എന്നിവർ വിവിധ വിഷയങ്ങളിൽ മുഖ്യ പ്രഭാഷണം നടത്തി.

**6. വർക്ക്ഷോപ്പ്**

1) ഫിസിക്സ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ സ്റ്റാർ കോളേജ് സ്കീമിൽ *ടെലസ്ക്കോപ്പ് മെയ്ക്കിങ് ആന്റ് ഒബ്സർവേഷൻ* എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് നടത്തി. ചാലക്കുടി എസ്.എച്ച്. കോളേജ് അധ്യാപകൻ ഡോ. നിജോ വർഗ്ഗീസ് വർക്ക്ഷോപ്പ് നയിച്ചു.
2) കോമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ *ഫിൻക്കോൺ 2022* എന്ന പേരിൽ ഇന്റർനാഷണൽ കോൺഫ്രൻസ് സംഘടിപ്പിച്ചു.

കേരള യൂണിവേഴ്സിറ്റി അധ്യാപകർ ഡോ. ബിജു. ടി. മുഖ്യ പ്രഭാഷണം നടത്തി.

3)ഫിസിക്സ് ഡിപ്പാർട്ട്മെന്റ്, ഡി.ബി.റ്റി സ്റ്റാർ കോളേജിന്റെ സഹായത്തോടെ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു, ഡോ. എസ്. എൻ. പോറ്റി, ഡോ. സി. എസ് സച്ചാന്ദ് സന്ദീപ്, ഡോ. കിഷോർ ശ്രീധരൻ, ഡോ. അരുൺകുമാർ  കെ.വി. എന്നിവർ *ഫങ്ഷണൽ മെറ്റീരിയൽ* എന്ന വിഷയങ്ങളിൽ വർക്ക്ഷോപ്പിന് നേതൃത്വം നൽകി.

**7. പുരസ്കാര**

ഈ വർഷത്തെ യുവജനമത്സരത്തിൽ സമ്മാനർഹർക്കും ഓവറോൾ സമ്മാനങ്ങൾ നേടിയ വിദ്യാർത്ഥികൾക്കും, ഡിപ്പാർട്ടുമെന്റിനും *പുരസ്കാര* എന്ന പേരിൽ സമ്മാനങ്ങൾ നൽകി.

**8. കായികം**

കാലിക്കറ്റ് യൂണിവേഴ്സിറ്റി പുരുഷവിഭാഗം പവർ ലിഫ്റ്റിംഗിൽ സെന്റ് തോമസ് കോളേജ് ഒന്നാംസ്ഥാനം നേടി, പുരുഷ വിഭാഗം ചെസ്സ് ചാമ്പ്യൻ ഷിപ്പിൽ ഒന്നാം സ്ഥാനവും, വനിത വിഭാഗം ചെസ്സ് ചാമ്പ്യൻ ഷിപ്പിൽ രണ്ടാം സ്ഥാനവും, വനിതാ വിഭാഗം സൈക്കിംഗ് ചാമ്പ്യൻ ഷിപ്പിൽ ഒന്നാം സ്ഥാനവും നേടി.

ആൻസി സോജൻ (ഇംഗ്ലീഷ്) ഏഷ്യൻ ഗെയിംസ്സിന് യോഗ്യത നേടി.

ആൻസി സോജൻ (ഇംഗ്ലീഷ്) ഇന്ത്യൻ ഗ്രാൻഡ് പ്രീവിൽ ലോങ്ജമ്പിൽ സ്വർണ്ണം നേടി.

നിജിത കെ.എസ്. (ഡാറ്റ സയൻസ്) ദേശീയ SILAT കാമ്പിയോൺഷിപ്പ് സ്വർണ്ണം നേടി.

**9.വിദ്യാർത്ഥിപ്രതിഭാപുരസ്കാരം**

മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാപുരസ്കാരം ബാവിക (ഇംഗ്ലീഷ്) അസ്ന.കെ.എ.(ബോട്ടണി) മൊഹസിന ഒമെർഷാ (കോമേഴ്സ്) എന്നിവർക്ക് ഒരു ലക്ഷം രൂപയും സർട്ടിഫിക്കറ്റും ലഭിച്ചു.

**10. കവി പ്രതിഭാ പുരസ്കാര ജേതാവിനെ ആദരിച്ചു.**

കവി പ്രതിഭാ പുരസ്കാര ജേതാവ് ഫാ. ജോയ് ഫ്രാൻസീസ് എടക്കളത്തൂരിനെ കോളേജിൽ ആദരിപ്പിച്ചു. ഈ യോഗത്തിൽ തൃശ്ശൂർ അതിരൂപത മെത്രപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പുരസ്കാര സമർപ്പണം നടത്തി ഉദ്ഘാടനം ചെയ്തു.

**11. ചീഫ് സൂപ്രണ്ട് ഓഫ് എക്സാം**

പരിക്ഷയുടെ ചീഫ് സൂപ്രണ്ട് ആയി ഡോ. ആന്റോ പി.വി. യേയും സഹായിയായി ഡോ. ഡെയ്സ്ലന്റ് തട്ടിലിനേയും നിയമിച്ചു.  മുൻ

ചീഫ് സൂപ്രണ്ടായ ഡോ. ബിനോയ് സി. എഫ്. ന്റെ സ്തുത്യർഹമായ സേവനങ്ങൾക്ക് അഭിനന്ദനങ്ങളും നന്ദിയും നേർന്നു.

**12. MOU ഒപ്പുവച്ചു.**

അമല മെഡിക്കൽ കോളേജും, സെന്റ് തോമസ് കോളേജ് ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സും, മാനേജ്മെന്റ് സ്റ്റഡീസിന്റെയും ആഭിമുഖ്യത്തിൽ ധാരണാപത്രം ഒപ്പുവച്ചു.

**13. പുസ്തകപ്രകാശനം**

1) മലയാളവിഭാഗം അധ്യാപിക ഡോ. സി. ഷീബ സി.വി. യുടെ പുതിയ പുസ്തകം, *ആത്മഭാഷണങ്ങൾ വാല്യം രണ്ട് സമന്വയം* കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പ്രകാശനം ചെയ്തു.

2)ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ അധ്യാപകൻ ഡോ. ശ്യാം സുധാകരന്റെ ബംഗാളി ട്രാൻസ്ലേഷനായ *സമുടർ പ്രഹാരി* എന്ന കവിതാസമാഹാരം ബൻങ്കിയായ സാഹിത്യ സംസാദ് പ്രസിദ്ധീകരിച്ചു.

**14.സാമൂഹ്യ – ചാരിറ്റി പ്രവർത്തനം**

1. കോമേഴ്സ് ഡിപ്പാർട്ട്മെന്റ്, മെന്റലി റിട്ടാർഡ് വുമൻ സെന്ററായ കരിസ്മ ക്ലെയറിസ്റ്റ് ഷെൽട്ടർ ഹോം വിസിറ്റ് ചെയ്ത് സാമൂഹ്യ സേവനം നടത്തി.
2. ജീസസ് യൂത്ത് അംഗങ്ങൾ ചേറൂരിലെ ക്രൈസ്റ്റ് വില്ല സന്ദർശിച്ച് സാമൂഹ്യസേവനം നടത്തി
3. ഫിസിക്സ് ഡിപ്പാർട്ട്മെന്റ് കാറളം പഞ്ചായത്തിൽ എൻ. ഇ. ഡി പ്രോഡക്ട് നിർമ്മാണത്തിന് പരിശീലനം നൽകി.

**15. എൻ.എസ്.എസ്.**

കോളേജിലെ എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ യുവത്വങ്ങളിലെ കവിതാ പാരായണ ശാക്തീകരണത്തിനായ് സംഘടിപ്പിച്ച കവിതാ ഷൂട്ടൗട്ടിൽ ഗൗതമി, മിഹിര, നിരഞ്ജന എന്നിവർ സമ്മാനർഹരായി.

ഓട്ടിസം ഡേയുടെ ഭാഗമായി സൈക്യാട്രി സ്പെഷലിസ്റ്റ് ഡോ. ഇന്ദു ജോഷി മുഖ്യപ്രഭാഷണം നടത്തി.

ലോക ആരോഗ്യദിനം, തൃശ്ശൂർ വില്ലേജ് ഓഫീസ് വൃത്തിയാക്കൽ, ദേശീയ മാതൃദിനം, ലോക ഉപഭോക്തൃ അവകാശദിനം, ലോക വനിതദിനം, രക്തദാനം, മരിയഭവൻ സന്ദർശനം എന്നിവ നടത്തി. സൈബർ അവബോധത്തിനായ് സെമിനാർ സംഘടിപ്പിച്ചു.

ഇന്ത്യൻ സിവിൽ സർവ്വീസിലെ സാധ്യതകളെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. *ഫ്ളാഗ്ഷിപ്പ് പ്രോഗ്രാംസ്– ഗവ: ഓഫ് ഇന്ത്യ* എന്ന

വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**16. OSA ഭാരവാഹികൾ**

ഈ വർഷത്തെ പുതിയ OSA ഭാരവാഹികളെ പൊതുയോഗം ചേർന്ന് തെരഞ്ഞെടുത്തു. പ്രസിഡന്റ് ഫ്രാൻസീസ്. സി. എ., സെക്രട്ടറി ഡോ. നന്ദകുമാർ. കെ.പി, ട്രഷറർ പ്രൊ. മെസ്റ്റിൻ പി. സി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ.

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**1. സ്പോർട്സ് ദിനം സംഘടിപ്പിച്ചു**

ഈ വർഷത്തെ സ്പോർട്സ് ദിനം ഫെബ്രുവരി 18ന് വെള്ളിയാഴ്ച കാലത്ത് 9 മണിക്ക് അസിസ്റ്റന്റ് മാനേജർ ഷിജു ചിറ്റിലപ്പിള്ളി ഉദ്ഘാടനം നിർവ്വഹിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ അദ്ധ്യക്ഷത വഹിച്ചു. സീനിയർ സ്പോർട്സ് ക്യാപ്റ്റൻ ഷമീർ ഹസ്സന്റെ നേതൃത്വത്തിൽ എല്ലാവരും പ്രതിജ്ഞ എടുത്തതിനുശേഷം കായിക മത്സരങ്ങൾ ആരംഭിച്ചു. ആൺക്കുട്ടികൾക്കും പെൺകുട്ടികൾക്കുമായുള്ള 400 മീറ്റർ റിലേ, 100 മീറ്റർ റിലേ, ജാവാലിൻത്രോ മേജർ ഗെയിംസും, കസേരകളി, സ്പൂൺ റൈസ് തുടങ്ങി മൈനർ ഗെയിംസും സംഘടിപ്പിച്ചു. ഹൗസുകളായി തിരിഞ്ഞ് പങ്കെടുത്ത മത്സരത്തിൽ കൃഷ്ണ ഹൗസ് ഓവർ ഓൾ ചാമ്പ്യൻഷിപ്പും, ഇൻഡ്യുജൽ ചാമ്പ്യൻ ഷിപ്പ് അഭിഷേക് പോൾ എം, ആര്യ പി.എച്ച്, ക്രിസ്റ്റി സേവ്യാർ എന്നിവർ കരസ്ഥമാക്കി. ഉച്ചയ്ക്ക് 1 മണിയോടു കൂടി സമാപിച്ച കായിക ദിനത്തിന് സീനിയർ ചെയർമാൻ ശ്രീജിത്ത് കെ.എം സ്വാഗതം പറയുകയും, ജൂനിയർ ചെയർപേഴ്സൺ ഭവ്യ കെ.എസ് നന്ദി പറയുകയും ചെയ്തു.

**2. നോ സ്മോകിംങ് ഡേ ആചരിച്ചു**

ആന്റി അടാട്ട് ക്ലബ്ബിന്റെ നേതൃത്വത്തിൽ നോ സ്മോകിംങ് ഡേ മാർച്ച് 9–ാം തിയ്യതി ബുധനാഴ്ച കാലത്ത് 9.45ന് ആചരിച്ചു. നോ

സ്മോകിംങ് ഡേ ആചരണത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്, ക്വിസ്, ഡ്രാമ എന്നിവ സംഘടിപ്പിച്ചു. ഒരു മണിക്കൂർ നീണ്ടു നിന്ന ദിനാചരണത്തിൽ സ്നേഹ എൻ.ജെ സ്വാഗതം പറയുകയും, ചൈതന്യ എം. നന്ദി അർപ്പിക്കുകയും ചെയ്തു.

**3. വേൾഡ് കൺസ്യൂമർ ഡേ ആചരിച്ചു**

കൺസ്യൂമർ പ്രൊട്ടക്ഷൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ വേൾഡ് കൺസ്യൂമർ ഡേ മാർച്ച് 15 കാലത്ത് 9.30ന് സമുചിതമായി ആചരിച്ചു. ഉപഭോകത അവകാശത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്, ക്വിസ്, പാട്ട്, വീഡിയോ ക്ലിപിങ്സ് എന്നിവ സംഘടിപ്പിച്ചു. ഒരു മണിക്കൂർ നീണ്ടു നിന്ന പരിപാടിയിൽ അനില എൻ.എസ്. സ്വാഗതം പറയുകയും, മീര ഹരിഹരൻ നന്ദി അർപ്പിക്കുകയും ചെയ്തു.

**4. ISL പ്രവചന മത്സരം സംഘടിപ്പിച്ചു**

സ്പോർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ISL പ്രവചന മത്സരം മാർച്ച് 17–ാം തിയ്യതി വ്യാഴാഴ്ച കാലത്ത് 9.30ന് സംഘടിപ്പിച്ചു. വിദ്യാർത്ഥികളെല്ലാവരും പങ്കെടുത്ത മത്സരത്തിൽ ബി.എഡ് ഫസ്റ്റ് ഇയർ നാച്ചുറൽ സയൻസ് വിഭാഗത്തിലെ അശ്വതി പി. വിജയിയായി തിരഞ്ഞെടുക്കപ്പെട്ടു.

**5. യൂണിവേഴ്സിറ്റി കമ്മീഷൻ**

ബി.എഡ് സെക്കന്റിയർ വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ വിലയിരുത്തുന്ന യൂണിവേഴ്സിറ്റി കമ്മീഷൻ മാർച്ച് 18–ാം തിയ്യതി വെള്ളിയാഴ്ച ആയിരുന്നു. വിദ്യാർത്ഥികളെല്ലാവരും ഒരുങ്ങി പങ്കെടുത്ത കമ്മീഷൻ വിജയകരമായി സമാപിച്ചു.

**6. കോളേജ് ഡേ ആഘോഷിച്ചു**

19–ാമത് കോളേജ് ഡേയും പുതിയ മാനേജർ മോൺസിഞ്ഞോർ ജോസ് കോനിക്കരയ്ക്കുള്ള സ്വീകരണവും മാർച്ച് 30–ാം തിയ്യതി ബുധനാഴ്ച കാലത്ത് 10.30ന് സംഘടിപ്പിച്ചു. അസിസ്റ്റന്റ് മാനേജർ ഡോ.ഷിജു ചിറ്റിലപ്പിള്ളി മഹാജൂബിലി കുടുംബത്തിലേയ്ക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട മാനേജർ ജോസ് കോനിക്കരയ്ക്ക് സ്വീകരണം നൽകി. കോളേജ് ബർസാർ റവ.ഫാ.വർഗ്ഗീസ് കുത്തൂർ അദ്ധ്യക്ഷത വഹിച്ച യോഗത്തിന്റെ ഉദ്ഘാടനം മാനേജർ മോൺസിഞ്ഞോർ ജോസ് കോനിക്കര നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ. ചാക്കോ ചിറമ്മൽ റിപ്പോർട്ട് അവതരിപ്പിച്ചു. ജി.ടി.എ പ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ നിറസാന്നിധ്യത്തോടുകൂടി കോളേജ് ഡേ ആഘോഷിച്ചു. തദവസരത്തിൽ മാഗസിൻ എഡിറ്റർ അന്ന വിജോ സ്വാഗതം ആശംസിക്കുകയും സ്റ്റാഫ് പ്രതിനിധി

ജോംസൺ പി.പി നന്ദി അർപ്പിക്കുകയും ചെയ്തു.

**7. യത്രയയപ്പ് സമ്മേളനം സംഘടിപ്പിച്ചു**

ബി.എഡ് സെക്കന്റിയർ, എം.എഡ് വിദ്യാർത്ഥികൾ എന്നിവർക്കുള്ള യാത്രയയപ്പ് സമ്മേളനം കോളേജ് യൂണിയന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. സമ്മേളനത്തിൽ വിദ്യാർത്ഥികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

**8. മോഡൽ പരീക്ഷ സംഘടിപ്പിച്ചു**

ഏപ്രിൽ 4–ാം തിയ്യതി തിങ്കളാഴ്ച മുതൽ ഏപ്രിൽ 8–ാം തിയ്യതി വെള്ളിയാഴ്ച വരെ ബി.എഡ് ഫസ്റ്റ് ഇയർ, സെക്കന്റിയർ, എം.എഡ് വിദ്യാർത്ഥികൾക്ക് പരീക്ഷ ഉണ്ടായിരുന്നു.

**9. അവധിക്കാലം ആരംഭിച്ചു**

ഏപ്രിൽ 8–ാം തിയ്യതി മുതൽ അവധിക്കാലം ആരംഭിച്ചു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**1. സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ **സീറോ ഡിവേഴ്സ്** പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസത്തിൽ കൂനമൂച്ചി ഇടവകയിൽ നടത്തുകയുണ്ടായി. സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഒത്തിരി നന്ദി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**2. ആതുരാലയം സന്ദർശിച്ചു**

ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ മരത്താക്കരയുള്ള ട്രിനിറ്റി കപ്പിൾസ് അംഗങ്ങൾ ക്രിസ്റ്റീന ഹോം സന്ദർശിക്കു

കയും അവർക്കാവശ്യമായ വസ്തുക്കൾ കൈമാറുകയും ചെയ്തു. ട്രിനിറ്റി കപ്പിൾസ് അംഗങ്ങളുടെ നോമ്പുകാല സന്ദർശനം അംഗങ്ങൾക്ക് ഏറെ ആത്മീയ ഉണർവ് പകരുന്നതിനിടയായി.

**3. ഫാമിലി ക്വിസ്**

തൃശ്ശൂർ ഫാമിലി അപ്പസ്റ്റൊലേറ്റിന്റെയും നവജ്യോതി ഹോളി ഫാമിലി പ്രൊവിൻസിന്റെയും നേതൃത്വത്തിൽ ഫാമിലി ക്വിസ് സംഘടിപ്പിച്ചിരിക്കുന്നു. 2022 മെയ് 22 ഞായർ ഉച്ചകഴിഞ്ഞ് 1 മണി മുതൽ 4 മണി വരെയായിരിക്കും മത്സരം. ചെമ്പുക്കാവിലുള്ള ഹോളിഫാമിലി കോൺവെന്റ് ഗേൾസ് ഹൈസ്ക്കൂളിൽ വെച്ചായിരിക്കും.

ഒന്നാം സമ്മാനം – 10,000 രൂപ, രണ്ടാം സമ്മാനം – 7,000 രൂപ, മൂന്നാം സമ്മാനം – 5,000 രൂപ, 1000 രൂപ വച്ച് നാല് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

നിബന്ധനകൾ

1. ഒരു ടീമിൽ മിനിമം മൂന്ന് പേരെങ്കിലും ഉണ്ടാകണം. (അപ്പൻ/അമ്മ, മക്കൾ).
2. മത്സരം ആരംഭിക്കുന്നതിന് 15 മിനിറ്റ് മുമ്പായി എത്തിച്ചേരണം.
3. ഒന്നാം റൗണ്ട് എഴുത്തു പരീക്ഷയായിരിക്കും. അതിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന പത്ത് ടീമായിരിക്കും ഫൈനൽ റൗണ്ടിൽ പ്രവേശിക്കുക.
4. വിഷയം – സ്നേഹത്തിന്റെ ആനന്ദം (ചാക്രിക ലേഖനം) കത്തോലിക്കാ സഭ പത്രം (ജൂൺ 2021–ഏപ്രിൽ 2022) പുസ്തകം ഡിബിസി എൽസിയിൽ നിന്ന് ലഭ്യമാണ്.
5. രജിസ്ട്രേഷൻ ഗൂഗിൾ ഫോം വഴിയായിരിക്കും. രജിസ്ട്രേഷൻ ഫീ ഇല്ല.
6. രജിസ്ട്രേഷനുള്ള അവസാന തിയ്യതി മെയ് 15 ആയിരിക്കും.
7. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

NB: കൂടുതൽ വിവരങ്ങൾക്ക് 8075262290 ഈ നമ്പറിൽ ബന്ധപ്പെടുക.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**1. ഫൊറോന സന്ദർശനം**

അതിരൂപത കൂടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ മാർച്ച് മാസത്തിൽ 12 ഫൊറോനകളും ഏപ്രിൽ മാസത്തിൽ കണ്ടശ്ശാംകടവ് ഫൊറോന (10.04.2022 ഞായർ 2.30pm) കുടുംബകൂട്ടായ്മ കേന്ദ്രസമിതി സന്ദർശനം നടത്തുകയുണ്ടായി.

ഫൊറോന സന്ദർശനത്തിന് വേണ്ടി കൂടിയ ഫൊറോന ജനറൽബോഡി യോഗത്തിന് നേതൃത്വം നൽകിയ ഫൊറോന വികാരിയച്ചന്മാർക്കും ആനിമേറ്ററച്ചന്മാർക്കും ഫൊറോന കൺവീനറുടെ നേതൃത്വത്തിലുള്ള ഭാരവാഹികൾക്കും ഈ ഫൊറോന സന്ദർശനത്തിൽ ഇടവകയിൽ നിന്ന് അവരെ പറഞ്ഞുവിട്ട ഇടവക വികാരിയച്ചന്മാർക്കും ഇടവക കൺവീനർമാർക്കും അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ പ്രത്യേകം നന്ദി.

**2. യുവജന സംഗമം**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ജൂബിലി വർഷത്തോടനുബന്ധിച്ച് ഏപ്രിൽ 10–ാം തിയ്യതി ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 2.30 ന് ഫാമിലി അപ്പസ്റ്റോലേറ്റിൽ വച്ച് യുവജന സംഗമം നടത്തുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അനുഗ്രഹപ്രഭാഷണവും മോൺ. ജോസ് കോനിക്കരയച്ചൻ അദ്ധ്യക്ഷ പ്രസംഗവും നടത്തി. തുടർന്ന് നടന്ന ക്ലാസ്സിൽ ബഹു. രാജു അക്കരയച്ചൻ യുവജനങ്ങൾക്കുള്ള സെമിനാർ നയിച്ചു. ഈ സംഗമത്തിൽ പങ്കെടുത്ത എല്ലാ യുവജന ഭാരവാഹികൾക്കും അവരെ പറഞ്ഞയച്ച ഇടവക വികാരിയച്ചന്മാർക്കും ഇടവക കൺവീനർമാർക്കും ഒത്തിരി നന്ദി.

**3. ജൂബിലി പ്രയാണ യാത്ര (2022 മെയ് 21, 22 ശനി, ഞായർ)**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ള മാർ ജോസഫ് കുണ്ടുകുളം അനുസ്മരണ പ്രഭാഷണം ഈ ഗോൾഡൻ ജൂബിലി വർഷത്തിൽ മെയ് 21, 22 ശനി, ഞായർ ദിവസങ്ങളിലായി 16 ഫൊറോന ദൈവാലയങ്ങളിലൂടെ ജൂബിലി പ്രയാണ യാത്രയായി നടത്തുന്നു. ഈ ജൂബിലി പ്രയാണ യാത്രക്ക്

അതാത് ഫൊറോനയിൽ വേണ്ട ഒരുക്കങ്ങൾ നടത്തുവാൻ ഫൊറോന കുടുംബകൂട്ടായ്മ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. എല്ലാവരുടേയും സഹ കരണം പ്രതീക്ഷിക്കുന്നു. ജൂബിലി പ്രയാണ യാത്ര എത്തിച്ചേരുന്ന വരുന്ന ഫൊറോനകളുടെ ദിവസം താഴെ കൊടുത്തിരിക്കുന്നു.

മെയ് 21 ശനി ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ നിന്ന് അഭി വന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്ത് പ്രയാണം ആരംഭിക്കുന്നു. തുടർന്ന് പുത്തൂർ, പട്ടിക്കാട്, ചേലക്കര, വടക്കാഞ്ചേരി, എരുമപ്പെട്ടി, വേലൂർ എന്നീ ഫൊറോനകളിലൂടെ സഞ്ചരിച്ച് കൊട്ടേ ക്കാട് ഫൊറോന ദൈവാലയത്തിൽ സമാപിക്കുന്നു.

മെയ് 22 ഞായർ ബസിലിക്ക ദൈവാലയത്തിൽ നിന്ന് ആരം ഭിച്ച് ഒല്ലൂർ, പുതുക്കാട്, പഴുവിൽ, കണ്ടശ്ശാംകടവ്, പാലയൂർ, മറ്റം എന്നീ ഫൊറോനകളിലൂടെ സഞ്ചരിച്ച് പറപ്പൂർ ഫൊറോന ദൈവാലയത്തിൽ സമാപിക്കുന്നു. സമാപന യോഗത്തിൽ അഭിവന്ദ്യ മാർ ടോണി നീല ങ്കാവിൽ പിതാവ് പങ്കെടുക്കുന്നു.

**4. ഗോൾഡൻ ജൂബിലി സമാപനം (2022 മെയ് 29 ഞായർ)**

അതിരൂപത കുടുംബകൂട്ടായ്മയുടെ ഗോൾഡൻ ജൂബിലി സമാ പന പൊതുസമ്മേളനം മെയ് 29 ഞായറാഴ്ച്ച 2.00 മണി മുതൽ 5.00 മണി വരെ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നു. തൃശ്ശൂർ അതിരൂ പത മെത്രപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹി ക്കുന്ന പൊതുയോഗം സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. തൃശ്ശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴി, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തുന്നു. അതിരൂപത വികാരി ജനറാൾമാർ തുടങ്ങിയ ആത്മീയ നേതാക്കന്മാർ ഈ പൊതുസമ്മേളനത്തിൽ പങ്കെ ടുക്കുന്നു. ഈ ഗോൾഡൻ ജൂബിലി സമാപനത്തിലേക്ക് ബഹുമാന പ്പെട്ട വികാരിയച്ചന്മാരെയും കുടുംബകൂട്ടായ്മയുടെ എല്ലാ ഭാരവാഹി കളേയും പ്രത്യേകം ക്ഷണിക്കുന്നു.

**5. കുടുംബകൂട്ടായ്മ ഇലക്ഷൻ 2022-2025**

കുടുംബകൂട്ടായ്മ യൂണിറ്റുകളിലേക്ക് ജൂൺ, ജൂലൈ മാസങ്ങ ളിലും ഇടവക കേന്ദ്രസമിതിയിലേക്കുള്ള ഇലക്ഷനുകൾ ആഗസ്റ്റ് മാസ ത്തിലുമായി പൂർത്തിയാക്കേണ്ടതാണ്. അച്ചന്റെ ഇടവകയിൽ സൗക ര്യപ്രദമായ ഒരു തിയ്യതി കണ്ടെത്തി സമയബന്ധിതമായി ഇലക്ഷൻ പൂർത്തിയാക്കുമല്ലോ. യൂണിറ്റ് - ഇടവകതല ഇലക്ഷനുമായി ബന്ധ പ്പെട്ട് ചില നിർദ്ദേശങ്ങളാണ് താഴെ കൊടുത്തരിക്കുന്നത്.

1. ഓരോ കുടുംബകൂട്ടായ്മകളിലും താഴെ പറയുന്ന സ്ഥാനങ്ങളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കേണ്ടത്. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് (1 പുരുഷൻ), വൈസ് പ്രസിഡണ്ട് ( 1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1 പുരുഷന്), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.
2. കുടുംബകൂട്ടായ്മ 7 ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 21–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്.
3. ഇടവക കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് 2022 ആഗസ്റ്റ് മാസത്തിൽ നടത്തപ്പെടേണ്ടതാണ്. ഇടവക കേന്ദ്രസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന 7 ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 21–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്. ചെയർമാൻ (വികാരി) കുടുംബകൂട്ടായ്മ ഇടവക ജനറൽ ബോഡിയിൽ നിന്ന് 2 പേരെ പ്രവർത്തകസമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യേണ്ടതാണ്.
4. ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഇലക്ഷൻ കഴിഞ്ഞാൽ എല്ലാ കുടുംബകൂട്ടായ്മകളിലേയും ഭാരവാഹികളുടെ പൂർണ്ണമായ മേൽവിലാസം ഫോൺ നമ്പർ സഹിതം രേഖപ്പെടുത്തി അതിരൂപത ഓഫീസിൽ ആഗസ്റ്റ് 31 ന് മുൻപായി എത്തിക്കേണ്ടതാണ്.
5. 2022സെപ്റ്റംബർ/  ഒക്ടോബർ മാസങ്ങളിലാണ് ഫൊറോന കേന്ദ്രസമിതി തിരഞ്ഞെടുപ്പ് നടക്കുന്നത്.
6. 2022 ഡിസംബർ മാസത്തിൽ അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് നടക്കുന്നതാണ്.

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്തിൽ സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കട്ടെ.**

***(റോമ. 15:13)***

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**1. തിരുമണിക്കൂർ ആരാധന, വി.കുർബാന**

മെയ് 2 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**2. ഏലീശാ സംഗമം**

*ഗർഭിണികൾക്കും ജീവിത പങ്കാളികൾക്കും വേണ്ടിയുള്ള പഠന പ്രാർത്ഥനാശുശ്രൂഷ ഏറെ ഹൃദ്യമായിരുന്നു*

ശിശുവിന്റെ സ്വഭാവരൂപീകരണം ഗർഭാവസ്ഥയിൽ ആരംഭിക്കുന്നുവെന്ന് തെളിയക്കപ്പെട്ടിരിക്കുന്ന കാലമാണിന്ന്. ഗർഭാവസ്ഥയിൽ നന്നായി ഒരുങ്ങിയും പ്രാർത്ഥിച്ചും സ്വീകരിക്കുന്ന കുഞ്ഞുങ്ങൾ വൈകാരിക പക്വതയുള്ളവരായിത്തീരും. ഇങ്ങനെയുള്ള മക്കൾക്ക് ജന്മം നൽകുന്നതിന് സഹായിക്കുവാനായി തൃശ്ശൂർ അതിരൂപത പ്രോലൈഫിന്റെയും ഹോളിഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ ഗർഭിണികൾക്കായുള്ള പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പരസ്പര പങ്കുവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും ഗർഭകാല സഹനങ്ങൾ രക്ഷാകരമാക്കുവാനുതകുന്ന സാക്ഷ്യങ്ങളും വൈദ്യശാസ്ത്ര മനശാസ്ത്ര വിദ്ഗ്ധരുടെ ഉപദേശങ്ങളും അടങ്ങിയതായിരുന്നു ഈ പ്രാർത്ഥനാ കൂട്ടായ്മ.

**3. ഗർഭകാലവും വ്യായാമവും**

തൃശ്ശൂർ അതിരൂപത പ്രോലൈഫ് സമിതിയുടെയും ഹോളിഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ ഗർഭിണികളായിട്ടുള്ള ദമ്പതികൾക്കുവേണ്ടി ഗർഭകാലവും വ്യായാമവും എന്ന വിഷയത്തെ ആസ്പദമാക്കി അമല മെഡിക്കൽ കോളേജ് ഡോ. സിമി ക്ലാസ് നയിക്കുകയുണ്ടായി. ഓൺലൈനിൽ ആയി നടത്തപ്പെട്ട ക്ലാസ്സ് ആയിരുന്നുവെങ്കിലും ഏവർക്കും ഹൃദ്യമായിരുന്നു. തുടർന്ന് ആരാധനയും പ്രാർത്ഥനാശുശ്രൂഷയും ഉണ്ടായിരുന്നു. പങ്കെടുത്തവർക്കും ക്ലാസ്സ് നയിച്ച ഡോ. സിമിക്കും നേതൃത്വം കൊടുത്ത എല്ലാവർക്കും നന്ദി പറയുന്നു.

**4. കോഡിനേറ്റേഴ്സ് മീറ്റ്**

തൃശ്ശൂർ അതിരൂപത പ്രോലൈഫ് സമിതിയുടെയും ഹോളിഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ ഗർഭിണികളായിട്ടുള്ള ദമ്പതികൾക്കുവേണ്ടി നടത്തുന്ന ഏലീശാ സഹഗമനത്തിൽ ഏർപ്പെട്ടിരിക്കുന്ന കോഡിനേറ്റേഴ്സായ എല്ലാവരും ഒന്നിച്ചു കൂടുകയും അവരുടെ അനുഭവങ്ങൾ പങ്ക് വയ്ക്കുകയും ചെയ്തു. ഡയറക്ടർ കോഡിനേറ്റേഴ്സിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും പ്രശംസിക്കുകയും ചെയ്തു.

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**1. ഇ ഡബ്ല്യു എസ് സാമ്പത്തിക സംവരണം:**

ഇതുവരെ സാമുദായിക സംവരണം ലഭിക്കാതിരുന്ന സുറിയാനി ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തും സർക്കാർ ജോലികളിലും ഭരണഘടനാപരമായി അനുവദിച്ചിരിക്കുന്ന 10% സംവരണമാണ് സാമ്പത്തിക സംവരണം. ഇത് ഇ ഡബ്ല്യു എസ് റിസർവഷൻ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇ ഡബ്ല്യു എസ് സർട്ടിഫിക്കറ്റ് ഓരോ വർഷവും പുതുക്കണം. (കാലാവധി ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ).

**2. പ്രയോജനങ്ങൾ**

കേരള സംസ്ഥാന മാനദണ്ഡപ്രകാരമുള്ള ഇ ഡബ്ല്യു എസ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് പ്ലസ് വൺ – ഡിഗ്രി ഏകജാലക പ്രവേശനം, കേരള മെഡിക്കൽ– എൻജിനീയറിംഗ് പ്രവേശനം, SET, K-TET പോലെയുള്ള യോഗ്യതാ പരീക്ഷകൾ , ഗവണ്മെന്റ് നേഴ്സിംഗ്–പാരാമെഡിക്കൽ, പോളിടെക്നിക് ഹയർസെക്കൻഡറി, UG, PG അഡ്മിഷൻ തുടങ്ങി ഉന്നത വിദ്യാഭ്യാസ രംഗങ്ങളിലും PSC മുഖേനയുള്ള സർക്കാർ നിയമനങ്ങളിലും 10% സംവരണം നേടുന്നതിന് ഉപകരിക്കും. ഓരോ

വിജ്ഞാപനവും ഇറങ്ങുന്നതോടൊപ്പം ഇ ഡബ്ലിയു എസിനുള്ള ക്രമീകരണവും ഉണ്ടായിരിക്കും. വില്ലേജ് ഓഫീസറുടെ പക്കൽ നിന്നാണ് സംസ്ഥാന മാനദണ്ഡപ്രകാരം ഉള്ള സർട്ടിഫിക്കറ്റ് കൈപ്പറ്റേണ്ടത്.

കേന്ദ്ര സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിനും NEET, NET, C TET തുടങ്ങിയ യോഗ്യതാ പരീക്ഷകൾക്കും UPSC, SSC, RRB, ബാങ്കിംഗ് –പൊതുമേഖല തുടങ്ങിയ കേന്ദ്രസർക്കാരിന്റെ അനേകം തൊഴിലവസരങ്ങളിലേക്കുള്ള സെലക്ഷനും ഉപകരിക്കുന്നത് കേന്ദ്ര മാനദണ്ഡപ്രകാരമുള്ള ഈ ഡബ്ലിയു എസ് സർട്ടിഫിക്കറ്റിലൂടെയാണ്. ഇതു ലഭിക്കുന്നതിന് വില്ലേജ് ഓഫീസറുടെ ശുപാർശയോടെ കൂടി തഹസിൽദാർക്കാണ് അപേക്ഷ കൊടുക്കേണ്ടത്.

**3. സാങ്കേതിക സഹായം**

കൂടുതൽ വിവരങ്ങളും പുതിയ അപേക്ഷ ഫോം, സർട്ടിഫിക്കറ്റിനുള്ള ഫോർമാറ്റ്, ഇതുസംബന്ധിച്ച ഗവൺമെൻറ് ഓർഡറുകൾ, തുടങ്ങിയവ ആവശ്യമുള്ളവർക്ക് തൃശൂർ അതിരൂപത ഫാമിലി അപ്പോസ്റ്റോലേറ്റിൽ പ്രവർത്തിക്കുന്ന അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. വിശദാംശങ്ങളും അപേക്ഷ ഫോമും www.afctcr.com എന്ന വെബ്സൈറ്റിലും ലഭ്യമാണ്. സംശയ ദുരീകരണത്തിനു (+91) 7902713325, 7909293325 എന്ന നമ്പറുകളിൽ വിളിക്കുക.

തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇടവകകളുടെ ആവശ്യാനുസരണം മെയ് മാസത്തിൽ ഇ ഡബ്ലിയു എസ് റിസേർവഷനെ സംബന്ധിച്ചു സെമിനാറുകൾ (ഓഫ്ലൈൻ/ഓൺലൈൻ) സംഘടിപ്പിക്കുന്നു.

*കൂടുതൽ വിവരങ്ങൾക്ക്* **9605043327, 9447769815, 9946221499**
സംശയനിവാരണത്തിനു ബന്ധപ്പെടുക
**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപോസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ: 7902713325, 7909293325 ഇമെയിൽ: info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

# മാതൃവേദി

**1. ലെഗാരെ – 2022**

ഈ വർഷം ഏപ്രിൽ 1 മുതൽ നവംബർ 31 വരെയുള്ള മാസങ്ങളിൽ ഒരു പ്രാവശ്യം സമ്പൂർണ്ണ ബൈബിൾ വായിക്കുക എന്ന ലക്ഷ്യത്തോടെ ലെഗാരെ – 2022 ആരംഭിക്കുകയാണ്. ഈ സദുദ്യമത്തിൽ പങ്കുചേരാൻ എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. ഡിസംബർ മാസത്തിൽ അതിരൂപത തലത്തിൽ നടക്കുന്ന മാതൃവേദിയുടെ മഹാസംഗമത്തിൽ വച്ച് ഈ മാസങ്ങളിൽ സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുന്ന അമ്മമാർക്കുള്ള സമ്മാനം നൽകുന്നതായിരിക്കും. മെയ് മാസത്തിൽ വായിക്കേണ്ട ബൈബിൾ ഭാഗങ്ങൾ 1,2 സാമുവേൽ, 1,2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തം, എസ്രാ, നെഹെമിയാ, തോബിത്ത്. എന്നീ പുസ്തകങ്ങളാണ്.

**2. കുർബാന ഒരു പഠനം (മെയ് 10 ചൊവ്വ 11.00 am – 12.00 pm)**

മാതൃവേദി അംഗങ്ങൾക്കായുള്ള കുർബാനയെക്കുറിച്ചുള്ള പഠനശിബിരം മെയ് 10–ാം തിയ്യതി ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**3. വൃക്ഷതൈ വിതരണം (മെയ് 10 ചൊവ്വ )**

അതിരൂപതയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ അമ്മമാർക്കും വൃക്ഷത്തൈ നൽകുന്നതാണ്. ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്ന വൃക്ഷതൈ വിതണത്തിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**4. കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**
**മെയ് 10 ചൊവ്വ (9.30 am – 1.00 pm)**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചിട്ടുള്ള കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഉണ്ടായിരിക്കുന്നതാണ്. അതിരൂപതയിലെ മാതൃവേദി അംഗ

ങ്ങൾക്ക് കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും വസ്തുക്കൾ കൊണ്ടുവരാവുന്നതാണ്.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

# സി. സി. ഡബ്ല്യു. ഐ.

**1. പരീക്ഷാ വിജയത്തിനായുള്ള പ്രാർത്ഥന**

സി.സി.ഡബ്ലിയു.ഐ സംഘടനയുടെ നേതൃത്വത്തിൽ വിവിധങ്ങളായ പരീക്ഷകൾക്കായി ഒരുങ്ങികൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി ഫാമിലി അപ്പസ്റ്റോലേറ്റിന്റെ ചാപ്പലിൽ വച്ച് അംഗങ്ങൾ എല്ലാവരും ഒന്നു ചേർന്ന് ആരാധന ശുശ്രുഷയ്ക്ക് നേതൃത്വം കൊടുത്തു. ഒപ്പം അംഗങ്ങളിൽ രോഗികളായി ഭവനങ്ങളിലും ആശുപത്രികളിലുമായി കഴിയുന്ന എല്ലാവരെയും ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**2. സിൽവർ ജൂബിലി മെയ് 23 (9.30 am – 1.00 pm)**

അതിരൂപതയിൽ സി.സി.ഡബ്ലിയു.ഐ സംഘടന ആരംഭിച്ചിട്ട് 25 വർഷം പൂർത്തിയാവുകയാണ്. മെയ് 23-ാം തിയ്യതി വിശുദ്ധ കുർബാനയോടും പൊതുസമ്മേളനത്തോടും കൂടെ ജൂബിലി ആഘോഷിക്കുകയാണ്. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ജൂബിലി ഉദ്ഘാടനം ചെയ്യുകയും മാർ ടോണി നീലങ്കാവിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്യുന്നു. ജൂബിലി ആഘോഷ പരിപാടിയിലേക്ക് ഏവരേയും ഹൃദ്യമായി സ്വാഗതം അർപ്പിക്കുന്നു.

**പ്രൊഫ. എലിസബത്ത് മാത്യു**
പ്രസിഡന്റ്

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

# എക്സൽ അക്കാദമി

EXCEL ACADEMY
Archdiocese of Trichur
Institute for Career Formation

## 1. Foundation Course

2022 ജൂലായ് മാസത്തിൽ ആരംഭിക്കുന്ന Excel Foundation Course ന്റെ (Civil Service/Science Group) പുതിയ ബാച്ചിൽ, 8, 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. രണ്ടാം ശനിയാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും Foundation Course ന്റെ ക്ലാസ്സുകൾ തൃശ്ശൂർ ബിഷപ്സ് ഹൗസ് DBCLC യിലെ എക്സൽ അക്കാദമി ക്യാമ്പസിൽ നടക്കുന്നു. 2022 ജൂൺ മാസത്തിൽ സ്കൂൾ തലത്തിലും ഇടവകതലത്തിലും നടത്തുന്ന Foundation Entrance Exam ൽ 8, 9, 10, 11, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ഈ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് Cash Prize നൽകുന്നതാണ്. ഈ പരീക്ഷകളിൽ നിന്ന് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് Foundation Course ൽ അഡ്മിഷനിലുള്ള അർഹത ഉണ്ടായിരിക്കും. 2022 മെയ് 20–ാം തിയതി മുതൽ Foundation Course ന്റെ പുതിയബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിക്കും. വിശദവിവരങ്ങൾക്ക് 9847276657

## 2. K- TET Course (Kerala Teachers Eligibility Test)

എക്സൽ അക്കാദമിയിൽ K- TET- course ന്റെ പുതിയ ബാച്ചിന്റെ അഡ്മിഷൻ 2022 മെയ് 20–ാം തിയ്യതി ആരംഭിക്കും. കാറ്റഗറി 1, 2, 3, 4, കാറ്റഗറിയിലുള്ള വിദ്യാർത്ഥികൾക്ക് ഈ കോഴ്സിൽ അഡ്മിഷൻ എടുക്കാവുന്നതാണ്.

contact no: 9847276657 / 9744941585

## 3. KER - KSR Course

എക്സൽ അക്കാദമിയിൽ KER - KSR - Course ന്റെ പുതിയ ബാച്ചിന്റെ അഡ്മിഷൻ 2022 മെയ് 20–ാം തിയ്യതി ആരംഭിക്കും. സ്കൂൾ പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള പ്രൊമോഷൻ ടെസ്റ്റിന്റെ കോഴ്സാണ് KER - KSR - Course.

## 4. IELTS Course

2022 ജൂൺ മാസം മുതൽ എക്സൽ അക്കാദമിയിൽ IELTS Course ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് – 9847276657 / 9744941585

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

Santhwanam
ARCHDIOCESE OF TRICHUR

**1. ചക്കമഹോത്സവവും കാർഷികോല്പന്ന വിതരണമേളയും സംഘടിപ്പിച്ചു.**

ചക്കയ്ക്കും വൈവിധ്യങ്ങളായ ചക്ക ഉല്പന്നങ്ങൾക്കും പേരുകേട്ട തൃശൂരിൽ ചക്കമഹോത്സവം സംഘടിപ്പിച്ചു. തൃശൂർ അതിരൂപതയുടെ കീഴിലുള്ള സാന്ത്വനം സ്വിഫ്റ്റ് മാർട്ടിന്റെ നേതൃത്വത്തിലാണ് ഏപ്രിൽ 12,13,14 തീയ്യതികളിൽ ചക്കയുടെ സംഭരണം, നൂറോളം വരുന്ന ചക്കയുല്പന്നങ്ങളുല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം, മൂല്യവർദ്ധിത ചക്കയുല്പന്നങ്ങളുടെ വിപണനം എന്നിവ നടന്നത്. ചക്കയുൾപ്പടെയുള്ള വിവിധ കാർഷികോല്പന്നങ്ങളിൽനിന്നുല്പാദിപ്പിക്കാവുന്ന ഉല്പന്നങ്ങളെയും നൂതനസംരംഭങ്ങളെയും പരിചയപ്പെടുത്തുന്ന വിദഗ്ധരുടെയും ഉല്പാദകരുടെയും നേതൃത്വത്തിലുള്ള പരിശീലനവും ഇതോടൊപ്പം നല്കുകയുണ്ടായി. നാടൻ കാർഷികോല്പന്നങ്ങൾ മൂന്നാർ ശീതകാല പച്ചക്കറികൾ, ഫലവൃക്ഷത്തൈകൾ, വൈവിധ്യമാർന്ന മാമ്പഴങ്ങൾ, ഗ്യാസില്ലാതെ ഉപയോഗിക്കാവുന്ന സ്മാർട്ട് ജെറ്റ് സ്റ്റൗ തുടങ്ങിയവയുടെ വിപണനവും ഈ ദിവസങ്ങളിൽ നടന്നു. കോവിഡ് മഹാമാരിക്കാലത്ത് വിഷരഹിത പച്ചക്കറി തൃശൂരിന് പരിചയപ്പെടുത്തിയ സാന്ത്വനം സ്വിഫ്റ്റ് മാർട്ടിന്റെ ഒന്നാം വാർഷീകാഘോഷത്തിന്റെ ഭാഗമായാണ് സാന്ത്വനം ഫെസ്റ്റ് 2022 എന്ന പേരിൽ വിപണനമേള സംഘടിപ്പിച്ചത്. തൃശൂർ അതിരൂപതാ കാര്യാലയത്തിൽ വിജയകരമായി പ്രവർത്തിച്ചുവരുന്ന സാന്ത്വനം സ്വിഫ്റ്റ് മാർട്ടിന്റെ പ്രവർത്തനങ്ങളിൽ നിന്നുള്ള ലാഭവിഹിതം, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുവെന്നതാണ് സവിശേഷത.

ഏപ്രിൽ 12ന് രാവിലെ 10 മണിക്ക് ആരംഭിച്ച ഉദ്ഘാടനസമ്മേളനം, തൃശൂർ കോർപറേഷൻ ആരോഗ്യകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ.പി.കെ ഷാജൻ ഉദ്ഘാടനം ചെയ്തു. നബാർഡ് ഡി.ഡി.എം. ശ്രീ.സെബിൻ ആന്റണി അധ്യക്ഷത വഹിച്ചു. കാർഷിക വിപണനമേളയുടെ ആദ്യവില്പന മുൻ കൃഷിവകുപ്പു മന്ത്രി ശ്രീ. വി.എൻ. സുനിൽകുമാർ, CSB ബാങ്കിന്റെ ഡെപ്യൂട്ടി വൈസ് പ്രസിഡണ്ട് ശ്രീ. പ്രദീപ് കുമാറിന് നല്കിക്കൊണ്ട് നിർവ്വഹിക്കുകയുണ്ടായി. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ സ്വാഗതവും അസോസിയേറ്റ് ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി നന്ദിയും പറഞ്ഞു. തുടർന്നുള്ള പരിശീലന പരിപാടിക്ക്, വയനാട്ടിൽ നിന്നുള്ള സംരംഭക ശ്രീമതി. പത്മിനി ശിവദാസ് നേതൃത്വം നല്കി.

**2. പാലയൂർ തീർത്ഥാടനം നടത്തി.**

ബ്ലാങ്ങാട് – മുനയ്ക്കക്കടവ് മേഖലയിലെ മത്സ്യത്തൊഴിലാളികളെ കേന്ദ്രീകരിച്ച് സാന്ത്വനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മിഷൻ സെന്ററാണ് സാന്ത്വനതീരം. സാന്ത്വനത്തിന്റെ നേതൃത്വത്തിൽ, ഞായറാഴ്ചകളിൽ പതിവായി മത്സ്യത്തൊഴിലാളികൾക്കായി സാന്ത്വനതീരത്ത് അർപ്പിക്കാറുള്ള വി.കുർബാനക്കുശേഷമാണ് തീർത്ഥാടനം നടത്തിയത്. തീർത്ഥാടനദിവസം ഏപ്രിൽ 3–ാം തീയ്യതി സാന്ത്വനം അസോ. ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി അർപ്പിച്ച വി.കുർബാനക്കുശേഷം തമിഴിൽ കുരിശിന്റെ വഴി ചൊല്ലി ഭക്തിപൂർവ്വം 200 മത്സ്യത്തൊഴിലാളികൾ പദയാത്രയിൽ പങ്കെടുത്തു. സാന്ത്വനതീരം കോർഡിനേറ്റർ ശ്രീ. മാത്യൂസ് ഒലക്കേങ്കിൽ, ലിറ്റിൽ ഫ്ളവർ കോൺവെന്റ്, മമ്മിയൂരിലെ ബഹു.സിസ്റ്റേഴ്സ്, സാന്ത്വനം ഡയറക്ടർമാർ തുടങ്ങിയവർ പദയാത്രയ്ക്കു നേതൃത്വം കൊടുത്തു. മഹാ തീർത്ഥാടനകേന്ദ്രമായ പാലയൂരിന്റെ പ്രധാന തീർത്ഥാടനവേദിയിലെത്തിയപ്പോൾ, തീർത്ഥാടനക്യാപ്റ്റൻ പതാക സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കന് കൈമാറുകയും അച്ചൻ അത് വേദിയിൽ നാട്ടുകയും ചെയ്തു.

**3. എളവള്ളി ഇടവകയിൽ നിന്ന് വീൽചെയർ സ്വീകരിച്ചു.**

എളവള്ളി ഇടവകയിലെ കുടുംബത്തിൽ നിന്ന് ലഭിച്ച വീൽചെയർ, വികാരി ഫാ.ടോണി അരിമ്പൂർ, സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കനു കൈമാറി. വീട്ടിൽ ആവശ്യം കഴിഞ്ഞ് മാറ്റി വെച്ചിട്ടുള്ള സർജിക്കൽ ഉപകരണങ്ങൾ സാന്ത്വനം കാൻകെയർ പദ്ധതിയിലൂടെ സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് വീൽചെയർ സാന്ത്വനം സ്വീകരിച്ചത്.

**4. ഓക്സിജൻ കോൺസെന്ട്രേറ്റർ ഉപയോഗിക്കാൻ നല്കി.**

കാരിത്താസ് ഇന്ത്യ വഴി സാന്ത്വനത്തിനു ലഭിച്ച ഓക്സിജൻ

കോൺസെന്ട്രേറ്റർ, പാലയൂർ ഇടവകയിലെ ഓക്സിജൻ അത്യാവശ്യമായ വ്യക്തിക്ക് ഉപയോഗിക്കാനായി നല്കി. വീട്ടിൽ കഴിയുന്ന കോവിഡ് രോഗികൾക്ക് ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുകയാണ് ഇതിന്റെ ലക്ഷ്യം.

**5. ഗോഡ്സ് ഓൺ ഫാമിലി – സാന്ത്വനം കാൻ കെയർ പദ്ധതി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിലെ കാലാവധി പൂർത്തീകരിച്ച് എക്കൗണ്ട് ക്ലോസ് ചെയ്ത് നല്കിയ ഗുണഭോക്താക്കളുടെയും ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിലൂടെ സഹായം ലഭിച്ച ഇടവകയുടെയും സാന്ത്വനം കേൻ കെയർ പദ്ധതിയിലൂടെ വീട്ടാവശ്യത്തിനുള്ള പലവ്യഞ്ജനങ്ങൾ നല്കി സഹായിക്കുന്ന ഗുണഭോക്താക്കളുടെയും ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

| | |
|---|---|
| അരിമ്പൂർ | - Rs.68,113/- |
| ചേലക്കര | - Rs.36,904/- |
| അടാട്ട് | - Rs.10,000/- |
| പൂച്ചുണ്ണിപ്പാടം | - Rs.2,000/- |
| മനക്കൊടി | - Rs.1,000/- |
| തിരൂർ | - Rs.1,000/- |
| പൂങ്കുന്നം | - Rs.1,500/- |
| കല്ലൂർ | - Rs.1,000/- |
| ഒല്ലൂക്കര | - Rs.1,000/- |
| തെങ്ങാലൂർ | - Rs.1,000/- |
| മുക്കാട്ടുകര | - Rs.2,000/- |
| മുല്ലക്കര | - Rs.1,000/- |
| പടവരാട് | - Rs.2,000/- |
| അരിമ്പൂർ | - Rs.1,000/- |
| നെല്ലിക്കുന്ന് | - Rs.1,000/- |
| പെരിഞ്ചേരി | - Rs.2,000/- |

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.സിജു പുളിക്കൻ**
അസി.ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി



### 1. ചിൽഡ്രൻസ് മിനിസ്ട്രി പ്രൊമോട്ടേഴ്സ്

തൃശ്ശൂർ അതിരൂപതയിലെ ഫൊറോനകളിൽ കഴിഞ്ഞ വർഷം ചിൽഡ്രൻസ് മിനിസ്ട്രി പ്രമോട്ടർമാരായി സേവനമനുഷ്ഠിച്ച എല്ലാ ബഹു. വൈദികർക്കും ഹൃദ്യമായ നന്ദി. പുതിയ പ്രൊമോട്ടർമാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബസിലിക്ക | ഫാ. ഗ്രിജോ മുരിങ്ങാത്തേരി |
| ചേലക്കര | ഫാ. മേജോ മങ്ങാട്ടിളയൻ |
| എരുമപ്പെട്ടി | ഫാ. നവീൻ മുരിങ്ങാത്തേരി |
| കണ്ടശ്ശാംകടവ് | ഫാ. ഗോഡ്വിൻ കിഴക്കൂടൻ |
| കൊട്ടേക്കാട് | ഫാ. സെബിൻ കുടുക്കച്ചിറക്കുന്നേൽ എം.എസ്.ടി. |
| ലൂർദ്ദ് | ഫാ. അജിത്ത് ചിറ്റിലപ്പിള്ളി |
| മറ്റം | ഫാ. സ്റ്റീഫൻ അറയ്ക്കൽ |
| ഒല്ലൂർ | ഫാ. ജിതിൻ നെല്ലങ്കര |
| പാലയൂർ | ഫാ. ജോമോൻ താണിക്കൽ |
| പറപ്പൂർ | ഫാ. ലിബിൻ ചെമ്മണ്ണൂർ |
| പട്ടിക്കാട് | ഫാ. ജിബിൻ വാഴപ്പിള്ളി |
| പഴുവിൽ | ഫാ. തോമസ് ഊക്കൻ |
| പുതുക്കാട് | ഫാ. ജിയോ വേലൂക്കാരൻ |
| പുത്തൂർ | ഫാ. ലിയോ പുത്തൂർ |
| വേലൂർ | ഫാ. പ്രകാശ് പുത്തൂർ |
| വടക്കാഞ്ചേരി | ഫാ. സെബി വെളിയൻ |

### 2. എയ്ഞ്ചലോസ് 2022

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2022 മെയ് 22–ന് അതിരൂപതാതലത്തിൽ ഈ വർഷം ആഘോഷപൂർവ്വമായ ദിവ്യകാരുണ്യ സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.00 മണിവരെ തൃശ്ശൂർ ലൂർദ്ദ് മെട്രോപോളിറ്റൻ കത്തീഡ്രലിൽ വച്ച് സ്വീകരണം നല്കുന്നു. എല്ലാ ഇടവകകളിൽ നിന്നും സഹകരണം പ്രതീക്ഷിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരൊന്നിച്ച് ഫോട്ടോ

എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഫോട്ടോ ഒന്നിന് 40 രൂപയാണ്. ഫോട്ടോ ആവശ്യമുള്ളവർ മുൻകൂറായി പൈസ തന്ന് ഫോട്ടോസ് ബുക്ക് ചെയ്യേണ്ടതാണ്. ഫോട്ടോസ് തൃശ്ശൂർ, സെന്റ് തോമസ് കോളേജിന് സമീപമുള്ള ജോയ്സ് ഫോട്ടോ പാർക്കിൽ നിന്നും മെയ് 25 ന് ശേഷം ലഭ്യമാണ്.

**3. പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

*തിരുവചനം:* "നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദര ഫലവും അനുഗൃഹീതം. എന്റെ കർത്താവിന്റെ അമ്മ എന്റെ അടു ത്തുവരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്?" (ലൂക്കാ 1: 42–43)

*സുകൃതജപം:* ഉയിർത്തെഴുന്നേറ്റ എന്റെ ഈശോയെ എന്നെ അനു ഗ്രഹിക്കണമേ.

*പ്രാർത്ഥനാ നിയോഗം:* ആഘോഷമായ ദിവ്യകാരുണ്യം സ്വീകരിക്കുന്ന എല്ലാ കുട്ടികൾക്ക്.

*പരിചയപ്പെടുന്ന വിശുദ്ധൻ:* കുമ്പസാരിക്കാൻ ആരും ഭയപ്പെടേണ്ട തില്ല കാരണം തിരുസഭയുടെ നിയമസംഹിതയിൽ ശ്രേഷ്ഠമാണ് കുമ്പസാര രഹസ്യം പാലിക്കുക എന്നത്. കുമ്പസാര രഹസ്യം അതിന്റെ പൂർണ്ണതയിൽ കാത്തുപാലിക്കുന്നതിൽ വിശ്വസ്തത യോടെ നിലകൊണ്ടതിന്റെപേരിൽ രാജാവിന്റെ ഉഗ്രകോപത്തിനി രയായി രക്തസാക്ഷിത്വം കൈവരിക്കേണ്ടിവന്ന വി. ജോൺ നെപ്പോമുസെൻ ആകട്ടെ ഈ മാസം പരിചയപ്പെടുന്ന വിശുദ്ധൻ. വിശുദ്ധന്റെ തരുനാൾ തിരുസഭയിൽ കൊണ്ടാടുന്ന ദിവസം മെയ് 16 നാണ്.

*പ്രവർത്തനം:* പരിശുദ്ധ അമ്മയുടെ മാതൃകയെ പിൻചെന്ന്കൊണ്ട് നമ്മുടെ സാന്നിദ്ധ്യം ആഗ്രഹിക്കുന്ന ഏതെങ്കിലും ബന്ധുക്കളെ യോ രോഗികളെയോ കൂട്ടുകാരെയോ സന്ദർശിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# യൂത്ത് മിനിസ്ട്രി

**1. അതിരൂപത യൂത്ത് മിനിസ്ട്രി ഫോർമേഷൻ ക്യാമ്പ് എമ്മാവൂസ്**

തൃശൂർ: അതിരൂപത യൂത്ത് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ കെസിവൈഎം, സിഎൽസി, ജീസസ് യൂത്ത് അതിരൂപത ഭാരവാഹികൾക്കായി താമസിച്ചു കൊണ്ടുള്ള ഫോർമേഷൻ ക്യാമ്പ് പുല്ലഴി ക്രിസ്റ്റീന ഹോമിൽവച്ച് സംഘടിപ്പിച്ചു. അതിരൂപത യൂത്ത് മിനിസ്ട്രി ടീമിലെ വൈദികരും ഫാ. രാജു അക്കരയും ക്യാമ്പിന് നേതൃത്വം നൽകി. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ബ്ഷപ് മാർ ടോണി നീലങ്കാവിൽ എന്നിവർ സന്ദർശിച്ച് സന്ദേശം നൽകി.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

**1. പിതൃദിനാഘോഷം**

19.03.2022 മദ്യവിരുദ്ധസമിതി ഇദംപ്രഥമമായി വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ പിതൃദിനമായി ആചരിച്ചു. ഒല്ലൂക്കര സെന്റ് ജോസഫ് ദൈവാലയത്തിൽ രാവിലെ 6.30 ന് ഇടവക വികാരിയും ലൂർദ്ദ് ഫൊറോന പ്രൊമോട്ടറുമായ ബഹു. ഫാ. ഫ്ളെർജിൻ തയ്യാലയ്ക്കൽ ദിവ്യബലിയർപ്പിച്ച് ദിനാചരണത്തിന് തുടക്കം കുറിച്ചു. അതിരൂപത ഭാരവാഹികൾ വി. കുർബാനയിൽ സന്നിഹിതരായി. തുടർന്ന് 7.30 ന് അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അതിരൂപത ഡയറക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരനാണ് ഉദ്ഘാടനം ചെയ്തത്. ബഹു. ഫാ. ഫ്ളെർജിൻ തയ്യാലയ്ക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. യോഗത്തിന് ലൂർദ്ദ് ഫൊറോന പ്രസിഡന്റ്

ടി.വി. തോമസ് സ്വാഗതം പറഞ്ഞു; അതിരൂപത സെക്രട്ടറി ടി.എസ്. അബ്രാഹം കൃതജ്ഞതയും. അതിരൂപത ഭാരവാഹികളായ ടി.ടി. കൊച്ചു വർക്കി, ഐ.ജെ. സിജോ, വി.ഐ. ജോസ് എന്നിവരും വിവിധ ഫൊറോ നകളിൽ നിന്നും യൂണിറ്റുകളിൽ നിന്നുമുള്ള പ്രതിനിധികളും സംബ ന്ധിച്ചു.

**2. മദ്യവിരുദ്ധ ഞായർ ആചരണം**

20.03.2022 കെ.സി.ബി.സി. മദ്യവിരുദ്ധ സംസ്ഥാന സമിതിയുടെ ആഹ്വാനമനുസരിച്ച് മാർച്ച് 20–ാം തീയതി സംസ്ഥാന വ്യാപകമായി മദ്യവിരുദ്ധ ഞായർ ആചരിച്ചു. തൃശൂർ അതിരൂപതയും വിപുലമായ പരിപാടികളോടെ ഈ ദിവസം ആചരിക്കുകയുണ്ടായി. അതിരൂപത ഡയ രക്ടറച്ചൻ മുളയം സെന്റ് പാട്രിക് ദൈവാലയത്തിൽ ദിവ്യബലിയർപ്പി ക്കുകയും തുടർന്ന് അതിരൂപത പ്രസിഡന്റും ചേർന്ന് നിലവിളക്ക് തെളി യിച്ചുകൊണ്ട് ആചരണത്തിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു. കുർബാന മധ്യേ മദ്യവിരുദ്ധ ഞായറിന്റെ ഇടയലേഖനം വായിച്ച് വചനസന്ദേശം നൽകി. ദിനാചരണത്തിന്റെ ഭാഗമായി ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തതും അച്ചനാണ്.

പാലക്കൽ ഇടവകയിലേയും തൈക്കാട്ടുശ്ശേരി ഇടവകയിലേയും മദ്യവിരുദ്ധ ഞായർ ആചരണത്തിന് അതിരൂപത ഡയറക്ടറച്ചൻ കാർമ്മി കത്വം വഹിച്ചു.

മുക്കാട്ടുകര ഇടവകയിൽ മുളയം ഇടവക വികാരി ബഹു. ഫാ. സിജോൺ കുഴിക്കാട്ടുമാലിൽ ദിനാചരണത്തിന്റെ കാർമ്മികത്വം വഹിച്ച് ദിവ്യബലിയർപ്പിക്കുകയും ലഹരിയുടെ വിനാശകരമായ വിപത്തു കളെക്കുറിച്ച് ക്ലാസ് നയിക്കുകയും ചെയ്തു. പതാക ഉയർത്തുന്നതിനും ലഹരി വിരുദ്ധ പ്രതിജ്ഞ പുതുക്കുന്നതിനും അച്ചൻ നേതൃത്വം നൽകി. മിക്കവാറും എല്ലാ ഇടവകകളിലും മദ്യവിരുദ്ധ ഞായറിന്റെ ഇടയലേ ഖനം വികാരിമാർ വായിക്കുകയുണ്ടായി. പാലക്കൽ, തൈക്കാട്ടുശ്ശേരി, മുളയം, വടക്കാഞ്ചേരി, ഒല്ലൂർ, പുറനാട്ടുകര, കുമ്പളങ്ങാട്, ചേർപ്പ്, കോട ന്നൂർ, മുക്കാട്ടുകര, സ്നേഹപുരം, കുരിയച്ചിറ, മരത്താക്കര, തലക്കോട്ടുക ര, എരനെല്ലൂർ, സരിതപുരം, തലോർ, വലപ്പാട്, ചേറൂർ, പൊങ്ങണം കാട്... തുടങ്ങി ഒട്ടുമിക്ക മദ്യവിരുദ്ധ യൂണിറ്റുകളിലും അച്ചന്മാരുടെ നേതൃത്വത്തിൽ പതാക ഉയർത്തൽ, സർക്കുലർ വായിക്കൽ, പ്രതിജ്ഞ പുതുക്കൽ തുടങ്ങിയ ചടങ്ങുകൾ അരങ്ങേറി.

**3. 'ജനസ്വരം' സി.ഡി.യുടെ സമർപ്പണം**

സമൂഹത്തിലെ പല മേഖലകളിലും നാനാജാതികളിലുമുള്ള മഹദ് വ്യക്തികളായ ആൻഡ്രൂസ് താഴത്ത് പിതാവ്, ശ്രീ. ചിത്രൻ നമ്പൂ

തിരിപ്പാട്, സന്യാസിവര്യർ, ഉസ്താദ് മുഹമ്മദ് ഫൈസി ഓണംപിള്ളി, ബഹു. പുരോഹിതർ, ബഹു. സിസ്റ്റേഴ്സ്, പൊതുരംഗത്തും സാമൂഹ്യ – മാധ്യമ രംഗത്തും പ്രവർത്തിക്കുന്നവർ എന്നിവരെയെല്ലാം ഉൾപ്പെടുത്തി 40 ൽ പരം പ്രശസ്തരുടെ, സർക്കാരിന്റെ പുതുക്കിയ മദ്യനയത്തിനെപ്പറ്റിയുള്ള പ്രതികരണങ്ങൾ ശേഖരിച്ചു. വീഡിയോ രൂപത്തിലുള്ള അഭിപ്രായങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ സി.ഡി. – *ജനസ്വരം* – തൃശൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് അദ്ദേഹത്തിന്റെ ഓഫീസീൽ വച്ച് ഡയറക്ടറച്ചനും അതിരൂപത ഭാരവാഹികളും ചേർന്ന് കൈമാറി. *ജനസ്വരം* സി.ഡി.യുടെ ഒരു കോപ്പി തിരുവനന്തപുരത്തുള്ള എക്സൈസ് കമ്മീഷണർക്കും കൊറിയറായി അയച്ചുകൊടുത്തിട്ടുണ്ട്.

**4. സംസ്ഥാന എക്സിക്യൂട്ടീവ് സമ്മേളനം**

22.03.22 ന് പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് ചേർന്ന സംസ്ഥാന എക്സിക്യൂട്ടീവ് സമ്മേളനത്തിൽ ഡയരക്ടറച്ചനും അതിരൂപത പ്രസിഡന്റും സംബന്ധിച്ചു. 10.03.21 മുതൽ 20.03.22 വരെയുള്ള തൃശൂർ അതിരൂപത മദ്യവിരുദ്ധസമിതിയുടെ പ്രവർത്തന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ സമർപ്പിച്ചു.

**5. കോർ കമ്മിറ്റി / എക്സിക്യൂട്ടീവ് മീറ്റിങ്ങ്**

27.03.22 ന് അതിരൂപത ഓഫീസിൽ വച്ച് ഡയരക്ടറച്ചന്റെ നേതൃത്വത്തിൽ അതിരൂപത പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവ് യോഗം കൂടി. കഴിഞ്ഞ ഒരു മാസത്തെ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി. മദ്യവിരുദ്ധ സമിതിയിൽ ഉണർവ്വ് ഉണ്ടാകേണ്ടതിന് പുതുതായി അംഗങ്ങളെ ചേർക്കണമെന്നും പുതിയ യൂണിറ്റുകൾ സ്ഥാപിക്കണമെന്നും തീരുമാനിച്ചു. വാർഷിക കർമ്മ പദ്ധതി പ്രകാരം ഈ മാസത്തിൽ നടപ്പാക്കേണ്ട പദ്ധതികളെ ക്രമപ്പെടുത്തി.

ഈസ്റ്റർ മദ്യവിരുദ്ധമാക്കണമെന്ന സന്ദേശം നൽകുന്നതിന് എല്ലാ യൂണിറ്റുകളിലും ബോധവൽക്കരണം നടത്തുവാൻ ധാരണ ഉണ്ടാക്കി. ഇതിന്റെ ഭാഗമായി ദു:ഖ ശനിയാഴ്ച (16.04.2022) ഡയരക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ വടക്കാഞ്ചേരി ഫൊറോന ദൈവാലയ അങ്കണത്തിൽ ഉപവാസമനുഷ്ഠിക്കുന്നതിന് തീരുമാനിച്ചു. സാധിക്കാവുന്ന പ്രവർത്തകർ അച്ചനോടൊപ്പം ഉപവാസമനുഷ്ഠിക്കാനും അച്ചൻ ആഹ്വാനം ചെയ്തു.

മെയ് 1, 2 തീയതികളിൽ നേതൃത്വ പരിശീലന സഹവാസ ക്യാമ്പ് സംഘടിപ്പിക്കുന്നതാണ്. അതിന്റെ കൺവീനറായി സെക്രട്ടറി ടി.എസ്. അബ്രാഹമിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

**6. കരിദിനാചരണം**

01.04.22 മദ്യലഭ്യത കുറച്ച് ഉപഭോഗം കുറക്കും എന്ന് പ്രഖ്യാപിച്ച് അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാർ അതിന് കടകവിരുദ്ധമായി ഏപ്രിൽ ഒന്നിന് പുതിയ മദ്യനയം പ്രഖ്യാപിച്ചു. അതിൽ പ്രതിഷേധിച്ച് മെയ് 1 മദ്യവിരുദ്ധ സമിതി കരിദിനമായി ആചരിക്കുകയും തൃശൂർ കളക്ട്രേറ്റിനു മുന്നിൽ പ്രതിഷേധ ധർണ്ണ നടത്തുകയും ചെയ്തു. ക്ലാര ടീച്ചറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ധർണ്ണയ്ക്ക് അതിരൂപത ഡയരക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗതവും ആമുഖപ്രഭാഷണവും നിർവ്വഹിച്ചു.

ഉദ്ഘാടനം ചെയ്തത് CBCI ലേബർ കമ്മീഷൻ മുൻ സെക്രട്ടറിയും കാത്തലിക് സെന്റർ ഡയരക്ടറുമായ ബഹു. ഫാ. ഡോ. ജോസ് വട്ടക്കുഴിയാണ്. ശ്രീ. സേവ്യർ പള്ളിപ്പാട്ട് മുഖ്യപ്രഭാഷണം നടത്തി. ശ്രീ. ഇ.എ. ജോസഫ് അനുബന്ധ പ്രഭാഷണം ചെയ്തു. ബഹു. ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ, ടി.വി. തോമസ്, റവ. സി. റോസ്‌ലിൻ, ടി. എസ്. അബ്രാഹം, എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. അതിരൂപത ഭാരവാഹികളും ഫൊറോനകളിൽ നിന്നും യൂണിറ്റുകളിൽ നിന്നുമുള്ള പ്രതിനിധികളും ചേർന്ന് ഇരുപതിലധികം പ്രവർത്തകർ ധർണ്ണയിൽ പങ്കെടുത്തു.

**7. പി.ഒ.സി.യിലെ ആലോചനായോഗം**

02.04.22 അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നോത്തിയോസ് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ എറണാകുളം പി.ഒ.സി.യിൽ വച്ച് മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ സമ്മേളനം കൂടി. ഈ യോഗത്തിൽ തൃശൂർ അതിരൂപത മദ്യവിരുദ്ധ സമിതിയെ പ്രതിനിധീകരിച്ച് ഡയരക്ടറച്ചനും സെക്രട്ടറിയും പങ്കെടുത്തു. വിവിധ പ്രസ്ഥാനങ്ങളുടെ പ്രതിനിധികളായി പി.ഒ.സി. ഡയരക്ടർ ബഹു. ഫാ. ജേക്കബ് പാലക്കപ്പിള്ളി, ഇയ്യാച്ചേരി കുഞ്ഞിക്കൃഷ്ണൻ തുടങ്ങി അനേകം പ്രമുഖർ ഈ സമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായി.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# ലോഫ്

**(ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്)**

**1. കുടുംബോത്സവം 2022 – സംഘാടക സമിതി രൂപീകരിച്ചു**

കുടുംബവർഷ സമാപനത്തോടനുബന്ധിച്ച് റോമിൽ വച്ച് നടക്കുന്ന ലോക കുടുംബസംഗമത്തിന്റെ പ്രാദേശിക പതിപ്പായി കുടുംബസംഗമങ്ങൾ സംഘടിപ്പിക്കാനുള്ള ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം തൃശ്ശൂർ അതിരൂപത ഡി ബിസിഎൽസി യിൽ വെച്ച് മെയ് 15 ന് കുടുംബോത്സവം–2022 എന്ന പേരിൽ കുടുംബസംഗമവും, അതിന് മുന്നോടിയായി അഖിലകേരള അടിസ്ഥാനത്തിൽ മെയ് 13, 14 തിയതികളിൽ കുടുംബപഠനശിബിരം *LUX DOMUS - 2022* എന്നിവ സംഘടിപ്പിക്കുന്നു. ഇവയുടെ പ്രവർത്തനങ്ങൾക്കായി വിപുലമായ സംഘാടകസമിതി രൂപീകരിച്ചു.

ഏപ്രിൽ 2 ന് തൃശ്ശൂർ അതിരൂപതാ ആസ്ഥാനത്ത് മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച യോഗത്തിൽ വെച്ചാണ് സംഘാടകസമിതി രൂപീകരിച്ചത്. കുടുംബോത്സവം 2022 ന്റെ തീം സോങ്ങ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പ്രകാശനം ചെയ്തു. യോഗത്തിൽ പങ്കെടുത്ത് സംസാരിച്ച അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് മിഷൻ പ്രദേശങ്ങളിൽ കുടുംബങ്ങൾ നേരിടുന്ന പ്രതിസന്ധികളെ കുറിച്ച് വിവരിച്ചു. ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ് പ്രസിഡണ്ട് ദമ്പതികളിലെ ഡോ. ടോണി ജോസഫ് സ്വാഗതവും, സെക്രട്ടറി ദമ്പതികളിലെ ഡോ. ജോർജ് ലിയോൺസ് വിഷയാവതരണവും നടത്തി. ലോഫ് ഡയറക്ടർ റവ. ഡോ. ഫ്രാൻസീസ് ആളൂർ സംഘാടക സമിതി രൂപീകരണ നടപടിക്രമങ്ങൾ പൂർത്തിയാക്കി. ശ്രീ ബ്രിസ്റ്റോ യോഗത്തിൽ പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തി. മാർ ആൻഡ്രൂസ് താഴത്ത് ചീഫ് പേട്രനായും, മാർ ടോണി നീലങ്കാവിൽ, മാർ ജേക്കബ് തൂങ്കുഴി എന്നിവർ പേട്രൻമാരായും വികാരി ജനറാൾമാർ, ഡയറക്ടർമാർ, രൂപതയിലെ വിവിധ സംഘടനാ പ്രതിനിധികൾ എന്നിവർ ഉൾപ്പെടെ വിശാലമായ സംഘാടക സമിതി രൂപീകരിച്ചു.

**ഡോ. ടോണി & ഡോ. സുനി**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# KCSL

**1. മെമ്പർഷിപ്പ്, കൂപ്പൺ, ബൊക്കെ വിതരണം**

2022–23 അദ്ധ്യയനവർഷം പതിവുപോലെ മെമ്പർഷിപ്പ്, കൂപ്പൺ, ബൊക്കെ എന്നിവ വിതരണം ചെയ്യാനാകുമെന്ന് കരുതുന്നു. മെമ്പർഷിപ്പ് ഒരു വിദ്യാർത്ഥിക്ക് 10 രൂപ വച്ച് മുൻ വർഷങ്ങളിലേതുപോലെ തന്നെയായിരിക്കും. ബൊക്കെ ഓൺലൈനായാണ് വിതരണം ചെയ്യുന്നത്. എല്ലാ അംഗങ്ങൾക്കും തികച്ചും സൗജന്യമായിരിക്കും. കൂപ്പൺ പദ്ധതിയുടെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**2. പ്രവർത്തനോദ്ഘാടനവും ചാരിറ്റി കിറ്റ് വിതരണവും**

KCSL അതിരൂപത 2022–23 അദ്ധ്യയനവർഷത്തെ പ്രവർത്തനോദ്ഘാടനവും ആനിമേറ്റേഴ്സ് സംഗമവും ചാരിറ്റി കിറ്റ് വിതരണവും 2022 ജൂൺ 24ന് നടത്താൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും. 100 മെമ്പർഷിപ്പിന് ഒരു ചാരിറ്റി കിറ്റ് എന്ന രീതിയിലാണ് കിറ്റ് വിതരണം. ഇതിനായി ജൂൺ 10 മുൻപ് മെമ്പർഷിപ്പ് തുക അടച്ചു തീർക്കുന്ന സ്കൂളുകളിൽ നിന്നാണ് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുക.

**3. ശതാബ്ദി സ്മരണിക**

KCSL അതിരൂപത ശതാബ്ദിയോടനുബന്ധിച്ച് പുറത്തിറക്കുന്ന ശതാബ്ദി സ്മരണിക ഈ വർഷം പ്രകാശനം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കോവിഡ് പ്രതിസന്ധി കാരണമാണ് പ്രവർത്തനങ്ങൾ വൈകിയത്. ഇതിലേക്ക് പരസ്യങ്ങൾ തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (എല്ലാ KCSL യൂണിറ്റുകളും നിർബന്ധമായും ഒരു പരസ്യമെങ്കിലും നൽകുക) പരസ്യനിരക്കുകൾ ബ്ലോഗിലും Whatsapp ലും നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക് വർഗീസ് ആന്റണി മാസ്റ്ററെ വിളിക്കുക. (9847708882)

**4. ബൊക്കെ മാസികയ്ക്ക് പുതിയ സാരഥി**

KCSL അതിരൂപത മുഖപത്രമായ ബൊക്കെയുടെ പുതിയ എഡിറ്ററായി ജോവൽ മാസ്റ്റർ ചുമതലയേറ്റു. വിദ്യാർത്ഥികളുടെ രചനകൾ ഉൾക്കൊള്ളുന്ന ബൊക്കെ ത്രൈമാസിക ഡിജിറ്റലായാണ് പുറത്തിറങ്ങുന്നത്. വിദ്യാർത്ഥികളുടെ രചനകൾ ആനിമേറ്റർമാർ ശേഖരിച്ച്

ജോവൽമാസ്റ്ററെ ഏല്പിക്കുക. (9446013033)

കഴിഞ്ഞ നാല് വർഷക്കാലം ബൊക്കെ മാസികയുടെ എഡിറ്ററായിരുന്ന ജോസഫ് മാസ്റ്റർക്ക് സ്നേഹത്തോടെ നന്ദി പറയുന്നു.

**ഫാ. ജോയ് അടമ്പുകുളം**
*ഡയറക്ടർ*

**1. ശ്രീ മാത്യു ഉലകംതറ അനുസ്മരണം നടത്തി**

തൃശ്ശൂർ കലാസദൻ സുവർണജൂബിലി പ്രമാണിച്ച് പ്രമുഖ കലാ സാഹിത്യ പ്രതിഭകളെ അനുസ്മരിക്കുന്നതിന്റെ ഭാഗമായി 2022 ഫെബ്രുവരി 25–ാം തിയതി അന്തരിച്ച പ്രശസ്ത സാഹിത്യകാരൻ ശ്രീ മാത്യു ഉലകംതറയുടെ അനുസ്മരണ സമ്മേളനം നടത്തി. 2022 മാർച്ച് 16 –ാം തിയതി കലാസദൻ ഓഫീസിൽ വച്ചായിരുന്നു സമ്മേളനം. കലാസദൻ പ്രസിഡൻറ് ഡോക്ടർ ഇഗ്നേഷ്യസ് ആൻറണി അധ്യക്ഷതവഹിച്ച സമ്മേളനം പ്രൊഫസർ ശ്രീ വി. പി ജോൺ ഉദ്ഘാടനം ചെയ്തു. കലാസദൻ വൈസ് പ്രസിഡണ്ട് ശ്രീ ബേബി മൂക്കൻ, സാഹിത്യ വിഭാഗം കൺവീനർ ശ്രീ ഫ്രാങ്കോ ലൂവിസ് തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു.

**2. ശ്രീമതി കെ. പി. എ. സി ലളിത അനുസ്മരണം നടത്തി**

തൃശ്ശൂർ കലാസദൻ സുവർണജൂബിലി പ്രമാണിച്ച് പ്രമുഖ കലാ സാഹിത്യ പ്രതിഭകളെ അനുസ്മരിക്കുന്നതിന്റെ ഭാഗമായി 2022 ഫെബ്രുവരി 22–ാം തിയതി അന്തരിച്ച പ്രശസ്ത കലാകാരി ശ്രീമതി കെ. പി. എ. സി ലളിത അനുസ്മരണം നടത്തി . 2022 മാർച്ച് 16 –ാം തിയതി കലാസദൻ ഓഫീസിൽ വച്ചായിരുന്നു സമ്മേളനം. കലാസദൻ പ്രസിഡൻറ് ഡോക്ടർ ഇഗ്നേഷ്യസ് ആൻറണി അധ്യക്ഷതവഹിച്ച സമ്മേളനം പ്രശസ്ത സിനിമ, സീരിയൽ ആർട്ടിസ്റ്റ് ശ്രീമതി മഞ്ജു ഷിബു ഉദ്ഘാടനം ചെയ്തു. കലാസദൻ സെക്രട്ടറി ഫാദർ ഫിജോ ആലപ്പാടൻ, സാഹിത്യ വിഭാഗം കൺവീനർ ശ്രീ ഫ്രാങ്കോയുടെ

ലൂവീസ്, വൈസ് പ്രസിഡണ്ട് ശ്രീ ബേബി മൂക്കൻ, സംഗീത വിഭാഗം ശ്രീ ജേക്കബ് ചെങ്ങലായി, ശ്രീ തോമസ് കൊള്ളന്നൂർ എന്നിവർ സംസാരിച്ചു.

**3. അർണോസ് പാതിരി ചരമ വാർഷികം ആഘോഷിച്ചു**

തൃശ്ശൂർ കലാസദൻ സുവർണജൂബിലി പ്രമാണിച്ച് പ്രമുഖ കലാ സാഹിത്യ പ്രതിഭകളെ അനുസ്മരിക്കുന്നതിന്റെ ഭാഗമായി പ്രശസ്ത സാഹിത്യകാരൻ അർണോസ് പാതിരിയുടെ 290–ാം ചരമ വാർഷികം ആഘോഷിച്ചു. 2022 മാർച്ച് 22–ാം തീയതി ഒളരിക്കര നവജ്യോതി ബി. എഡ് കോളേജിൽ വച്ചായിരുന്നു സമ്മേളനം. കോളേജ് പ്രിൻസിപ്പൽ ഡോക്ടർ സിസ്റ്റർ ജിജി പോൾ (ആൻ കരോളിൻ) അധ്യക്ഷതവഹിച്ച യോഗം അർണോസ് അക്കാദമി ഡയറക്ടർ ഫാ. ഡോക്ടർ ജോർജ്ജ് തേനാടികുളം എസ്. ജെ ഉദ്ഘാടനം ചെയ്തു. അർണോസ് ഫോറം പ്രസിഡണ്ട് ഡോക്ടർ ജോർജ്ജ് അലക്സ് മുഖ്യപ്രഭാഷണം നടത്തി കലാസദൻ പ്രസിഡൻറ് ഡോക്ടർ ഇഗ്നീഷ്യസ് ആന്റണി, വൈസ് പ്രസിഡണ്ട് ശ്രീ ബേബി മൂക്കൻ, സാഹിത്യ വിഭാഗം കൺവീനർ ശ്രീ ഫ്രാങ്കോ ലൂവിസ് എന്നിവർ സംസാരിച്ചു..

**ഡോ. ഇഗ്നേഷ്യസ് ആന്റണി**
പ്രസിഡണ്ട്

**ഫാ. ഫിജോ ആലപ്പാടൻ**
സെക്രട്ടറി

# ജീസസ് യൂത്ത്

**1. എൽ.ജി.പി.**

കേരള ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന എൽ .ജി.പി. (ലീഡേഴ്സ് ഗ്രൂമിങ് പ്രൊജക്റ്റ്)ന്റെ മോഡ്യൂൾ 1ന്റെ ഗാദറിങ്ങ് മാർച്ച് 26, 27 ദിവസങ്ങളിൽ ചേറൂർ ആബാ റിന്യുവൽ സെന്ററിൽ വച്ചു നടന്നു. തൃശ്ശൂർ ജീസസ് യൂത്ത് ഡയറക്ടർ ഫാ. ബാസ്റ്റ്യൻ പുന്നോലി പ്പറമ്പിൽ, തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ ഫാ. ഷാജൻ തേർമഠം, ഫിബിൻ പി. പി. എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. 40 പേരോളം പങ്കെടുത്തു. അടുത്ത ഗാദറിങ്ങ് മെയ് 28, 29 തിയതികളി ൽ നടത്തപെടുന്നു.

**2. പരീക്ഷ ഒരുക്ക പ്രാർത്ഥന**

പരീക്ഷകൾക്കായി ഒരുങ്ങിക്കൊ ിരിക്കുന്ന വിദ്യാർത്ഥികളെ പ രിശുദ്ധത്മാവിന്റെ കൃപയാൽ നിറച്ച് അവരെ പരീക്ഷകൾക്കായി ഒരു ക്കുക എന്ന ലക്ഷ്യത്തോടെ മാർച്ച് മാസത്തിൽ വിവിധ ഇടവകകളിൽ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക പ്രാർത്ഥന നട ത്തി. ആരാധനയും പഠനസാമഗ്രികളുടെ വെഞ്ചിരിപ്പും ആശീർവാദ വും ഉണ്ടായിരുന്നു.

**3. നാഗാലാന്റ് മിഷൻ**

സുവിശേഷവൽക്കരണത്തിന്റെ ആവശ്യകതയും പ്രാധാന്യവും മനസ്സിലാക്കികൊണ്ട് ഒരു മാസത്തെ മിഷൻ പ്രവർത്തനങ്ങൾക്കായി 2 ജീസസ് യൂത്ത് കുടുംബങ്ങൾ നാഗാലാൻറ്റിലേക്കു 24/3/2022 ന് യാ ത്രയായി. തൃശ്ശൂർ സോണിൽനിന്നും എരുമപ്പെട്ടി ഇടവകാംഗം ഫ്രേണ്ട്സ് കെ. വി., ഡെയ്സി ഫ്രേണ്ട്സ് ദമ്പതികളും, മുണ്ടൂർ ഇടവകാംഗം സിജോ ഔസേപ്പ്, ജിൻസി സിജോ ദമ്പതികളും, ഇരുവരുടെ മക്കളും ആണ് ഇ നിയും ഈശോയെ അറിയാത്ത അനേകരിലേക്ക് സുവിശേഷം പകർ ന്നുകൊടുക്കുവാനായി പോയിരിക്കുന്നത്.

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

# പാസ്റ്ററൽ കൗൺസിൽ യോഗം

**പതിനെട്ടാം പാസ്റ്ററൽ കൗൺസിൽ രണ്ടാം യോഗ റിപ്പോർട്ട്**

തൃശ്ശൂർ അതിരൂപതയിലെ 18–ാം പാസ്റ്റൽ കൗൺസിൽ രണ്ടാം യോഗം 2022 മാർച്ച് 12 രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 4 വരെ ഡി. ബി. സി. എൽ. സി. യിൽ നടന്നു. 9:30ന് രജിസ്ട്രേഷൻ ആരംഭിച്ചു. ചാരിറ്റി സന്യാസസമൂഹത്തിന്റെ മദർ ജനറൽ പെ. ബഹു. സി. റിൻസിയും ആരാധനാസമൂഹത്തിന്റെ പ്രൊവിൻഷ്യൽ പെ. ബഹു. സോഫിയും ചേർന്ന് നയിച്ച പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. അഭ്യവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഏവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ വിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. തുടർന്ന് ജോ. സെക്രട്ടറി എൻ. പി. ജാക്സൺ ഉദ്ഘാടനയോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി ഫാ. ഡൊമിനിക് തലക്കോടൻ ആമുഖസന്ദേശം നൽകി.

സിനഡാത്മകതയെ കുറിച്ച് പെ. ബഹു. ജെയ്സൻ കൂനംപ്ലാക്കൽ, ബഹു. സൈജോ തൈക്കാട്ടിൽ എന്നിവർ ക്ലാസ്സ് നയിച്ചു. ശേഷം 10 ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തി. ഉച്ചഭക്ഷണത്തിനു ശേഷം ഗ്രൂപ്പ് സെക്രട്ടറിമാർ ചുരുങ്ങിയ വാക്കുകളിൽ അതിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. പൊതുചർച്ചയ്ക്കും ശൂന്യവേളക്കും ശേഷം മോൺ. ജോസ് വല്ലൂരാൻ അറിയിപ്പുകൾ നൽകി. തുടർന്ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അധ്യക്ഷപ്രസംഗം നടത്തി. പ്രതിസന്ധിഘട്ടങ്ങളിലും അത്മായർ ഐക്യത്തോടെ സഭയോടൊപ്പം ആയിരുന്നതിൽ പ്രത്യേകം അഭിനന്ദിച്ചു. ഏപ്രിൽ 3ന് നടക്കാനിരിക്കുന്ന പാലയൂർ മഹാതീർത്ഥാടനം, സിനഡാത്മകത എന്നിവയെ കുറിച്ചും അഭിവന്ദ്യപിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ പരാമർശിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന ഏവർക്കും നന്ദി പറഞ്ഞു. സമാപനപ്രാർത്ഥനക്കുശേഷം അഭിവന്ദ്യപിതാവിന്റെ ആശീർവാദത്തോടെ നാല് മണിക്ക് യോഗം അവസാനിച്ചു.



**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി

# മെത്രാഭിഷേക
# സുവർണ്ണ ജൂബിലി

**അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ
മെത്രാഭിഷേക സുവർണ്ണ ജൂബിലിയാഘോഷത്തിന്റെ
അതിരൂപതാതലത്തിലുള്ള ഉദ്ഘാടനം
2022 മെയ് 20ന് വേലൂരിൽ വച്ച്
(അതിരൂപതാദിനത്തിൽ) നടത്തപ്പെടുന്നു.**

**ലോകസൃഷ്ടിമുതൽ
ദൈവത്തിൻെറ അദൃശ്യപ്രകൃതി,
അതായത് അവിടുത്തെ
അനന്തശക്തിയും ദൈവത്വവും,
സൃഷ്ടവസ്തുക്കളിലൂടെ
സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്.**

*റോമാ 1 : 20*











**25-ാം മത് പാലയൂർ തീർത്ഥാടനവഴികളിലൂടെ**

(03-04-2022)

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.04.2022
**May- 2022**

## മെത്രാഭിഷേക വാർഷികത്തിന്റെ പ്രാർത്ഥനാശംസകൾ



**മാർ ജേക്കബ് തൂങ്കുഴി**
**(സുവർണ്ണജൂബിലി വർഷത്തിൽ : 1973-2022)**



**മാർ ആൻഡ്രൂസ് താഴത്ത്**
**(2004-2022)**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor